ദി ഗ്രേററ് ട്രയൽ

സംവാദം

റുഡോൾഫ് ബാരോ ○ ബെർതോൾട് ബ്രഹററ്
ഭാസുരേന്ദ്രബാബു ○ ഗോപാൽ ○ സുരേഷ്
പി. സി. ജോസി ○ വിജയകുമാർ

സംവാദം

(ബുള്ളററിൻ നമ്പർ-1)

1982 ഫെബ്രുവരി

□ പാപത്തിൻെറ കത്തികൾ

—സംവാദം സമിതി

□ നാം മനസാക്ഷിയുടെ വിചാരണതടവുകാർ

—ഭാസുരേന്ദ്രബാബു

□ പോളണ്ട്—ആത്മാവ് തേടുന്ന വരുടെ ഊഷരഭൂമി

—സംവാദം സമിതി

□ എവിടെ വാഗ്ദത്തഭൂമി

—റുഡോൾഫ് ബാരോ

□ സ്വതന്ത്രമായ വാക്കുകളെ ഭയപ്പെടരുത്

—പി. സി. ജോസി

□ രാജ്യം പണയത്തിൻമേൽ പണം കടംകൊടുക്കപ്പെടും

—ഗോപാൽ

□ പിടിക്കപ്പെട്ട 'സംപൂജ്യരും' ശേഷം ബുജികളും

—വിജയകുമാർ

കവിത

ജനങ്ങൾ തെററുപററാത്തവരാണോ —ബെർതോൾട് ബ്രഹ്ററ്

—വിവ: സച്ചിദാനന്ദൻ

അഹല്യ —സുരേഷ്

എഡിററർ: ഭാസുരേന്ദ്രബാബു

ചിത്രങ്ങളും ലേഔട്ടും: രവി

അന്വേഷണങ്ങൾക്ക്

എഡിററർ

സംവാദം

ആലപ്പുഴ-6

സംവാദം ആദ്യപതിപ്പിതാ,

ഒരു പ്രത്യേകസാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് സംവാദം പ്രസിദ്ധീകരിക്കുന്നത്. ഉത്തരം കിട്ടാത്ത അസംഖ്യം പ്രശ്നങ്ങൾ അലട്ടുന്ന സമയത്ത് ഒരാൾക്കാരംഭിക്കാവുന്ന സ്വഭാഷണത്തിൽ നിന്നാണ് ശരിയായ സംവാദം ഉരുത്തിരിയുന്നത്. ആയിരക്കണക്കിന് ആളുകൾ ഒന്നിച്ച് വിളിച്ചോതുന്ന വിരുദ്ധാഭിപ്രായങ്ങൾ ഒരു ശബ്ദകോലാഹലം മാത്രമേ സൃഷ്ടിക്കുകയുള്ളൂ. ആ സംഭീതമായ ശബ്ദകലവിയിൽ സാന്ദ്രവും സ്പഷ്ടവുമായ ഏകാന്തശബ്ദങ്ങൾ അകാലചരമമടഞ്ഞേക്കാം. സ്വയം കണ്ടെത്താനാവാത്ത ഒരു സമൂഹത്തിൽനിന്ന് ആരോഗ്യകരമായ ഒന്നും പ്രതീക്ഷിക്കരുത്. നാമിന്ന് ആരോഗ്യമില്ലാത്ത ഒരു സമൂഹമാണ്.

കാപട്യവും ദുരയും അഹന്തയും അനീതിയും കൊണ്ട് നിൽക്കുന്ന നിലം ചുട്ടുപൊള്ളുമ്പോഴും സ്വന്തം നിഴൽപ്പാടിൽ ഒരു ശീതളച്ഛവി തിരയാൻ നാം വൃഥാ ശ്രമിക്കുന്നു. വന്നുപോകുന്ന ദർശനനേതൃത്വങ്ങൾക്കു പിമ്പേ മോക്ഷംതേടുന്ന തീർത്ഥാടകരെപ്പോലെ നാം അലയുന്നു. ഒടുവിൽ പിണഞ്ഞ അമളിയോർത്ത് ഉൾവലിയുകയും ചെയ്യുന്നു.

സാമൂഹ്യമാറ്റത്തിന്റെ ധാരാളം പ്രവാചകർ നമ്മുടെ മുന്നിലൂടെ കടന്നു പോയിട്ടുണ്ട്. വായനക്കാരാ, എന്നെങ്കിലും ഒരിക്കൽ ഏതെങ്കിലും ഒരു പ്രസ്ഥാനം നിന്നേയും മോഹിപ്പിച്ചിരിക്കുകില്ലേ? വെളിച്ചത്തിലേക്കാവും എന്ന വിശ്വാസത്തിന്റെ തലനാരിഴയിൽ തൂങ്ങി നീയുമൊരിക്കൽ ഏതെങ്കിലും കൊടിക്കുപിന്നിൽ വെമ്പിക്കുതിച്ചിരിക്കില്ലേ? എവിടെയുമെത്താതെപോയ, പെയ്യാത്തവന്ധ്യമേഘങ്ങൾനിന്നിലുംവിങ്ങിനില്ക്കുന്നില്ലേ?

രാമരാജ്യത്തിന്റെ യഥാർത്ഥമുഖം കാണാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. ഉള്ളവന്റെയും ഇല്ലാത്തവന്റെയും കഥ നാറിയ പഴന്തുണിപോലെ പഴഞ്ചനായിരിക്കുന്നു. വാക്കുകളുടെ അപര്യാപ്തതകൊണ്ടാണ് മാറ്റത്തിന്റെ ചുഴലികൾ ഉയരാത്തതെന്ന് ആരും പറയുകയില്ല. അത്രമാത്രം വാക്കുകൾ—അർത്ഥമില്ലാത്ത വാക്കുകൾ—എല്ലാവരും പറഞ്ഞുകഴിഞ്ഞു.

അനീതിയുടെ മാരകവിഷജ്വരം ബാധിച്ചതാണ് നമ്മുടെ വർത്തമാനം. ഇവിടെ തൊഴിലെടുക്കുന്നവൻ തൊഴിലുടമയ്ക്കുവേണ്ടി വോട്ടുചെയ്യുന്നു; ദരിദ്രനാരായണനായ കൃഷിക്കാരൻ ഭൂസ്വാമിക്കുവേണ്ടിയും, ആദ്യജ്ഞാനത്തിന്റെ പെരുവിരൽ ദക്ഷിണനൽകിയ വിദ്യാർത്ഥി അദ്ധ്യാപകർ നടത്തുന്ന ട്യൂഷൻഷോപ്പിനുമുന്നിൽ ഉപഭോക്താവായി നില്ക്കുന്നു. കണ്ടില്ലെന്നും കേട്ടില്ലെന്നും നടിച്ച് പരസ്പരം കണ്ണിറുക്കി എല്ലാവരും കാലയാപനം ചെയ്യുന്നു.

അയൽക്കാരന്റെ ആതുരമായ മുറവിളികൾ അടച്ചിട്ട ജനാലക്കിപ്പുറം വരാതിരിക്കാൻ ഏവരും ശ്രദ്ധവെക്കുന്നു. ഏതൊരു പ്രതികരണവും അനാവശ്യമായ ബുദ്ധിമുട്ടുകളിലേക്കു നയിച്ചേക്കാമെന്ന ആശങ്ക എല്ലാവർക്കും രക്ഷാകവചമായിരിക്കുന്നു. കടുത്ത ഇല്ലായ്മ മാത്രമാണ് കൈമുതലായുള്ളത് എന്ന് അറിഞ്ഞിട്ടുകൂടി ഒരുപക്ഷേ അത് പങ്കുവെക്കേണ്ടിവരുമൊ എന്ന സംശയത്താൽ എല്ലാവരും എന്തെല്ലാമോ മറച്ചുവെക്കാൻ തത്രപ്പെടുന്നു.

ഓരോ വ്യക്തിയും ശേഷം സമൂഹവുമായുള്ള തന്റെ നാഭീനാളബന്ധത്തിന് വന്ധീകരണം ഏർപ്പെടുത്തി പാരിതോഷികങ്ങൾ വാങ്ങിയിരിക്കുന്നു. അടിച്ചമർത്തലിന് ശത്രു ഉപയോഗിക്കുന്ന ഒരായുധവും നമ്മുടെ ഈ നിർവികാരതയെക്കാൾ ക്രൂരമാണ് എന്ന് ഞങ്ങൾ കരുതുന്നില്ല.

കടംകൊണ്ട ജനാധിപത്യത്തിന്റെ പൊയ്മുഖം ഭരണക്കാർ ധരിച്ചിരിക്കുന്നു. ബയണറ്റിന്റെ മുനചൂണ്ടി കൃത്യവിലോപം കൂടാതെ നമ്മുടെ സമ്മതിദാനാവകാശം യഥേഷ്ടം പ്രയോഗിക്കാൻ അവർ നമുക്ക് സ്വാതന്ത്ര്യം തന്നിരിക്കുന്നു. ഇവിടെ വർഗ്ഗമേധാവിത്തത്തിനു മറനിൽക്കുകയാണ് ബാലറ്റുപെട്ടി എന്നത് ഒരു രഹസ്യമേയല്ല. സഹകരണാടിസ്ഥാനത്തിലുള്ള സോഷ്യലിസത്തിനും ബാലറ്റുപെട്ടികളിൽ അഭയംതേടിയ സാമൂഹ്യവിപ്ലവത്തിനും ആരേയും വിശ്വസിപ്പിക്കാനാവുന്നില്ല. എന്നിട്ടും അനാഥമായ കുഞ്ഞുങ്ങളെ തെരുവിന്റെ കാരുണ്യത്തിലേയ്ക്കു വിട്ടുകൊണ്ടുതന്നെ നമ്മുടെ വർഗ്ഗവിശകലനപ്രക്രിയ യഥാവിധി മുന്നേറുന്നു.

രാഷ്ട്രീയകമ്പോളത്തിൽ മുഴുവൻ സോഷ്യലിസത്തിന്റെ ലേബലൊട്ടിച്ച ചരക്കുകളാണ്. ഇസ്തിരിക്കിട്ട വാക്കുകളും പരിശീലിച്ചെടുത്ത അംഗവിക്ഷേപങ്ങളുമായി രാഷ്ട്രീയക്കാർ വെച്ചുവാണിഭക്കാരുടെ വേഷംകെട്ടിയിരിക്കുന്നു. വെറുതെ കാഴ്ചകണ്ടുനടക്കുന്ന ഒരു ജനതയും. കാരുണ്യപൂർവ്വമായ ഒരു നോട്ടം, സ്നേഹപൂർവ്വമായ ഒരു തലോടൽ, സഹിഷ്ണുതാപൂർവ്വമായ ഒരു സമീപനം എന്നിവ ആഗ്രഹിക്കുന്നവരുടെ നേരേ ആത്മാവുണങ്ങിയ 'ഡോഗ്മകൾ' വെച്ചുനീട്ടുന്നതു് മനുഷ്യത്വരഹിതമാണെന്നു് അങ്ങൾ കരുതുന്നു.

ദാരിദ്ര്യം കേവലം ഒരു സാമ്പത്തികഘടകമല്ല. ഒരു മർദ്ദിതജനത മുഴുവൻ അനുഭവിക്കുന്ന ആത്മശൈഥില്യമാണ്. തൊഴിലാളിവർഗ്ഗം കേവലം ജനനത്തിന്റെ ആനുകൂല്യം ലഭിക്കുന്ന ഒരക്കാഡമിക് സങ്കല്പമല്ല. പുത്തൻമൂല്യങ്ങളിലേക്കുണരുന്ന ഒരു സമൂഹത്തിന്റെ പ്രയാണലക്ഷ്യമാണ്. ബുദ്ധിജീവി പൂമുഖത്ത് വിശ്രമിക്കുന്ന കാരണവക്കസേരയല്ല. ലളിതജീവിതവും ഉയന്നചിന്തയും പ്രയോഗിക്കുന്ന കർമ്മനിരതയാണ്. വിപ്ലവം കേവലം ഒരു അങ്കപ്പുറപ്പാടുമല്ല. സാമൂഹ്യചിന്തയിലുളവാകുന്ന ഒരു കുതിപ്പാണ്.

ഊതിവീർപ്പിച്ച നാഗരികതയല്ല സംസ്ക്കാരം എന്ന് നാം മനസ്സിലാക്കുന്നു. അതിത്തിലംഘിക്കുന്ന കോൺക്രീററ് വനങ്ങൾ ലോകത്തിന്റെ നാട്ടിൻപുറങ്ങളെ കാർന്നുതിന്നുന്നു. സാമ്പത്തികവാദത്തിന്റെ പുകക്കറ എല്ലാത്തലങ്ങളിലും അന്തരീക്ഷമലിനീകരണം കൊണ്ടുവന്നിരിക്കുന്നു. നാട്ടിൻപുറങ്ങളിലെ പട്ടിണിപ്പാവങ്ങൾ സംഘം ചേരുന്നിടത്താണ് ഇന്ന് ജനാധിപത്യവീക്ഷണം വികസിച്ചിരിക്കുന്നതു്.

ചൂട് കൂടിക്കൂടി വരുന്ന പൊള്ളുന്നനിലത്തു് നാം ചവിട്ടിനില്ക്കുന്നു. കത്തുന്ന ആകാശത്തിനുകീഴിൽ കാൽച്ചുവട്ടിൽ പിണഞ്ഞുകിടക്കുന്ന നിഴലല്ലാതെ മറെറാന്നും നമുക്കില്ല. സ്വന്തം നിഴൽപ്പാടിൽ തണുപ്പുതിരയുന്നവരുണ്ട്; മുള്ളുകൾക്കിടയിൽ വിതച്ച വിത്തുകൾപോലെ അവ മുള്ളുകൾക്കൊപ്പം വളന്നിരിക്കുന്നു. സ്വന്തം നിഴലിനെത്തന്നെ ആട്ടിയോടിക്കാൻ ശ്രമിക്കുന്ന സിദ്ധാന്തദുർവാശിക്കാരുമുണ്ട്; പാറപ്പുറത്തു വിതച്ച വിത്തുകൾപോലെ അവ നിഷ്ഫലങ്ങളായിരിക്കുന്നു.

അടിത്തട്ടിലൂടെ രഹസ്യമായി മുന്നേറുന്ന രക്ഷകനെക്കുറിച്ചുള്ള ശുഭപ്രതീക്ഷ പാഴ്വചനമായിരിക്കുന്നു. നാട്ടിൻപുറങ്ങളിൽനിന്ന് എന്നെങ്കിലും ഉയന്നേക്കാവുന്ന ഒരു വെടിയൊച്ച വെറുങ്ങലിച്ച ഈ ഗ്രീഷ്മത്തെ തീ പിടിപ്പിച്ചുകൊള്ളുമെന്ന ആഗ്രഹങ്ങൾ മുഖംപൊത്തി വീണിരിക്കുന്നു.

നാമുണരണം.

ഈ മണ്ണിന്റെ ഉപ്പുതേടുന്ന ദണ്ഡിയാത്രകളിലേയ്ക്ക്, പുത്തൻ മാനവികതയുടെ താവളപ്രദേശങ്ങൾക്കായുള്ള ദീർഘപ്രയാണങ്ങളിലേയ്ക്ക്.

ഇത്രമാത്രം. ഇനി സംവാദം തുടങ്ങാം.

പാപത്തിൻെറ കത്തികൾ

ഈ ക്രിസ്തുമസ്സിനുമുൻപ്` ഒരു 'ജനകീയ'മന്ത്രിസഭ സ്വരുക്കൂട്ടുന്നതിൻെറ തിരക്കിലായിരുന്നു ജനാധിപത്യമുന്നണി. അക്കാര്യത്തിൽ അവർ വാക്കുപാലിക്കുകയും ചെയ്തു. മുഖ്യമന്ത്രി ഉൾപ്പെടെ എട്ടുമന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തുകൊണ്ടു് ഒരു പുതിയ മന്ത്രിസഭ ജന്മംകൊണ്ടു. അങ്ങിനെ ഒരു മന്ത്രിസഭയുടെ അഭാവത്തിൽ ജനകീയവികാരങ്ങൾ വേണ്ടുംവണ്ണം പ്രകാശിപ്പിക്കാൻ കഴിയാതിരുന്ന കേരളജനതയ്ക്കു് തല്ക്കാലികമായെങ്കിലും ഒന്നാശ്വസിക്കാം എന്നായിട്ടുണ്ടു്(!).

ഇപ്പോൾ മന്ത്രിയായിരിക്കുന്നവരിൽ ഭൂരിഭാഗവും ഈ അടുത്തകാലം വരെ പ്രതിപക്ഷത്തിരുന്നവരായിരുന്നു. അന്നു് ഭരണകക്ഷികളായിരുന്ന 'ഇടതുജനാധിപത്യമുന്നണി' മന്ത്രിസഭയെ തകിടംമറിക്കുന്നതിനു് കച്ചകെട്ടി ഇറങ്ങിയവരുമായിരുന്നു. സ്വാഭാവികമായ ചേരിത്തല്ലുകളിലേർപ്പെട്ടു് ആ മന്ത്രിസഭ തകർന്നുവീണപ്പോൾ പ്രസിഡണ്ടുഭരണം വന്നുവെങ്കിലും നിയമസഭനിലനിർത്തപ്പെട്ടു. ഈ സാഹചര്യത്തിലാണു് 'മന്ത്രിസഭയില്ലെങ്കിൽ പിന്നെ ജനങ്ങൾഎന്തു ചെയ്യും?' എന്ന വിളംബരവുമായി ജനാധിപത്യമുന്നണിക്കാർ വന്നതു്. അപഹാസ്യമെങ്കിലും, പ്രത്യേകിച്ചൊരു താല്പര്യവുമില്ലാത്ത സാധാരണക്കാരിൽ, നിരുപദ്രവകരമായ കൗതുകം ഉണർത്തുന്ന പ്രദർശനങ്ങൾ നമ്മുടെ തെരഞ്ഞെടുപ്പു രാഷ്ട്രീയക്കാർ അടിക്കടി അവതരിപ്പിക്കുന്നുണ്ടു്. ഇങ്ങനെയുള്ള ഒരു വിനോദപ്രദർശനത്തിൻെറ ഏററവും പുതിയ ഇനമാണു് ഈ മന്ത്രിസഭാ രൂപീകരണം എന്നു പറയാം.

മന്ത്രിസഭയില്ലെങ്കിൽ ശ്വാസംമുട്ടി മരിച്ചുപോകുന്ന ജനത കേരളത്തിൽ എവിടെയാണു് ഉള്ളതു്? ഏതാനും പാർട്ടിനേതാക്കന്മാർക്കും അവരുടെ ചുരുക്കം സിൽബന്തികൾക്കുമൊഴിച്ചാൽ മററാർക്കാണു് ഇതിലൊക്കെ താല്പര്യം ജനിക്കുക? ജനങ്ങളുടെ പേരിൽ അവതരിപ്പിച്ചാലേ അതു് ജനാധിപത്യമാകൂ എന്ന ആ പഴയ ധാരണ തന്നെയാണു് ഇന്നും മന്ത്രിമാരെ നയിക്കുന്നതു്. 'ഒരുപക്ഷേ എന്നെക്കുറിച്ചായിരിക്കുകയില്ല ഇവർ പറയുന്നതു്' എന്ന ധാരണ ഈ നേതാക്കളുടെ പ്രസ്താവന വായിച്ച ഒരോരുത്തർക്കും തോന്നിയിരിക്കണം. തന്നെ ഒഴിച്ചുനിർത്തി ശേഷം കേരളീയരുടെ അനാഥത്വത്തിനുമേൽ വേണമെങ്കിൽ ഇവർ ഒരു മന്ത്രിസഭ കെട്ടിയേല്പിച്ചുകൊള്ളട്ടെ എന്നും ഇവർ കരുതിയിരിക്കണം. വ്യക്തികളെന്നനിലയ്ക്കു് ഓരോരുത്തരും ഒരു മന്ത്രിസഭാ രൂപീകരണത്തിൻെറ കോമാളിവേഷം കെട്ടിനില്ക്കുന്നവരെക്കണ്ടു് ഉള്ളാലെ ചിരിച്ചിട്ടുമുണ്ടാവും. അങ്ങിനെ, 'നിങ്ങളുടെ അനാഥത്വം പരിഹരിക്കാൻ ഞങ്ങളിതാ മന്ത്രിമാരായിരിക്കുന്നു' എന്നു് നുണപറയുന്ന ജനപ്രതിനിധികളും 'ഞങ്ങളുടെ പേരിൽ നിങ്ങളിത്ര വിഷമിക്കേണ്ട' എന്നു് തമാശ പറയുന്ന ബഹുജനങ്ങളും—ഇതാണു് ഈ മന്ത്രിസഭാ രൂപീകരണത്തിനുശേഷം ഇവിടെ സംഭവിച്ചതു്.

ഇവിടെ പാർട്ടികളല്ല, മുന്നണികളാണുള്ളതു്. വിവിധഇനം വിഷസർപ്പങ്ങൾചേർന്നു് ഒരൊററപത്തിയെടുത്തു നിന്നതുപോലെ ഇവിടെ മുന്നണികൾക്കു പിന്നിൽ രാഷ്ട്രീയപാർട്ടികൾ ഒളിച്ചുകളിക്കുന്നു. ഇടതെന്നു വിശേഷിപ്പിച്ചാലും വലതെന്നു വിശേഷിപ്പിച്ചാലും ഇരു മുന്നണികളും ജനാധിപത്യത്തെക്കുറിച്ചു തന്നെയാണു് സംസാരിക്കുന്നതു്. ജനാധിപത്യത്തിൻെറ അടിസ്ഥാനപ്രമാണം ഭൂരിപക്ഷത്തിൻെറ ഹിതം നടപ്പാക്കുക എന്നതാണു്. ഏതു മുന്നണി വന്നുകൊള്ളട്ടെ, സാങ്കേതികമായിട്ടെങ്കിലും ഇവിടെ ഭൂരിപക്ഷത്തിൻെറ വികാരം അംഗീകരിക്കപ്പെടുന്നുണ്ടോ? കഴിഞ്ഞ തവണ എഴുപതു ശതമാനം പോളിംഗ് നടന്നു. ആകെയുള്ള സമ്മതിദായകരിൽ നാല്പതു ശതമാനത്തോളം ആളുകൾ വോട്ടുചെയ്തു സ്ഥാനാർത്ഥി വിജയിക്കുകയുംചെയ്തു. അപ്പോൾ ഒരു നിയോജകമണ്ഡലത്തിലെ മൊത്തം വോട്ടർമാരിൽ ഒരു ഭൂരിഭാഗം ജയിച്ചയാളെ പിന്തുണച്ചിട്ടില്ല. ആ അർത്ഥത്തിൽ ന്യൂനപക്ഷത്തിൻെറ പിന്തുണമാത്രമേ ഒരു നിയമസഭാ സാമാജികനുള്ളു. അങ്ങനെയുള്ള ന്യൂനപക്ഷക്കാർ ചേർന്നാലും ഒരു ഭൂരിപക്ഷമന്ത്രിസഭ ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു് ഇപ്പോൾ നിലവിലിരിക്കുന്ന മന്ത്രിസഭ ഭൂരിപക്ഷത്തിൻേറതാണോ ന്യൂനപക്ഷത്തിൻേറതാണോ എന്ന അന്വേഷണത്തിനു് വലിയ പ്രസക്തിയൊന്നുമില്ല. അതു് ഏതുപക്ഷത്തിൻെറ ആയാലും സങ്കേതികമായും രാഷ്ട്രീയമായും യഥാർത്ഥ ജനവികാരങ്ങളുടെ പ്രതിനിധിയല്ല എന്നതാണു് വസ്തുത.

എത്രയും എളുപ്പം മന്ത്രിയാകാനുള്ള രഹസ്യമോഹം ഉള്ളിലൊളിപ്പിച്ച നൂററിനാല്പത്തിയൊന്നുപേർക്കു് താമസിക്കാനുള്ള സൗകര്യമാണു് എം. എൽ. എ. ക്വാർട്ടേഴ്സിനുള്ളതു്. പ്രത്യയശാസ്ത്രത്തിൻെറ വൻമതിലുകൾ തങ്ങൾക്കിടയിലുണ്ടു് എന്നു് അവർ അവകാശപ്പെടുന്നുണ്ടെങ്കിലും ഒരേ തൂവലുള്ള പക്ഷികളെന്നപോലെ ഈ എം. എൽ. എ. മാർ ഒരുമിച്ചു് ഉണ്ണുകയും, ഉറങ്ങുകയും, വെടിപറഞ്ഞു് രസിക്കുകയും ചെയ്യുന്നുണ്ടു്. ഈ നൂററിനാല്പത്തിയൊന്നു പേരിൽ, അറുപത്തിഎട്ടുപേരുടെ പിന്തുണ മാത്രമേ പുതിയ മന്ത്രിസഭയ്ക്കു് ആദ്യമുണ്ടായിരുന്നുള്ളു. കണക്കിലെ ഒരു കളിക്കും ഇതൊരു ഭൂരിപക്ഷമാക്കി അവതരിപ്പിക്കാൻ കഴിയില്ല. എന്നാൽ സാധാരണക്കാരൻെറ എല്ലാ യുക്തികളും അവസാനിക്കുന്നിടത്തു നിന്നാണല്ലോ ജനപ്രതിനിധികളുടെ കുയുക്തികൾ ആരംഭിക്കുക. ഭരിക്കുന്നവർ തങ്ങൾക്കു് ഭൂരിപക്ഷമുണ്ടെന്നു് തറപ്പിച്ചുതന്നെ പറയുന്നു. എന്നാൽ ഇങ്ങിനെ ഭൂരിപക്ഷമുണ്ടായി എന്നോ ആരൊക്കെ തങ്ങളെ പിന്തുണയ്ക്കുന്നുണ്ടു്

'സംവാദം' സമിതി

കഴിഞ്ഞതവണ എഴുപതു ശതമാനം പോളിംഗ് നടന്നു. ആകെയുള്ള സമ്മതിദായകരിൽ നാല്പതുശതമാനത്തോളം ആളുകൾവോട്ട് ചെയ്തു സ്ഥാനാർത്ഥി വിജയിക്കുകയും ചെയ്തു. അപ്പോൾ ഒരു നിയോജകമണ്ഡലത്തിലെ മൊത്തം വോട്ടർമാരിൽ ഒരുഭൂരിഭാഗം ജയിച്ചയാളെ പിന്തുണച്ചിട്ടില്ല. ആ അർത്ഥത്തിൽ ന്യൂനപക്ഷത്തിന്റെ പിന്തുണമാത്രമേ ഒരുനിയമസഭാ സാമാജികനുള്ളു. അങ്ങിനെയുള്ള ന്യൂനപക്ഷക്കാർ ചേർന്നാലും ഒരുഭൂരിപക്ഷ മന്ത്രിസഭ ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് ഇപ്പോൾ നിലവിലിരിക്കുന്ന മന്ത്രിസഭ ഭൂരിപക്ഷത്തിന്റേതാണോ ന്യൂനപക്ഷത്തിന്റെതാണോ എന്ന അന്വേഷണത്തിന് വലിയ പ്രസക്തിയൊന്നുമില്ല. അത് ഏതുപക്ഷത്തിന്റേതായാലും സാങ്കേതികമായും രാഷ്ട്രീയമായും യഥാർത്ഥജനവികാരങ്ങളുടെ പ്രതിനിധിയല്ല എന്നതാണു വസ്തുത.

എന്നോ അവർ പറഞ്ഞിട്ടുമില്ല. അതു് തങ്ങൾ ഗവർണ്ണറെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട് എന്നാണ് അവർ അവകാശപ്പെട്ടതു്. ഗവർണ്ണർക്കുമാത്രം ബോദ്ധ്യപ്പെടാനുള്ളതാണ് ഇക്കാര്യമെങ്കിൽ, ബഹുജനങ്ങൾക്ക് ഇവിടെ യാതൊരു പങ്കുമില്ല. എങ്കിൽ പിന്നെന്തിന് ഇവർ ജനങ്ങളുടെ പേരിൽ ആണയിടണം? നിയമസഭ കൂടുമ്പോൾ ഭൂരിപക്ഷം തെളിയിക്കാം എന്ന് ഭരിക്കുന്നവർ പറഞ്ഞു. ഇനി ഭൂരിപക്ഷം ലഭിക്കാതെ ഇവർ ഗതികെട്ട് രാജിവെച്ചെന്ന് കരുതുക. അപ്പോൾ അതുവരെ ഭരിച്ചതോ? അതു് ഏതു ജനാധിപത്യത്തിന്റെ പേരിലായിരുന്നു?

ഇനി പ്രതിപക്ഷത്തിന്റെ കാര്യം നോക്കാം. അധികാരം കൈവിട്ടതിന്റെ നഷ്ടബോധത്തിൽനിന്നും അവരിപ്പോഴും ഉണർന്നിട്ടില്ല. മന്ത്രിസഭയുടെ ഭൂരിപക്ഷമില്ലായ്മയെപ്പററിയാണ് അവരിപ്പോഴും സംസാരിക്കുന്നതു്. എന്നാൽ പ്രതിപക്ഷത്തിന് അതേപ്പററി പറയാൻ എന്തവകാശം? ഇവർക്കൊക്കെ രണ്ടു നാവുകൾ കൊണ്ടു സംസാരിക്കുന്നതിൽ നല്ല സാമർത്ഥ്യമാണ്. ഇന്ന് പ്രതിപക്ഷ മുന്നണിയിലുള്ള ഇടതുപാർട്ടിയും വലതുപാർട്ടിയും ചൗധരി ചരൺസിംഗിന്റെ ന്യൂനപക്ഷമന്ത്രിസഭയെ നിർലോഭം പിന്തുണച്ചവരാണ്. അതിന് അന്നവർ ന്യായീകരണവും കണ്ടെത്തിയവരാണ്. ഇക്കാര്യത്തിൽ വലതുപാർട്ടിക്ക് കുറേക്കൂടി പാരമ്പര്യമുണ്ട്. 1969-ലെ കേരളത്തിലെ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷപിന്തുണ ഉണ്ടായിരുന്നില്ലല്ലോ. അപ്പോൾ പിന്നെ ഇന്നത്തേതു് ഒരു ന്യൂനപക്ഷമന്ത്രിസഭയായിപ്പോയി എന്ന് ആരോപിക്കാനുള്ള എന്തു് ധാർമ്മികവിശുദ്ധിയാണ് ഇവർക്കുള്ളതു്.

കുതിരക്കച്ചവടങ്ങളുടെയും വിദഗ്ദ്ധ കരുനീക്കങ്ങളുടെയുംഒന്നാമങ്കം അണിയറക്കു പിന്നിൽ കഴിഞ്ഞു. മ്ലേച്ഛമായ ആഭാസപ്രകടനങ്ങൾക്ക് അനുയോജ്യമായ ആ അരങ്ങിൽത്തന്നെ —നിയമസഭയിൽ തന്നെ—രണ്ടാമങ്കത്തിന്റെ തിരശീലയുമുയർന്നു. ഇപ്പോഴും കാര്യങ്ങൾക്ക് ഒരു വ്യക്തതയുമില്ല. നിയമസഭ കൂടിയാൽ എല്ലാം നിർണ്ണയിക്കാം എന്ന് കരുതിയിരുന്ന ശുദ്ധാത്മാക്കളുണ്ടെങ്കിൽ അവർ വീണ്ടും ധർമ്മസങ്കടത്തിലാവുകയേ നിർവാഹമുള്ളു. കാരണം ഇപ്പോഴും ഭരണ പ്രതിപക്ഷ വേഷങ്ങൾ ഒരേ അവകാശവാദം തന്നെ ഉന്നയിക്കുന്നു. രണ്ടു പാമ്പുകളെ എന്നപോലെ ഇവറകളെ തിരിച്ചറിയാൻ കഴിയാതായിരിക്കുന്നു.

ഗ്രഹണത്തിലെ ഞാഞ്ഞൂലിന്റെ അവസ്ഥയാണ് ജനതാപാർട്ടിക്ക്. ആ കക്ഷി എന്തെങ്കിലും തീരുമാനിക്കും എന്നു പറയുന്നതിൽ എന്തു കഴമ്പാണുള്ളതു്? കക്ഷിപരിഗണനകൾ വിട്ടുകളയുക. ഇന്ന് ഇവിടെ എം. എൽ. എ മാർക്ക് തീപിടിച്ച വിലയാണ്. ആനുപാതിക ക്രമത്തിൽ ജനങ്ങൾ നൽകിയ വോട്ടിനും വില വർദ്ധിച്ചു എന്നു വേണമെങ്കിൽ പറയാം. ഇവിടെ ഏതു മന്ത്രിയും ഏതു് എം. എൽ. എ യും ഏതു നിമിഷവും ഏതു പാർട്ടിയിലേക്കും കാലുമാറിയേക്കാം. ജനഹിതത്തിന്റെ പേരിൽ ന്യായീകരണങ്ങൾ തപ്പിപിടിച്ച് അവരിനിയും കൂടുതൽ അപഹാസ്യരാവുകയും ചെയ്യാം. എന്നാൽ വികൃതമായ ആ സത്യമേതാണ്? സുഹൃത്തേ നിയമസഭ എന്ന ഇരുട്ടറയിൽ വിഷം പുരണ്ട നൂററിനാല്പത്തൊന്നു കത്തികളുണ്ട്. മനുഷ്യത്വരഹിതമായ ഈ സമ്പ്രദായം അതിലേതെങ്കിലുമൊന്ന് എപ്പോഴും അലങ്കോലമാക്കപ്പെട്ട നിങ്ങളുടെ ആത്മാവിലേക്ക് ആഞ്ഞെറിഞ്ഞു എന്നു വരാം.

എല്ലാം വിററു കാശാക്കുന്ന ര'ത്രലോകം മന്ത്രിസഭ പതനത്തിന്റെയും സത്യപ്രതിജ്ഞാചടങ്ങുകളുടെയും കൂറുമാററത്തിന്റെയും വാർത്തകൾക്ക് നിറംപിടിപ്പിക്കുന്നു. നിങ്ങളുടെ കണ്ണുകൾക്കു മുന്നിൽ ശുഭോദർക്കമായ ഒരു മഞ്ഞ തിരശീല അവ വിരിക്കുന്നു. അതിനിടയിൽ നിങ്ങൾക്കു നേരേ പാഞ്ഞുവന്നതു് എട്ട് പുതിയ മന്ത്രിമാരുടെസ്ഥാനാരോഹണവാർത്തയല്ല. മറിച്ച് പാപത്തിന്റെ എട്ട് കത്തികളായിരുന്നു. അധികാരമോഹത്തിന്റെ, കപടനാട്യത്തിന്റെ,അഴിമതിയുടെ പാപങ്ങളൊളിപ്പിച്ച ആ എട്ടു കത്തികൾ നിങ്ങളുടെ ആത്മാവോളം താഴ്ത്തപ്പെട്ടുകഴിഞ്ഞു. പുറമേക്ക് തമാശ നടിക്കുന്ന ഈ കോമാളിത്തരങ്ങൾക്കിടയിൽ ഈ യാഥാർത്ഥ്യം കാണാതിരിക്കരുതു് എന്നേ ഞങ്ങൾക്കു പറയാനുള്ളു.

പാപത്തിന്റെ കത്തികൾ

നാം മന:സാക്ഷിയുടെ വിചാരണതടവുകാർ

ഭാസുരേന്ദ്രബാബു

രാജൻകേസിൻെറ വിധി മദ്രാസ് ഹൈക്കോടതി പ്രസ്താവിച്ചതിനുശേഷം ഇപ്പോൾ ഒരു മാസം കഴിഞ്ഞു. കേരളഹൈക്കോടതിയും മദ്രാസിലെ കീഴ്കോടതിയും തെററുകാരെന്നു കണ്ട് ശിക്ഷിച്ച പോലീസ് ഉദ്യോഗസ്ഥൻമാരെയെല്ലാം നിരപരാധികളെന്നു കണ്ടു് മദ്രാസ്ഹൈക്കോടതി നിരുപാധികം മോചിപ്പിച്ചിരിക്കുകയാണ്. പരസ്പരവിരുദ്ധമായ രണ്ട് കോടതിവിധികൾക്കു നടുവിൽ എന്താണിവിടെ സംഭവിക്കുന്നത് എന്നതിനെപററി ഒരു എത്തും പിടിയും കിട്ടാതെ ഉഴലുന്ന അസംഖ്യം ആളുകൾ ഇവിടെയുണ്ട്. ഏതെങ്കിലും പക്ഷപാതപരമായ വീക്ഷണങ്ങൾക്കടിപെടാതെതന്നെ, ആരുടെയും പക്ഷം പിടിക്കാൻ പ്രത്യേകിച്ച് ഒരു നിർബന്ധവും കാട്ടാതെതന്നെ ചിന്തിക്കുന്നവർക്കുപോലും രാജൻകേസ് പ്രത്യേക ജിജ്ഞാസ ഉയർത്തിയിരുന്നു. സാധാരണഗതിയിൽ കീഴ്ക്കോടതിയുടെ വിധിതീർപ്പിന് വിപരീതമായി എത്രയോ കേസുകൾ മേൽകോടതികളിൽ തീർപ്പു കൽപ്പിക്കപ്പെടുന്നു? പ്രമാദമായ എത്രയോ കൊലക്കേസുകളിൽ ശിക്ഷിക്കപ്പെട്ട ആളുകൾ ആപ്പീൽകോടതികളിൽനിന്നുമോചിപ്പിക്കപെടുന്നു. അത്തരം ഒരു സാധാരണസംഭവമായിരാജൻകേസിലെ പുതിയ വിധി നോക്കികാണാൻ ആർക്കും കഴിയുന്നില്ല. എന്തോ എവിടെയോ തകരാറു പററിയിട്ടുണ്ട് എന്ന തരത്തിയുള്ള ഒരു അസ്കിത പുതിയവിധിന്യായം വായിച്ച ഒട്ടമിക്കപേക്കും തോന്നിയിട്ടുണ്ടാവും. പത്രകടലാസി



ലെ കറുത്ത അക്ഷരങ്ങൾക്കു പിന്നിൽ നിന്ന് ഒരിക്കൽ ആട്ടിയോടിക്കപ്പെട്ട ദുർഭൂതങ്ങൾ ഓരോന്നായി ഇറങ്ങിവരുന്നു എന്നപോലൊരുതോന്നൽ. തെളിവുകളുടെ സാങ്കേതികത്വങ്ങൾക്കപ്പുറത്ത് ഒരു സാധാരണ മനുഷ്യന്റെ അന്വേഷണപരതയോടെ കാര്യങ്ങൾ കാണാൻ ശ്രമിക്കുന്നവർക്ക് എല്ലാപത്രവാർത്തകളും എല്ലാവിധിന്യായങ്ങളും ഒരു പരമ സത്യം മറച്ചുവെക്കുന്നതായി തോന്നുന്നു. രാജൻ ആക്രമണത്തിൽ വധിക്കപ്പെട്ട ഒരു ഇരയല്ല. അതുകൊണ്ട്തന്നെ അയാളുടെ തിരോധാനവും തുടർന്നുള്ള സംഭവ വികാസങ്ങളുമെല്ലാംകേവലംഒരു കൊലയാളിക്ക് വേണ്ടിയുള്ള അന്വേഷണവുമായിരുന്നില്ല. രാജൻ എന്നൊരു വ്യക്തിയെചൊല്ലി കേരളത്തിലെ മുഴുവൻ ആളുകളും വേവലാതി പൂണ്ടിരുന്ന നാളുകൾ അത്ര അകലെയല്ല. രാജൻ എവിടെ എന്ന ചോദ്യവുമായി ഏതോ ഒരു അന്തർപ്രേരണക്കടിപെട്ടാലെന്നപോലെ കേരളഹൈക്കോടതിയുടെ വളപ്പിലേക്ക് എല്ലാഭാഗത്തു നിന്നും ചെറുപ്പക്കാർ തീർത്ഥാടനം നടത്തിയ ആ നാളുകളും വിദൂരമല്ല. കേരഹൈക്കോടതിയുടെ വിധിതീർപ്പെന്ത് എന്നറിയാൻ ലക്ഷോപലക്ഷം ആളുകൾ ശരീരം മുഴുവൻ കാതുകളുമായി കാത്തുനിന്ന ആ ദിവസവും ഒരു പൂർവസ്മൃതിയിലേക്കു വിരമിക്കാൻകാലമായിട്ടില്ല. കക്കയവും ശാസ്തമംഗലവുംഇരുട്ടിന്റെ ഗോപുരങ്ങളുയർത്തിക്കൊണ്ട് നിലകൊണ്ട ആ നാളുകളിൽ ഓരോ മനുഷ്യമനസ്സാക്ഷിയും ഓരോ വിചാരണക്കോടതിയായി മാറുകയായിരുന്നു. അടിയന്തിരാവസ്ഥയുടെ മോഹനിദ്രയിൽ ഒന്നും കാണാതെ, ഒന്നും അറിയാതെ ജീവിച്ചിരുന്ന സാധാരണക്കാരൻ സ്വന്തം മനസ്സിന്റെ ദുരൂഹതയിൽ തന്നെ ഒരു ഉരക്കുഴി കണ്ടെത്തി. അവിടെനിന്നും ജീവനും മാംസവും വാർന്നുപോയ ഒരു യുവാവിന്റെ അസ്ഥിപഞ്ജരം അവർ കണ്ടെടുത്തു. സ്വയം വാദിയും പ്രതിയും പ്രേക്ഷകനുംഒക്കെയായി നിന്നുകൊണ്ട് ധർമ്മാന്വേഷണത്തിന്റെ അന്തർക്ഷോഭങ്ങൾ മുഴുവൻ വികാരാവേശത്തോടെ അവർ താണ്ടി. ഒടുവിൽ ഹൈക്കോടതിയുടെ മനുഷ്യാക്ഷമകൊണ്ട് ഘനീഭവിച്ച ഹാൾമുറിയിൽനിന്ന് പുറപ്പെട്ടത് കൗമാരപ്രായത്തിൽ ചിറകറ്റുപോയ ഒരാത്മാവിനുള്ള സ്തുതിഗീതമായിരുന്നില്ല. ഒരു മകനുവേണ്ടിയുള്ള അന്വേഷണവ്യർത്ഥത ക്രൂരമായി പീഡിപ്പിച്ച ഒരച്ഛനു സമർപ്പിക്കപ്പെട്ട ഒരു മംഗളപത്രവുമായിരുന്നില്ല, ആ വിധിന്യായം. എല്ലാംകൊണ്ടും അസമാനം എന്നു വിശേഷിപ്പിക്കാവുന്ന കേരളഹൈക്കോടതിയുടെ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ രാജൻകേസ് ഒരു നിയമപ്രശ്നമല്ല; അതൊരു മാനുഷികപ്രശ്നമാണ്. എന്ന വാക്യം സത്യം ജയിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച ലക്ഷോപലക്ഷം ആളുകളുടെ അന്തർഗതമായിരുന്നു. ഞാനും നിങ്ങളും സത്യാന്വേഷണ തല്പരതകൊണ്ടു പ്രോജ്വലിപ്പിക്കപ്പെട്ട ആ ദിനരാത്രങ്ങൾ കടന്നുപോയവരല്ലേ? എന്നിട്ടിപ്പോൾ എല്ലാ സംഭവബഹുലതകളും ആടിത്തളർന്ന ഈ അരങ്ങിൽ വെച്ച് എല്ലാ രാഷ്ട്രീയക്കാരും മറന്നുപോയ, നമ്മുടെ നഗ്നനേത്രങ്ങൾക്കു കാണാൻ കഴിയാത്ത ഒരു മൃതശരിരത്തിനരുകിൽ ഇരുന്ന് കറുത്ത അക്ഷരങ്ങൾക്കു പിറകിൽനിന്ന് ഏതോ രാക്ഷസിയത നമ്മെ നോക്കി കണ്ണിറുക്കുന്ന ഈ സമയത്ത് നമുക്കെന്തുചെയ്യാനാവും? ഇപ്പോഴും എപ്പോഴും ആ ചോദ്യം നമ്മെ വേട്ടയാടുന്നുണ്ട് എന്നോർക്കണം. രാജനെന്തുപററിക്കാണും?

കോടതി വിധികൾ എന്തു തന്നെ പറഞ്ഞുകൊള്ളട്ടെ ജനങ്ങളുടെയിടയിൽ രാജൻസംഭവത്തെ സംബന്ധിച്ച് ദൃഢമായി പതിഞ്ഞ ഒരു വ്യാഖ്യാനമുണ്ട്. എല്ലാ കോടതികളിലും പ്രോസിക്യൂഷൻ ഏറെക്കുറെ ജനങ്ങളുടെ ആ വ്യാഖ്യാനംതന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. അടിയന്തരാവസ്ഥയുടെ ഒരു ഇരുണ്ട ദിനത്തിൽ രാജൻ കോളേജ്ഹോസ്റ്റലിൽനിന്നറസ്റ്റ് ചെയ്യപ്പെട്ടു. 'നിയമാനുസൃതം രൂപീകരിക്കപ്പെട്ട ഒരു ഗവർമെണ്ടിനെതിരായി ഗൂഢാലോചന നടത്തി' എന്ന മഹാപരാധത്തിനു രാജ്യവ്യാപകമായിത്തന്നെ നക്സലൈററുകൾ ആക്രമണത്തിന് വിധേയമായികൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നുവല്ലോ അത്. അവരെ പ്രത്യേകമായി ചോദ്യം ചെയ്യുന്നതിനു സജ്ജമാക്കിയ കക്കയം ക്യാമ്പിലേക്കാണ് രാജൻ മാററപ്പെട്ടത്. അവിടെവെച്ച് അയാൾ പീഡനത്തിന് വിധേയമാക്കപെട്ടുവെന്നും അതിനിടയിൽ കൊല്ലപെട്ടുവെന്നും ഇവിടെ ഏറെക്കുറെ മുഴുവൻ ആളുകളും വിശ്വസിക്കുന്നുമുണ്ട്. ഏതു കോടതി വിധിക്കും ഒരു പുതിയ വെളിപാടും നൽകാൻ കഴിയാത്ത വിധത്തിൽ അത്രമാത്രം ശക്തമായാണ് ഈ വ്യാഖ്യാനം ആളുകൾ വിശ്വസിച്ചിരിക്കുന്നത്. ഏതു പ്രത്യേക പോലീസുദ്യോഗസ്ഥനാണ് രാജനെ മാരകമായ പ്രഹരമേൽപിച്ചതെന്നോ ഏതു പ്രത്യേക പോലീസ് ഓഫീസറാണ് അയാളുടെ മൃതശരീരം ഉരക്കുഴിയിൽ ഒളിപ്പിച്ചുവെക്കാനുള്ള ആശയം അവതരിപ്പിച്ചതെന്നോ കണ്ടെത്തുകമാത്രമായിരുന്നു കോടതികളുടെ ലക്ഷ്യമെങ്കിൽ തെളിവുകളുടെ അപര്യാപ്തത പ്രതികൾക്കു് അനുഗുണം ആകുമായിരുന്നേനെ. കാരണം സംശയലേശമന്യേ കാര്യങ്ങൾ അവതരിപ്പിക്കുവാൻ കഴിയുന്ന ദൃക്സാക്ഷികൾ ഈ സാഹചര്യത്തിൽ ലഭിക്കുവാൻ ഇടയില്ല. അതുകൊണ്ട് സാധാരണ കൊലക്കുററമെന്നതുപോലെ ഒരു സമീപനം ഈ പ്രത്യേക കാര്യത്തിൽ സ്വീകരിക്കുക ശാസ്ത്രീയമാകാൻ ഇടയില്ല.

ആദ്യമായും, രാജൻ ആരെ പ്രതിനിധീകരിച്ചു. അയാൾ രക്തസാക്ഷിയാണെങ്കിൽ അതു് ആർക്കുവേണ്ടിയായിരുന്നു. ഏതെങ്കിലും ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ സംഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിറവേററുന്നതിനിടയിൽ അതിന്റെ ശത്രുക്കളാൽ ആക്രമിക്കപെടുകയോ വധിക്കപെടുകയോ ചെയ്ത ഒരു രക്തസാക്ഷിയാണ് രാജൻ എന്ന വീക്ഷണത്തിന് യാതൊരടിത്തറയുമില്ല. കാരണം രാജൻ അത്തരം ഒരു പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനായിരുന്നു എന്നവാദം ആരും ഉന്നയിച്ചിട്ടുപോലുമില്ല. ഇനി ഭരണകൂടത്തിന് നിരന്തരം ശല്യം ഉളവാക്കുന്ന വിധത്തിൽ എന്തെങ്കിലും പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ അയാൾ ഭാഗഭാക്കായിട്ടുണ്ടോ? കേരളഹൈക്കോടതി വിചാരണയ്ക്കിടയിൽ ന്യായാധിപൻമാർതന്നെ ഒരു

□ രാജൻ എവിടെഎന്ന ചോദ്യവുമായി ഏതോ ഒരു അന്തർപ്രേരണക്കടിപെട്ടാലെന്നപോലെ കേരളഹൈക്കോടതിയുടെ വളപ്പിലേക്ക് എല്ലാഭാഗത്തു നിന്നും ചെറുപ്പക്കാർ തീർത്ഥാടനം നടത്തിയ നാളുകൾ വിദൂരമല്ല.

□ ഏതെങ്കിലും ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ സംഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിറവേററുന്നതിനിടയിൽ അതിന്റെ ശത്രുക്കളാൽ ആക്രമിക്കപ്പെടുകയോ വധിക്കപ്പെടുകയോചെയ്ത ഒരു രക്തസാക്ഷിയാണ് രാജൻ എന്ന വീക്ഷണത്തിന്യാതൊരടിത്തറയുമില്ല.

□ യഥാർത്ഥത്തിൽ രാജന്റെ തിരോധാനത്തിലും അയാളുടെ അച്ഛൻ നടത്തിയ വ്യർത്ഥാന്വേഷണങ്ങളിലും എല്ലാം സ്വന്തം ഭാവിയുടെ തന്നെ അനിശ്ചിതത്വത്തിന്റെ പ്രതീകങ്ങൾ കാണുന്ന സർവ്വസാധാരണക്കാരായ ആളുകളുടെ രക്തസാക്ഷിയാണ്രാജൻ.

ചോദ്യമുന്നയിക്കുകയുണ്ടായി. പോലീസ്‌സ്റ്റേഷനാക്രമണത്തിലോ മറ്റോ രാജൻ പങ്കെടുത്തിരുന്നു. എന്ന ആരോപണം പ്രോസക്യൂഷനുണ്ടോ എന്നതായിരുന്നു ആ ചോദ്യം. അങ്ങനെ യാതൊരു ആക്ഷേപവും പ്രോസിക്യൂഷന് മുന്നോട്ടു വെക്കുവാനുണ്ടായിരുന്നില്ല. പരമാവധി പോലീസ് തന്നെ പറഞ്ഞത് രാജന്ന് നക്സലൈറ്റ് പ്രസ്ഥാനവുമായി വിദൂര ബന്ധം ഉണ്ടായിരുന്നുവെന്നാണ്. അത്കൊണ്ട് രാജൻ നക്സൽ ബാരി രാഷ്ട്രീയത്തിന്റെ ഒരു രക്തസാക്ഷിയായി പരിഗണിക്കപ്പെടുവാൻകഴിയുമോ? ഇവിടെ കുറെക്കൂടിയാഥാർത്ഥ്യബോധത്തോടു കൂടിയ ഒരന്വേഷണമാണ് ആവശ്യമായിട്ടുള്ളത്. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർടിയുടെ പ്രത്യക്ഷമോ പരോക്ഷമോആയ പ്രവർത്തികളിൽ പങ്കെടുക്കാതിരിക്കുമ്പോൾ തന്നെ നാമെല്ലാം ഏതെങ്കിലും തരത്തിലുള്ള ഒരനുഭാവം ഏതെങ്കിലും വീക്ഷണത്തോട് വെച്ചു പുലർത്തുന്നുണ്ട്. ഒരുപക്ഷേ ആ പ്രത്യേക രാഷ്ട്രീയ കക്ഷിപോലും ഇതറിയുന്നുണ്ടാവില്ല. ഇത് ഒരുസാമൂഹ്യജീവി എന്നനിലയിൽ രാജനെ സംബന്ധിച്ചും ബാധകമാണ്. രാജൻ പിടിക്കപ്പെട്ടപ്പോൾ യുവത്വത്തിന്റെ ഏറ്റവും നല്ല ഘട്ടത്തിലായിരുന്നു എന്നു നാമോർക്കണം. ഇന്ത്യൻ തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ അനിശ്ചിതത്വവും യുവത്വത്തെ വ്യാമുഗ്ദമാക്കുന്ന നക്സലൈറ്റുകളുടെ ആത്മാർത്ഥതയും സാഹസികതയും സർവോപരിഎഞ്ചിനീയറിംഗ് കോളേജ് നൽകുന്ന ബുദ്ധിപരമായ അന്തരീക്ഷവും അയാളെ ആ പ്രസ്ഥാനത്തിന്റെ അനുഭാവിയാക്കിയെന്നതിൽ അത്ഭുതത്തിനവകാശമില്ല. എങ്കിൽപോലും നക്സലൈറ്റുകളുടെ രാഷ്ട്രീയകടമകൾ സ്വമേധയാ ഏറ്റെടുത്ത ഒരാളാണ് രാജൻ എന്ന് അവർപോലും അവകാശവാദം ഉന്നയിച്ചിട്ടില്ല. ഒരുപോലീസ്സ്റ്റേഷനാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് എഞ്ചിനീയറിംഗ്കോളേജ് റെയ്ഡ്ചെയ്യപെട്ടതെന്ന് നാമോർക്കണം. അത്തരമൊരു സംരംഭത്തിന് ഏതെങ്കിലും തരത്തിൽ സഹായകമായ നിലപാടാണ് രാജൻകൈക്കൊണ്ടതെങ്കിൽ അതുളവാക്കുന്ന മാനസിപ്രത്യാഘാതത്തിന് അയാൾ വിധേയനാകുമായിരുന്നേനെ. എന്നാൽ പ്രോസിക്യൂഷൻ പറയുന്നതുപോലെ രാജൻ പിടിക്കപ്പെടുന്നതിന്റെ തലേദിവസം ഒരു സംഗീത പരിപാടിയിൽപങ്കെടുത്തിരുന്നു. തൊട്ടുമുൻപുള്ള രാത്രിയുടെ സംഗീത ലഹരിയിൽനിന്നും ഉറക്കംവിടുന്നതിനു മുൻപുള്ള നേർത്തപ്രഭാതത്തിലാണ് അയാൾ അറസ്റ്റ് ചെയ്യപ്പെട്ടത്. അപ്പോൾ ആ ദിവസങ്ങളിൽ രാജൻ ഏതൊരുതരംരാഷ്ട്രീയ പ്രത്യയശാസ്ത്രത്തേക്കാളുമുപരി സംഗീതത്തിനു പിറകെയാണ് സഞ്ചരിച്ചിരുന്നതെന്ന് നമുക്കു കാണുവാൻ കഴിയും. മാത്രവുമല്ല പോലീസ്സ്റ്റേഷനാക്രമണ വാർത്തസൃഷ്ടിച്ച പ്രത്യേകതകൾ നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നും ഓടിയൊളിക്കാനോ മറ്റോ രാജൻ ചിന്തിച്ചിരുന്നതേയില്ല. അതുകൊണ്ട് ആകസ്മികമായിപോലും ഒരറസ്റ്റിന് താൻ വിധേയനാക്കപ്പെടും എന്ന് അയാൾ ചിന്തിച്ചിരുന്നില്ല എന്നതാണ് വസ്തുത. മാത്രവുമല്ല ആദ്യഘട്ടങ്ങളിൽ വിപ്ലവ പ്രസ്ഥാനത്തോടുണ്ടായിരുന്ന താല്പര്യം അറസ്റ്റ് ചെയ്യുന്ന സമയത്ത് രാജനുണ്ടായിരുന്നില്ലായെന്ന് അദ്ദേഹത്തിന്റെ ആത്മമിത്രങ്ങൾ തന്നെപറഞ്ഞറിവുമുണ്ട്. കക്കയംക്യാമ്പിൽ വെച്ച് പീഡിപ്പിക്കപെടുമ്പോൾ രാജനിൽനിന്നെന്തെങ്കിലും കിട്ടും എന്ന പ്രതീക്ഷയാണ് അത് ചെയ്തിരുന്ന ഉദ്യോഗസ്ഥരെ നയിച്ചത്. പീഡിപ്പിക്കുമ്പോൾ അത് ഇരയുടെ മരണത്തിലേക്കെത്തിക്കണം എന്ന യാതൊരു ദുരുദ്ദേശവും പോലീസ് ഉദ്യോഗസ്ഥരെ നയിച്ചിരിക്കാനിടയില്ല. അവരെ സംബന്ധിച്ചിടത്തോളം അത്രമാത്രം അടിയന്തിരം എന്ന് അവർ കരുതുന്ന എന്തെങ്കിലും വിവരം പിടിക്കപ്പെട്ട ആളിൽനിന്ന് ലഭിക്കുമോ എന്ന താല്പര്യമാണ് ഉണ്ടായിരുന്നത്. പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ പോലീസ് അന്വേഷിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ഒരാളുടെ എന്തെങ്കിലും ഒരുവിവരം നൽകാൻ കഴിയുമായിരുന്നെങ്കിൽ ഒരുപക്ഷേ രാജനുമേലുള്ള പീഡനത്തിന് ഒരുതാല്ക്കാലിക ശമനമെങ്കിലും ഉണ്ടാകുമായിരുന്നേനെ. അതുവഴി അയാൾ ഒരുപക്ഷേ മരണത്തിൽനിന്നുതന്നെ രക്ഷപെടുമായിരുന്നു എന്നും നമുക്ക് ഇന്നു ചിന്തിക്കാം. ചുരുക്കത്തിൽ പോലീസുകാർക്കാവശ്യമുള്ള എന്തെങ്കിലും ഒരു വിവരം നൽകാനുള്ള അവസ്ഥപോലും രാജനുണ്ടായിരുന്നില്ല. അത്രമാത്രം വിദൂരവും അമൂർത്തവുമായ ഒരുഇടപാടുമാത്രമേ രാജനും നക്സലൈറ്റ് രാഷ്ട്രീയവും തമ്മിൽ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് നക്സൽ ബാരി രാഷ്ട്രീയത്തിന്റെ ഒരുരക്തസാക്ഷിയാണ് രാജൻ എന്നാർക്കും അവകാശപ്പെടാനാവില്ല. സത്യത്തിൽ നക്സലൈറ്റുകൾപോലും അങ്ങിനെ അവകാശപ്പെടുന്നുമില്ല. ഇൻഡ്യൻവിപ്ലവത്തെക്കുറിച്ച് സ്വപ്നം കണ്ട ഒരു ചെറുപ്പക്കാരൻ' എന്നു മാത്രമാണ് നക്സലൈറ്റുകൾ രാജനെ വിശേഷിപ്പിച്ചത്. ഇവിടെ ഒരുപോലീസ് സ്റ്റേഷൻ ആക്രമണത്തിന്റെയോ അതുപോലെ യുള്ള മറ്റു സംഭവങ്ങളുടെയോ ന്യായന്യായ വിചാരത്തിനു ഒരുപ്രസക്തിയുമില്ല. രാജൻ അറസ്റ്റ് ചെയ്യപ്പെട്ടതും പീഡനത്തിൽകൊല്ലപ്പെട്ടതും അത്തരം സംരംഭങ്ങളുമായി ബന്ധപ്പെട്ടതുകൊണ്ടല്ല എന്നത് സ്ഥാപിക്കാൻ മാത്രമാണ് ശ്രമിക്കുന്നത്.

പൊതുവിൽ പറഞ്ഞാൽ രാഷ്ട്രീയപ്പാർടികളേയും അതിന്റെ പ്രവർത്തകരേയും കുറിച്ച് വലിയ മതിപ്പൊന്നും ഇല്ലാത്ത ഒരുസാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടാണ് ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രായോഗിക കടമകൾനിർവഹിക്കുന്നതിനിടയ്ക്കു രക്തസാക്ഷിത്വം വരിച്ച ഒരാളാണോ രാജൻ എന്ന പ്രശ്നം പ്രത്യേക പ്രാധാന്യത്തോടെ ചർച്ചചെയ്യപ്പെടേണ്ടിവരുന്നത്. മാത്രമല്ല രാജനെപ്പറ്റിയുള്ളദുരൂഹതകളും അതുണർത്തുന്നജിജ്ഞാസയും അനുകൂലമായും പ്രതികൂലമായും എല്ലാ രാഷ്ട്രീയക്കാരും ഉപയോഗിച്ചിട്ടുമുണ്ട്. എല്ലാരാഷ്ട്രീയ പാർടികളും മാറിമാറി തങ്ങൾക്കനുകൂലമാകുന്നിടത്തോളം ദൂരം മാത്രം വലിച്ചിഴയ്ക്കുകയും തങ്ങൾക്കനുകൂലമല്ലാത്ത ഒരുപതനത്തിൽ എല്ലാവരും വലിച്ചെറിയുകയുംചെയ്ത ഒരനാഥജഡമാണ് ഇന്ന് രാജന്റേത്. അപ്പോഴുംരാജനും അയാൾക്കുനേരിട്ട ദുര്യോഗവും ഒരുപ്രത്യേക സാഹചര്യത്തിൽ അതുണർത്തിയ ഭൂമികുലുക്കുന്ന സംഭവങ്ങളും, വിസ്മരിച്ചുകളയാത്ത ആളു

□ പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ പോലീസ് അന്വേഷിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ഒരാളുടെ എന്തെങ്കിലും ഒരു വിവരം നല്കാൻ കഴിയുമായിരുന്നെങ്കിൽ ഒരു പക്ഷേ, രാജന്റെമേലുള്ള പീഡനത്തിന് ഒരു താല്ക്കാലിക ശമനമെങ്കിലും ഉണ്ടാകുമായിരുന്നേനെ. അതു വഴി അയാൾ ഒരുപക്ഷേ മരണത്തിൽനിന്നു തന്നെ രക്ഷപെടുമായിരുന്നു എന്നും നമുക്ക് ഇന്നു ചിന്തിക്കാം.

□ പത്രക്കടലാസിലെ കറുത്ത അക്ഷരങ്ങൾക്കു പിന്നിൽ നിന്നും തടങ്കൽപാളയങ്ങളിലെ മനുഷ്യത്വഹീനത തിരനോട്ടം നടത്തുന്നുണ്ടോ എന്ന ആപൽശങ്ക നമ്മുടെ ഇന്നത്തെ ചിന്താവിഷയമായിരിക്കുന്നു.

□ ഈശ്വരവാര്യർ പറഞ്ഞതുപോലെ ഹീനവും ദുഷ്ടവും ആയ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനെങ്കിലും ഇന്ന് പുറത്തുവന്നിരിക്കുന്ന വിധി സഹായിക്കുന്നില്ല.

കളുണ്ട്. യഥാർത്ഥത്തിൽ രാജന്റെ തിരോധാനത്തിലും അയാളുടെ അച്ഛൻ നടത്തിയ വ്യർത്ഥാന്വേഷണങ്ങളിലും എല്ലാം സ്വന്തം ഭാവിയുടെ തന്നെ അനിശ്ചിതത്വത്തിന്റെ പ്രതീകങ്ങൾ കാണുന്ന സർവ്വസാധാരണക്കാരായ ആളുകളുടെ രക്തസാക്ഷിയാണ് രാജൻ തീർച്ചയായും രാജൻ ഈ വിഭാഗത്തിന്റെ വികാരങ്ങളെ പ്രതിനിധീകരിക്കുന്നുണ്ട്. പലപ്പോഴും നിഷ്ഠൂരമായ കടന്നാക്രമണത്തിനുമുന്നിൽ അവരുടെ ആന്തരിക സത്തയെന്ത് എന്ന് വ്യവച്ഛേദിച്ച് മനസ്സിലാക്കാൻ കഴിയാതിരിക്കുമ്പോൾ തന്നെ ഏററവും മാരകമായ പ്രഹരത്തിന് അപ്രതീക്ഷിതമായി വിധേയരാകുന്ന സാധാരണക്കാരുണ്ട്. അവരിലൊരാളായിരുന്നു രാജൻ. അതുകൊണ്ടാണ് സമാന സ്വഭാവമുള്ള മററ് കേസുകളിൽ നിന്ന് ഭിന്നമായ ഒരു വൈകാരികത രാജൻകേസിന് ലഭിച്ചത്. രാജനിൽ സ്വന്തം പ്രതിച്ഛായ തന്നെയാണു നീതിബോധത്തോടെ ചിന്തിക്കാൻ ശ്രമിച്ച എല്ലാ ആളുകളും കണ്ടെത്തിയത്. നാം ജീവിക്കുന്ന ചുററുപാടിൽ എന്തുനടക്കുന്നു എന്ന് മനസ്സിലാക്കാൻ മാത്രമല്ല എന്തുനടന്നുകൂടാ എന്നു ചിന്തിക്കാനും തീരുമാനിക്കാനും കൂടി രാജൻ സംഭവം എല്ലാവരേയും തുണച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാ രാഷ്ട്രീയക്കാരും രാജന്റെ പ്രശ്നം കൈവിട്ടുകളയുകയോ സ്വന്തം പരിമിത താല്പര്യങ്ങൾക്ക് യോജിക്കുന്ന തരത്തിൽ വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുള്ള ഇന്ന് അതിന്റെ യഥാർത്ഥ വിധികർത്താക്കൾ രംഗത്തു വരേണ്ടിയിരിക്കുന്നു. ലക്ഷ്യം അതിന്റെ യഥാർത്ഥ സംരക്ഷകരെ കണ്ടെത്തുന്നതുപോലെയോ ന്യായവിചാരം അതിന്റെയഥാർത്ഥവിധികർത്താക്കളെകണ്ടെത്തുന്നതുപോലെയോ ഇന്ന് രാജൻകേസ് യാഥാർത്ഥ്യങ്ങളിലേക്കുണരുന്ന ഒരു ജനതയുടേതായിത്തീർന്നിരിക്കുന്നു.

കോടതി മുറികളിൽനിന്നും രാഷ്ട്രീയക്കാരുടെ പ്രചരണ തല്പരതയിൽനിന്നും പത്രലോകത്തിന്റെ കച്ചവടമനസ്ഥിതിയിൽനിന്നും സാധാരണക്കാരുടെ നീതിബോധം തേടിയെത്തിയ ഒരു പ്രശ്നമാണിത്. ആരാണ് യാഥാർത്ഥ്യം മറച്ചുവെച്ചവർ? കേരളാഹൈക്കോടതി കുററക്കാരെന്നുകണ്ട് പോലീസ് ഉദ്യോഗസ്ഥന്മാരെ വിചാരണ ചെയ്യാനാണ് തീരുമാനമെടുത്തത്. അവിടെ തെളിവിന്റെ നൂലാമാലകൾ സത്യാന്വേഷണശ്രമത്തെ തടസ്സപ്പെടുത്തിയതായി കാണുന്നില്ല. സ്വന്തം പുത്രനെവിടെ എന്ന വ്യഥിതചിന്തയുമായി നടക്കുന്ന ഒരച്ഛൻ, പുത്രദുഃഖത്താൽ മാനസികനില തെററിയ ഒരമ്മ, ഏകസഹോദരനെവിടെ എന്നറിയാത്തതിന്റെ വേദന അനുഭവിക്കുന്ന സഹോദരിമാർ ഇവരെയെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് കേരളാഹൈക്കോടതി വിധി എഴുതപ്പെട്ടിരിക്കുന്നതുതന്നെ ആകാശത്തിലും ഭൂമിയിലും മുഴവൻ മുട്ടിയലഞ്ഞ് എല്ലായിടത്തും നീതി നിഷേധിക്കപ്പെട്ട് വ്രണിത ഹൃദയവുമായി ഒരച്ഛൻ ഒടുവിൽ ഈ കോടതിയിലെത്തിയിരിക്കുകയാണെന്നും അതുകൊണ്ട് ഇക്കാര്യത്തിൽ യാഥാർത്ഥ്യം കണ്ടെത്തുന്നതിന് കാലവിളംബം വരുത്തിക്കൂടെന്നും ഹൈക്കോടതിപ്രസ്താവിച്ചു. അതുകൊണ്ടാണ് കീഴ്‌വഴക്കങ്ങളിൽനിന്നു വ്യത്യസ്തമായി ഈ കേസ് വിചാരണ ചെയ്യേണ്ടതിന്റെ അടിയന്തിര പ്രസക്തി കോടതിക്കു ബോദ്ധ്യമായത്. എന്താണ് വിചാരണ ചെയ്യപ്പെടാനുള്ളത്? എൻജിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ നിന്ന് തന്റെ മകൻ അറസ്റ്റുചെയ്യപ്പെട്ടെന്നും അതിനുശേഷം യാതൊരു വിവരവുമില്ലെന്നും ഈച്ചരവാര്യർ ഫയൽചെയ്ത ഹേബിയസ് കോർപ്പസ് ഹർജിയിൽ പറയുന്നു. ഗവർമ്മെന്റിന്റെ ഭാഗത്തു നിന്നാകട്ടെ മുഖ്യമന്ത്രിയും ഐജിയും ഡിഐജിയുമൊക്കെ രാജനെ അറസ്റ്റു ചെയ്തിട്ടേയില്ല എന്ന് സത്യവാങ്മൂലവും നൽകുന്നു. അപ്പോഴാണ് ഒരു വിചാരണ അനിവാര്യമായിത്തീർന്നത്. വിചാരണയിൽ കോളേജ് പ്രിൻസിപ്പൽ ബഹാവുദ്ദീൻ മുതൽ കക്കയം ക്യാമ്പിൽ അബോധാവസ്ഥയിൽ രാജൻ മാററപ്പെടുന്നതുകണ്ട ചാത്തമംഗലം രാജൻവരെയുള്ളവർ ഒരുഭാഗത്ത് അണിനിരന്നു. പ്രോസിക്യൂട്ടർ ഗവർമ്മെന്റിന്റെ ഭാഗത്ത് നിലയുറപ്പിച്ചുകൊണ്ട് ഈ സാക്ഷിമൊഴിയിലെ ചില്ലറ വൈരുദ്ധ്യങ്ങൾ കണ്ടെത്താനും രാജനെന്നൊരാളെ അറസ്റ്റു ചെയ്തിട്ടേയില്ല എന്നു വരുത്തിത്തീർക്കാനും ശ്രമിച്ചു. പ്രിൻസിപ്പാളിന്റെ ധാരണ നേരിട്ടു രൂപീകരിക്കപ്പെട്ടതല്ലെന്നും മററു സാക്ഷികൾ സ്ഥാപിത താല്പര്യമുള്ളവരാണെന്നും അതുകൊണ്ട് വിശ്വാസയോഗ്യമല്ലെന്നുമാണ് പ്രോസിക്യൂഷൻ വാദിച്ചത്. എന്നാൽ കോളേജ് പ്രിൻസിപ്പാൾ ബഹാവുദ്ദീനെപ്പോലെയുള്ള ഒരാൾക്ക് ഇക്കാര്യത്തിൽ ആരേയും തെററിദ്ധരിപ്പിക്കേണ്ട യാതൊരു കാര്യവുമില്ല എന്ന നിഗമനത്തിലാണ് കോടതി എത്തിച്ചേർന്നത്. മററു സാക്ഷിമൊഴികളിലെ അപാകതകൾ അവഗണിച്ചുകൊണ്ട് അത് പൂർണ്ണമായും വിശ്വസ്തതയിൽ എടുക്കാനാണ് കേരളാഹൈക്കോടതി ഇഷ്ടപ്പെട്ടത്. രാജനെ അറസ്റ്റുചെയ്ത് കക്കയം ക്യാമ്പിൽ കൊണ്ടുപോയിരുന്നു എന്ന കാര്യം സംശയലേശമെന്യേ സ്ഥാപിക്കപ്പെട്ടിരുന്നതുകൊണ്ട് കസ്റ്റഡിയിലാണെങ്കിൽ അയാളെ ഹാജരാക്കാൻ കോടതി വിധിച്ചു. ഇത്തരം ഒരു പതനത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നപ്പോഴാണുപോലീസ്കസ്റ്റഡിയിൽവെച്ച് രാജൻ കൊല്ലപ്പെടുകയുണ്ടായി എന്നും അയാളുടെ മൃതദേഹം ഉരക്കുഴിയിൽ വലിച്ചെറിയപ്പെട്ടു എന്നുമുള്ള പ്രസ്താവവുമായി ഗവണ്മെന്റ് മുന്നോട്ടുവന്നത്. ഇത് കോടതിയിൽ അരങ്ങേറിയ ഒരു രംഗം മാത്രം. സത്യത്തിൽ ഈ രംഗശില്പവും അതിന്റെ പരിസമാപ്തിയുമൊക്കെ ആരംഭത്തിൽ തന്നെ നമുക്ക് അറിയാമായിരുന്നല്ലോ. രാജൻ കസ്റ്റഡിയിൽവെച്ച് കൊല്ലപ്പെട്ടു എന്ന കാര്യം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നു സ്ഥിരീകരിക്കപ്പെടുന്നതിനു വളരെ മുമ്പുതന്നെ അങ്ങാടിപ്പാട്ടായിരുന്നു. മുഖ്യമന്ത്രി മുതൽ ഡിഐജി വരെ അത്യുന്നതങ്ങളിൽ ഇരിക്കുന്നവർ നുണ പറയാൻ ശീലമുള്ളവരാണ് എന്നതിന് സ്ഥിരീകരണം ഒരു കോടതിയിൽനിന്നു ആർജ്ജിക്കാൻമാത്രം പാപ്പരത്തം എന്റെ നാട്ടുകാർക്കില്ല. അന്യായമായ അറസ്റ്റിനും പീഡിപ്പിക്കലിനും കൊലക്കുററത്തിനും പ്രോസിക്യൂട്ട് ചെയ്യപ്പെട്ട് വിചാരണത്തടവുകാരായി ഈ പോലീസ് ഉദ്യോഗസ്ഥന്മാർ കോടതി വളപ്പുകളിലേക്ക് ആനയിക്കപ്പെട്ടപ്പോൾ നമ്മുടെ ജനത എങ്ങിനെയാണ് പ്രതികരിച്ചത്? ജനമദ്ധ്യത്തിൽവെച്ച് പൊടുന്നനെ ഉടുതുണി അഴിച്ചുവീണാലെന്നപോലെ ചൂളിയുറഞ്ഞ് ഇവർ കോടതി വളപ്പിൽ നില്ക്കുന്ന ചിത്രങ്ങൾ അന്ന് പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഒരു അനുതാപവും അർഹിക്കാത്തവർ അവക്കുതന്നെ വേണം, സത്യമേതായാലും ജയിച്ചല്ലോ, എന്ന് എന്റെ നാട്ടുകാർ അന്നാശ്വാസം പൂണ്ടിരുന്നു എന്നതിന് എനിക്കുസംശയമില്ല. ചുവന്നതാടി രണ്ടാമങ്കത്തിൽ പച്ചവേഷമായി രംഗത്തുവരുന്നതുപോലെ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ കൊലക്കുററമാരോപിച്ചുകൊണ്ട് പഴയ പ്രോസിക്യൂഷൻ നിലകൊണ്ടു. കക്കയം ക്യാമ്പിനെപ്പററി അവിടത്തെ മർദ്ദനസമ്പ്രദായങ്ങളെപ്പററി യാഥാർത്ഥ്യത്തിന്റെ നാവുകൾ കെട്ടിയിടപ്പെട്ട ആ ഇരുണ്ട ദിനങ്ങളിൽ അപമാനിതമായ മനുഷ്യത്വത്തെപ്പററി സചിത്ര ഫീച്ചറുകളും—ഹോ, ഇതെല്ലാം ഈ നാട്ടിൽതന്നെ നടന്നല്ലോ എന്ന് മൂക്കത്തു വിരൽവെച്ച് അത്ഭുതംകൂറിനിന്ന വായനക്കാരുടെ ലോകവും—തടങ്കൽ പാളയങ്ങളിലേയും ജയിലറകളിലേയും അനുഭവവിവരണങ്ങളും. ഇവയുടെ എല്ലാം പൊള്ളുന്ന നിലത്തു ചവിട്ടിനിന്നുകൊണ്ട് ഭാവിയിൽ ഇതൊന്നും ഇവിടെ ആവർത്തിക്കാതിരിക്കാൻ ഉടനടി നാം എന്തുചെയ്യണം എന്നതിനെച്ചൊല്ലി നമ്മുടെ ബുദ്ധിജീവികൾ നടത്തിയ കൂടിയാലോചനകളും—ഇന്ന് എല്ലാം ഒരു വ്യർത്ഥത ആയി തോന്നുന്ന

(ശേഷം 25-ാം പേജിൽ)

പോളണ്ട്

ആത്മാവ് തേടുന്നവരുടെ ഊഷരഭൂമി

□ സ്വതന്ത്രചിന്തയുടെ മുരടിപ്പും ഉന്നതസ്ഥാനീയർ തന്നെ നടത്തുന്ന ആത്മഹത്യകളും ഭിന്നാഭിപ്രായക്കാർക്ക് വിധിക്കപ്പെടുന്ന വിചാരണകളും ഫയറിംഗ് സ്ക്വാഡിന്റെ മുന്നിലേക്കോ ഭ്രാന്താശുപത്രിയിലേക്കോ ലേബർ ക്യാമ്പുകളിലേക്കോ തള്ളിവിടപ്പെടുന്ന ബുദ്ധിജീവികളും മറ്റ് മുതലാളിത്ത രാജ്യങ്ങളിലേക്കുള്ള പലായനങ്ങളും എല്ലാം ചേർന്ന് സോഷ്യലിസ്റ്റ് രാജ്യത്തെ സംബന്ധിച്ച നമ്മുടെ പൂർവ്വസങ്കല്പങ്ങളെ താറുമാറാക്കിയിട്ടുണ്ട്.

□ ഒരു കോടി പോളിഷ് ജനത വിദേശ ഏജന്റുമാരാണെന്നു വിലയിരുത്തുന്നവർ ആ രാജ്യത്തെ, ഏതെങ്കിലും വിദേശ മേൽക്കോയ്മക്കു കീഴിലെ കോളണി ആണെന്നുകൂടി വിലയിരുത്തേണ്ടിവരും. അല്ലെങ്കിൽ പോളണ്ട് എന്ന ഭൂമിശാസ്ത്രപരമായ യാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കണം. 'ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻതന്നെ' എന്ന ലളിതവൽക്കരണം ഇവിടെ ഏറെക്കുറെ അപഹാസ്യമായിത്തീർന്നിട്ടുണ്ട്.

സംവാദം സമിതി

പോളീഷ് തൊഴിലാളികൾ നടത്തിക്കൊണ്ടിരുന്ന പണിമുടക്കങ്ങളും അവിടുത്തെ ആഭ്യന്തര അടിയന്തിരാവസ്ഥാ പ്രഖ്യാപനവും പോളണ്ടിൽ നിലവിലിരിക്കുന്ന 'സോഷ്യലിസ'ത്തിന്റെ യഥാർത്ഥ അന്തസത്ത എന്തെന്ന് കാണിച്ചു തന്നിരിക്കുന്നു. ഭിന്നാഭിപ്രായം നിലനിർത്താനും അത് നിർദ്ദാക്ഷിണ്യം വെട്ടിത്തുറന്നു പറയാനും ശ്രമിക്കുന്നവരെ തിരുത്തൽവാദികളെന്നോ ശത്രുചാരന്മാരെന്നോ മുദ്രകുത്തി യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടാൻ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ ഇതുവരെ നടത്തിയിട്ടുള്ള പരിശ്രമങ്ങളുടെ ഏററവും ഒടുവിലത്തെ ഉദാഹരണമാണ് പോളണ്ട്. പോളണ്ടിൽ പടർന്നുപിടിച്ചിരിക്കുന്ന അസ്വസ്ഥതക്ക് ഇങ്ങിനെ ഒരു വ്യാഖ്യാനം നൽകി ശക്തിഉപയോഗിച്ച് ജനകീയ വികാരങ്ങളെ അടിച്ചമർത്താനാണ് അവിടത്തെ സൈനിക ഭരകൂടം ഇന്നു ശ്രമിക്കുന്നത്. ഒരു ആഭ്യന്തര അടിയന്തിരാവസ്ഥാപ്രഖ്യാപനം ഏതുതരം മാററമാണ് ഒരു രാജ്യത്തിനു നൽകുക എന്നറിയാൻ നാം പോളണ്ടുവരെ പോകേണ്ടതുണ്ടോ? ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോഴും അതിന്റെ പ്രണേതാക്കൾ തനിസോഷ്യലിസത്തിന്റെ പേരിലായിരുന്നു അപ്രകാരം ചെയ്തത് എന്ന് നാമോർക്കണം. ഉള്ളിലുള്ള ശിഥിലീകരണ ശക്തികൾ വിദേശ ശക്തികളെ കൂട്ടുപിടിച്ച് രാജ്യത്തെ അട്ടിമറിക്കാൻ നോക്കുന്നു എന്ന ആരോപണം ഇവിടെയും ഭരണക്കാർ ഉന്നയിച്ചിരുന്നു. മാത്രമല്ല, രാജ്യതാല്പര്യത്തെ മുൻനിർത്തി, മററു പോംവഴികളില്ലാതെ വന്നപ്പോൾ കൈക്കൊണ്ട ഒരു നടപടി എന്ന നിലക്കാണ് അടിയന്തിരാവസ്ഥാ പ്രഖ്യാപനം അന്ന് വ്യാഖ്യാനിക്കപ്പെട്ടതും. കൃത്യമായും അതേ സ്വഭാവം ഉൾക്കൊള്ളുന്ന വാദമുഖങ്ങൾ തന്നെയാണ് പോളണ്ടിലെ കമ്മ്യൂണിസ്റ്റ്പാർട്ടി ചീഫും മുന്നോട്ടു വെക്കുന്നത്. പോളണ്ട് നശിക്കാതിരിക്കാൻ കൈക്കൊണ്ട ഒരു നടപടി ആയിട്ടാണ് അടിയന്തിരാവസ്ഥ പ്രഖ്യാപനത്തെ ജനറൽ ജറുസേൽസ്കി കാണുന്നത്. അതുകൊണ്ട് പോളീഷ് ഭരണാധിപന്മാരുടെ ഈ നടപടിയെ ന്യായീകരിക്കാൻ ശ്രമിക്കുന്നവർ ഇന്ത്യയിലെ അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തെന്യായീകരിച്ചവരേക്കാൾ ഭേദപ്പെട്ടവരാണെന്ന് ഞങ്ങൾ കരുതുന്നില്ല.

പോളണ്ടിന്റെ പ്രശ്നം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ദാർശനിക ദാരിദ്ര്യം കൊണ്ടും സാമൂഹ്യ ജീവിതത്തിനു സംഭവിച്ച അനിശ്ചിതത്വംകൊണ്ടും ലോകത്തിന്റെ മറേറതു ഭാഗത്തേയുംകാളേറെ അസ്വസ്ഥത പടർന്നു പിടിച്ച ഒരു പ്രദേശമാണ് കിഴക്കൻ യൂറോപ്പ്. സോവിയററ് സൈനിക സ്വേഛാധിപത്യത്തിനെതിരായും അടിച്ചേല്പിക്കപ്പെട്ട 'സോഷ്യലിസ'ത്തിനെതിരായും ഏതെങ്കിലും തരത്തിൽ പ്രതികരിക്കാനുള്ള വിഫല ശ്രമങ്ങൾ നടത്തുന്ന ഒരു ജനതയാണ് അവിടെ അധിവസിക്കുന്നത്. ഹംഗറിയിലും പോളണ്ടിലും ചെക്കോസ്ലോവാക്യയിലും നടന്ന കലാപാത്മകങ്ങളായ പണിമുടക്കങ്ങളും ബഹുജന പ്രക്ഷോഭണങ്ങളും റുമേനിയായിലെ ബൗദ്ധിക പ്രതിരോധങ്ങളും കിഴക്കൻ ജർമ്മനിയിൽ ഭരണവൃത്തങ്ങൾക്കകത്തു നിന്നു തന്നെ ഉയർന്നുവരുന്ന വിമത ശക്തികളും സാമ്രാജ്യത്വ ചാരന്മാർ നടത്തുന്ന അട്ടിമറി സംരംഭങ്ങളായി ചിത്രീകരിക്കുന്നത് ഇന്ന് അധികമാരേയും വിശ്വസിപ്പിക്കുമെന്ന് തോന്നുന്നില്ല. സോഷ്യലിസത്തിൻ കീഴിലെ പുത്തൻ ജനത അനുഭവിക്കുന്ന മാരകമായ സാംസ്കാരിക ജഢത്വത്തിനു കാരണം സോഷ്യലിസത്തെക്കുറിച്ചുള്ള ശേഷം ജനതയുടെ അജ്ഞതയിൽ ആരോപിക്കുന്നതിൽ വലിയ കഴമ്പില്ല. സ്വതന്ത്രചിന്തയുടെ മുരടിപ്പും ഉന്നത സ്ഥാനീയർ തന്നെ നടത്തുന്ന ആത്മഹത്യകളും ഭിന്നാഭിപ്രായക്കാർക്ക് വിധിക്കപ്പെടുന്ന വിചാരണകളും ഫയറിംഗ് സ്ക്വാഡിന്റെ മുന്നിലേക്കോ ഭ്രാന്താശുപത്രിയിലേക്കോ ലേബർക്യാമ്പുകളിലേക്കോ തള്ളിവിടപ്പെടുന്ന ബുദ്ധിജീവികളും മററ് മുതലാളിത്ത രാജ്യങ്ങളിലേക്കുള്ള പലായനങ്ങളും എല്ലാം ചേർന്ന് സോഷ്യലിസ്റ്റു രാജ്യത്തെ സംബന്ധിച്ച നമ്മുടെ പൂർവ്വ സങ്കല്പങ്ങളെ താറുമാറാക്കിയിട്ടുണ്ട്. 'സോഷ്യലി

നീതിയുടെ അപ്പം

ജനീവയിൽവെച്ചു നടന്ന ഇൻറർനാഷണൽ ലേബർ കോൺഫ്രൻസിൻെറ 67-ാം സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പോളണ്ടിലെ സ്വതന്ത്ര ട്രേഡ്‌യൂണിയനായ 'സോളിഡാരിററി'യുടെ ചെയർമാൻ ലേവലേസ ചെയ്ത പ്രസംഗത്തിൻെറ സംക്ഷിപ്തം.



'പ്രതിഷേധത്തിൽ നിന്ന് ജന്മം കൊണ്ട ഒരു സംഘടനയാണ ഞങ്ങളുടേത്. പ്രകടനങ്ങൾ, പണിമുടക്കങ്ങൾ തുടങ്ങിയ തൊഴിലാളികളുടെ ചിരസമ്മതമായ പ്രക്ഷോഭ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് പോളണ്ടിൻെറ രാഷ്ട്രീയ, സാമൂഹ്യ ജീവിതത്തിൽ ഒരു സമൂലമാററത്തിന് തുടക്കം കുറിക്കാൻ പോന്ന ഒരു ഒരു നിയതമായ മാർഗ്ഗം സോളിഡാരിററി തുറന്നിട്ടുണ്ട്. നവീകരണത്തിൻെറ ഈ പ്രക്രിയ ബാധിക്കാത്ത ഒരുപ്രദേശവും പോളണ്ടിലില്ല. ഇത് മാററങ്ങളുടെ തുടക്കം മാത്രമാണെന്ന് ഞങ്ങൾക്കറിയാം എങ്കിലും, പഴയ രീതിയിലുള്ള ഭരണ ക്രമങ്ങളിലേയ്ക്കും സാമ്പത്തികാസൂത്രണം ഞങ്ങളിലേല്ലും ഇനി ഒരുതിരിച്ചുപോക്ക് സാദ്ധ്യമേയല്ല എന്നകാര്യത്തിൽ പോളണ്ടിൽ ആക്കും തന്നെ യാതൊരു സംശയവുമില്ല...

ഇന്നത്തെ ദുരിതങ്ങൾക്കു ഒരു പോംവഴി കണ്ടെത്തുന്നതിന് ഓരോ പോളീഷ് പൗരനും ആത്മത്യാഗത്തിന് തയ്യാറാവേണ്ടിവരും എന്നതിൽ ഞങ്ങൾ ബോധവാന്മാരാണ്, ഞങ്ങൾ ഇന്ന് അനുഭവിക്കുന്ന സാമ്പത്തികതകർച്ചയ്ക്കു അയാൾ ഒരു പങ്കും വഹിക്കുന്നില്ലെങ്കിൽപോലും. സോളിഡാരിററി നേതൃത്വത്തിൻെറ സമ്മതി കൂടാതെ ഏതെങ്കിലും കൂലിക്കൂട്ടൽ ആവശ്യപ്പെടരുതെന്നും പണിമുടക്കരുതെന്നും ഓരോ ഘടകത്തോടും ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഞങ്ങൾ പോരാട്ടം തുടരും; പോളണ്ടിൽ ആരെങ്കിലും ഒരാൾപോലും തൊഴിൽരഹിതനായിരിക്കുവോളം —നഗരങ്ങളിലേയും നാട്ടിൻ പുറങ്ങളിലേയും മർദ്ദിത വിഭാഗങ്ങളുടെ ജീവത്തായ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടാത്തിടത്തോളം.

1956-ലെ ഞങ്ങളുടെ തൊഴിലാളി കൗൺസിലുകളുടെ പാരമ്പര്യത്തിൽ അധിഷ്ഠിതമായതും സോഷ്യലിസ്റ്റ് ആശയങ്ങളാൽ ഉത്തേജിപ്പിക്കപ്പെട്ടതുമായതൊഴിലാളികളുടെ സ്വയം മാനേജ്മെൻറ് സമ്പ്രദായത്തിനു ഞങ്ങളുടെ യൂണിയൻ വലിയ പ്രാധാന്യം നല്കുന്നു. ഇതുചെയ്യുമ്പോൾ ദേശീയ സമ്പദ്-ഘടനയെ നിയന്ത്രിക്കുന്ന രീതികളിൽ ഒരു സമൂലമാററം വരുത്തണമെന്നു മാത്രം.

കഴിഞ്ഞ 62 വർഷവും പോളിഷ് ട്രേഡ്‌യൂണിയൻ പ്രവർത്തകർ ഐ. എൽ. ഒ യോട് സർവ്വാത്മനാ സഹകരിച്ചിട്ടുണ്ട്. 1980 ആഗസ്ററിൽ സ്വതന്ത്രവും തൊഴിലാളികളുടേതുമാത്രവുമായ ഒരുയൂണിയന് ഞങ്ങൾ രൂപം കൊടുത്തപ്പോൾ സോളിഡാരിററിക്ക് കരുത്തു നൽകുന്ന കാര്യത്തിൽ ഐ. എൽ. ഒ. യുടെ 87-ഉം 98-ഉം കൺവൻഷനുകൾ അംഗീകരിച്ച ട്രേഡ്‌യൂണിയൻ അവകാശങ്ങളോടുകൂടിയസംഘം ചേരാനുള്ള സ്വാതന്ത്ര്യത്തിൻെറ വകുപ്പുകൾ ഞങ്ങൾ പൂർണ്ണമായും ഉപയുക്തമാക്കിയിട്ടുണ്ട്...

ലോകമാസകലമുള്ള അദ്ധ്വാനിക്കുന്ന ജനതയോട് ഞങ്ങൾ കൂറുപ്രഖ്യാപിക്കുന്നു. അദ്ധ്വാനിക്കുന്നവരുടെ സാമൂഹ്യ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അദ്ധ്വാനത്തിൻെറ മഹത്വം സംരക്ഷിക്കാനും, എവിടെയെല്ലാം മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുവോ അവിടെയെല്ലാം അവയെ പരിരക്ഷിക്കാനുംവേണ്ടി തൊഴിലാളി സംഘടനകൾ നടത്തുന്ന പോരാട്ടങ്ങളോട് ഞങ്ങൾ കൂറു പ്രഖ്യാപിക്കുന്നു. ദാരിദ്ര്യവും പട്ടിണി മരണവും ലോകത്ത് ഏതെങ്കിലുമൊരുഭാഗത്ത് ശേഷിക്കുന്നിടത്തോളം, വ്യത്യസ്തരാജ്യങ്ങളും വർഗ്ഗങ്ങളും തമ്മിൽ ഭൗതികവും സാമൂഹ്യവുമായ ക്ഷേമത്തിൽ ഹൃദയഭേദകമായ അന്തരം നിലനില്ക്കുവോളം, സ്വാതന്ത്ര്യത്തിനും അന്തസ്സുററ ജീവിതത്തിനും വേണ്ടിയുള്ള മനുഷ്യൻെറ സ്വാഭാവികയത്നങ്ങൾ ഹിംസയും മർദ്ദനവും ചൂഷണവും കൊണ്ട് നേരിടപ്പെടുവോളം നമ്മുടെ കാലഘട്ടത്തിലെ മനുഷ്യന് ഒരു സ്വബദ്ധമനസ്സാക്ഷി ഉണ്ടാവുകയില്ല...

സ്സു രാജ്യങ്ങൾക്ക്" പൊതുവിൽ ഏർപ്പെട്ട ഒരു ദുസ്ഥിതിയാണിത്. എന്നാൽ, ഇത് ഏററവും പ്രകടവും രൂക്ഷവുമായിരിക്കുന്നത് കിഴക്കൻ യൂറോപ്പിലാണ്. ഒരു ലോകയുദ്ധത്തിൻെറ പശ്ചാത്തലത്തിൽ നടന്ന ഒരു പടയോട്ടത്തിൽ സംഭവിച്ച ഒരു യാദൃച്ഛികസൃഷ്ടിയാണോ കിഴക്കൻ യൂറോപ്പ്? കാരണങ്ങൾ എന്തുതന്നെ ആയിക്കൊള്ളട്ടെ, സോവിയററ് സൈനിക മേധാവിത്വത്തിൻ കീഴിൽ വിങ്ങിക്കൊണ്ടിരിക്കുന്ന ഒരു വലിയ വ്രണമാണത്. അതിൻെറ പൊട്ടിഒലിക്കുന്ന മുറിവായയാണ് ഇന്നു നാം കാണുന്ന പോളണ്ട്.

ഇന്ന് പോളണ്ടിൽ ഉരുൾപൊട്ടിയിരിക്കുന്ന അന്തർക്ഷോഭം വളരെ വൈകാതെ തന്നെ മററ് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേല്ലും വ്യാപിച്ചു കൂടായ്കയില്ല. അതിന് അഭ്യന്തര കലാപം കുത്തിപ്പൊക്കാൻ ശ്രമിക്കുന്ന ഏതെങ്കിലും സാമ്രാജ്യശക്തിയെ പഴിച്ചിട്ടുകാര്യമില്ല. അവരുടെ പ്രലോഭനങ്ങളോ പ്രീണിപ്പി

കല്പുകളോ നയചാതുരിയോ ഒരുപക്ഷേ ഈ അന്തർസംഘാതങ്ങൾക്ക് വേഗത കൂട്ടിയേക്കാം. അവയെ വഴിതെററിച്ചു എന്നുപോലും വരാം. പക്ഷേ അതുകൊണ്ട് ഈ ആന്തരിക അശ്രാന്തികൾക്കു കാരണം സാമ്രാജ്യത്വകുതന്ത്രങ്ങളാണെന്നു വിലയിരുത്തുന്നത് വസ്തുതകളെ കാണാതിരിക്കലാണ്. മുതലാളിത്ത സാമൂഹ്യവ്യവസ്ഥിതിക്കുകീഴിൽ മനുഷ്യസമൂഹത്തിനു സംഭവിച്ച അപചയമെന്ത് എന്ന അന്വേഷണമാണ് മാർക്സിസത്തിന് വഴിയൊരുക്കിയത്. ശാസ്ത്രീയ സോഷ്യലിസവും കമ്മ്യൂണിസവും മാനവരാശിയുടെ സമഗ്രമായ പുരോഗതി ലക്ഷ്യംവെക്കുകയും ചെയ്യുന്ന മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം തങ്ങളെ നയിക്കുന്നു എന്നാണല്ലോ 'സോഷ്യലിസ്റ്റ് രാജ്യങ്ങൾ' അവകാശപ്പെടുന്നത്. അങ്ങിനെയാണെങ്കിൽ ഈ സമഗ്രപുരോഗതിയുടെ രാജവീഥിയിൽ നിന്ന് പണിമുടക്കങ്ങളുടേയും ഗൂഢാലോചനകളുടേയും തമോമയ പ്രാന്തങ്ങളിലേക്ക് എന്തുകൊണ്ട് അവിടുത്തെ ജനങ്ങൾ ഓടിയൊളിക്കുന്നു എന്നു നാം ചിന്തിക്കണം. ഹംഗറിയിലും ചെക്കോസ്ലോവാക്യയിലും ഇപ്പോൾ പോളണ്ടിലും ബഹുജനങ്ങൾ തന്നെയാണ് ഗവണ്മെൻറ് വിരുദ്ധപ്രക്ഷോഭങ്ങളിൽ പങ്കെടുത്തത്. അവരാരും തന്നെ വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ടവരല്ല. ഒരു കോടി പോളിഷ് ജനത വിദേശഏജൻറ്മാരാണ് എന്നു വിലയിരുത്തുന്നവർ ആ രാജ്യത്തെ, ഏതെങ്കിലും വിദേശ മേൽക്കോയ്മക്കു കീഴിലെ കോളണി ആണെന്നു കൂടി വിലയിരുത്തേണ്ടിവരും. അല്ലെങ്കിൽ പോളണ്ട് എന്ന ഭൂമിശാസ്ത്രപരമായ യാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കണം. 'ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻതന്നെ' എന്ന ലളിതവല്ക്കരണം ഇവിടെ ഏറെക്കുറെ അപഹാസ്യമായിത്തീർന്നിട്ടുണ്ട്. മുതലാളിത്ത സമ്പ്രദായത്തിൽ ജൻമംകൊണ്ട ദാർശനികവികാസമാണ് മാർക്സിസം. അതിന് അതിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ സ്വാർത്ഥകമാക്കാൻ കഴിഞ്ഞുവോ എന്നതാണ് പ്രശ്നം. മാർക്സിസം പരിശോധനക്കെടുത്ത ജീവത്തായ പ്രശ്നം അന്യവല്ക്കരണത്തിന്റേതാണ് (Alienation). ഒരു മുതലാളിത്ത ഉല്പാദനസമ്പ്രദായത്തിൻ കീഴിൽ ഭൗതികസാമഗ്രികളുടെ യഥാർത്ഥ ഉല്പാദകർ മൊത്തം സാമൂഹികജീവിതത്തിൽനിന്നു തന്നെ ബഹിഷ്കരിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം മാർക്സിസം കണ്ടെത്തി. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ഈ അന്യവല്ക്കരണത്തിന് യഥാർത്ഥകാരണം അവന്റെ സാമൂഹ്യ ജീവിതത്തിൽ തന്നെ കുടികൊള്ളുന്നു എന്നു കണ്ടെത്തുന്നിടത്താണ് മാർക്സിസത്തിന്റെ ഭൗതികത്വം ദർശിക്കേണ്ടതു്. സാമൂഹ്യജീവിതത്തെ നിർണ്ണായകമായി നിയന്ത്രിക്കുന്ന ഭൗതികോല്പാദനമണ്ഡലത്തിന്റെ ആധിപത്യം അതിന്റെ യഥാർത്ഥ ഉല്പാദകർക്ക് ലഭിക്കുന്നതോടെ ഈ അന്യത്വം പരിഹരിക്കപ്പെടുമെന്നും മാർക്സിസം പറയുന്നു. ഈ മൗലികപ്രശ്നത്തിന്മേലാണ് ഇന്ന് മാർക്സിസം നിർണ്ണായകമായ വെല്ലുവിളികളെ നേരിടുന്നതു്. ഇതു് ഇന്നു നാം കാണുന്ന 'സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ' ഭൗതികോല്പാദനമണ്ഡലത്തിന്റെ ആധിപത്യം ആരുടെ കൈകളിലാണ്? യഥാർത്ഥ ഉല്പാദകരുടെ കൈകളിലേക്ക് അതു് പരിവർത്തനം ചെയ്യുകഴിഞ്ഞുവോ? സാങ്കേതിക അർത്ഥത്തിൽ അവിടെ ജന്മിമാരോ മുതലാളിമാരോ ഉല്പാദനമണ്ഡലത്തിൽ മററ് സ്വകാര്യഉടമസ്ഥതയോ ഇല്ല എന്നതു ശരിയാണ്. എന്നാൽ അതുകൊണ്ട് മുഴുവൻ സമ്പത്തും ജനങ്ങളുടെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരപ്പെട്ടു എന്ന് അർത്ഥമാകുന്നുണ്ടോ? യഥാർത്ഥ ഉല്പാദകനാരു് എന്നതാണ്

ഇന്നു വളരെ പ്രസക്തമായ ചോദ്യം. ഏകശിലാസ്വഭാവത്തോടുകൂടിയ സ്റ്റാലിനിസ്റ്റ് പാർട്ടി സമ്പ്രദായത്തിൻ കീഴിൽ എല്ലാരംഗത്തും ആധിപത്യം വഹിക്കുന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയാണ്. ജനകീയവികാരങ്ങളുടെ യഥാർത്ഥ പ്രതിനിധി എന്ന നിലയിലോ തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയാളി എന്ന വ്യാഖ്യാനത്തിന്റെ പിൻബലത്തിലോ ഈ സമ്പ്രദായം എല്ലാ അർത്ഥത്തിലും ജനങ്ങളുടെ യഥാർത്ഥ അധികാരമായി അവതരിപ്പിക്കുക എളുപ്പമാണ്. എന്നാൽ, വ്യാഖ്യാനങ്ങളുടേയും നിർവ്വചനങ്ങളുടേയും അപ്പുറം യാഥാർത്ഥ്യമെന്ത്? ഇതറിയണമെങ്കിൽ നിലവിലുള്ള 'സോഷ്യലിസ്റ്റ്' രാജ്യങ്ങളുടെ പൊതുസ്ഥിതി എന്ത് എന്ന് മനസ്സിലാക്കുകയാണ് ഏകവഴി. ഇന്ന് മാർക്സിസം ഒരു കേവല സങ്കല്പമല്ല. സോവ്യററ് യൂണിയൻ മുതൽ ഇങ്ങോട്ടുള്ള അനുഭവങ്ങളുടെ സമാഹരണമാണതു്. അവിടെയൊന്നും അതിന്റെ പ്രണേതാക്കൾ വിളംബരംചെയ്തതുമാതിരി പാർട്ടി ജനകീയവികാരങ്ങളുടെ യഥാർത്ഥ പ്രതിനിധിയായിത്തീർന്നില്ല. എന്നുമാത്രമല്ല, പാർട്ടിയിലെ ഉന്നതസ്ഥാനീയർ ജനങ്ങളുടെ മേൽ കുതിരകയറുന്ന ഉദ്യോഗസ്ഥമേധാവികളായി മാറുകകൂടി ചെയ്തു. സ്വകാര്യ ഉടമസ്ഥത ഇല്ലാതിരിക്കുമ്പോൾതന്നെ മുഴുവൻ ഉല്പാദനഉപകരണങ്ങളും ഉപാധിയും ദേശസാല്ക്കരിക്കുമ്പോൾതന്നെ പ്രത്യേക അധികാരങ്ങളും ആനുകൂല്യങ്ങളും അനുഭവിക്കുന്ന ഒരു ചെറിയ വിഭാഗം ഉന്നതസ്ഥാനീയരുടെ കൈകളിലേക്ക് മുഴുവൻ നിയന്ത്രണങ്ങളും എത്തിച്ചേരുന്നു. 'ആജ്ഞാപിക്കുക അനുസരിക്കുക' എന്ന പൊതുകാഴ്ചപ്പാടിൽ സംവിധാനം ചെയ്യപ്പെട്ട വിവിധ നിലവാരങ്ങളിലെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ സഹായത്തോടെ രാജ്യമാകമാനം രാക്ഷസീയമായി ക്രമീകരിക്കപ്പെടുന്നു. 'എല്ലാം നിങ്ങളുടേതു്' എന്ന ആകർഷകമായ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് പണിയെടുക്കുന്നവന്റെ കയ്യിൽനിന്ന് അദ്ധ്വാനശക്തിയുടെ അവസാന ചില്ലിക്കാശുവരെ അപഹരിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ, പൊള്ളയായ ഒരു മുദ്രാവാക്യത്തിന് ജനഹൃദയങ്ങളെ ദീർഘകാലത്തേക്ക് വികാരവിവശമാക്കാൻ കഴിയില്ല. പക്ഷേ, ജനങ്ങൾ വസ്തുത മനസ്സിലാക്കിവരുമ്പോഴേക്കും സമയം അവരുടെ കാൽക്കീഴിൽനിന്ന് ഒലിച്ചുപോയിക്കഴിഞ്ഞിരിക്കും. അടിമത്തം ഒരു ജീവിതചര്യപോലെ മാറിത്തീർന്നിട്ടുണ്ടാവും. ഇതു് മാർക്സിസത്തിന്റെ പ്രയോഗമല്ല. ഭൗതികമായ ചില്ലറ നേട്ടങ്ങൾ ആത്മീയമായ മോഹനിദ്രയുമായി തട്ടിച്ചുനോക്കുമ്പോൾ നിസ്സാരമാണെന്നു മാത്രമല്ല അവഗണിക്കപ്പെടേണ്ടതു കൂടിയാണ്. വൈകാരിക പ്രതികരണങ്ങളുടെയും സാംസ്കാരിക പ്രതിഷേധങ്ങളുടെയും ജാലകപ്പഴുതുകളെല്ലാം ഭദ്രമായി ബന്ധിച്ച് സൈനികചിഹ്നമണിഞ്ഞ 'സോഷ്യലിസം' നിതാന്ത ജാഗ്രതയോടെ കാവൽനിൽക്കുന്ന തടങ്കൽപാളയങ്ങളാണോ സോവിയററ് ചേരി? ഇവിടെ ചിരസമ്മതമെന്നു വിശേഷിപ്പിക്കുന്ന സൈദ്ധാന്തിക നിഗമനങ്ങൾ പലതും കൊഴിഞ്ഞുവീഴുന്നു. തങ്ങളുടെ അഭിലാഷങ്ങൾക്കൊത്ത് സംഘംചേരാനുള്ള പ്രാഥമിക അവകാശങ്ങൾപോലും നിഷേധിക്കപ്പെടുന്നിടത്ത് 'സോഷ്യലിസത്തിൻ കീഴിലെ തൊഴിലാളിവർഗ്ഗം എത്ര ഭീകരമായ അന്യവല്ക്കരണത്തിനാണ് വിധേയമാക്കപ്പെടുന്നതു് എന്ന് ചിന്തിച്ചുനോക്കുക. യന്ത്രങ്ങളുടെ അനുബന്ധമാക്കപ്പെട്ട ഒരു സാമൂഹ്യജീവിതം മാത്രമാണ് ഈ രാജ്യങ്ങളിൽ ജനങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നതു്. പോളണ്ടിലേതു മാത്രമല്ല 'സോഷ്യലിസത്തിൻ കീഴിലെ മുഴുവൻ തൊഴിലാളിവർഗ്ഗവും കലാപ

ത്തിലേക്ക് ഉണരുന്നതിന്റെ അടിസ്ഥാനകാരണമിതാണ്.

അപാരമായ അന്യവല്ക്കരണം നൽകുന്ന ആജീവനാന്ത തടവുശിക്ഷയിൽനിന്നും മോചനം നേടാനുള്ള ഒരു ശ്രമമാണ് ഈ രാജ്യങ്ങളിലെ ജനത നടത്തുന്നത്. അനവസരവും അപക്വവുമായ അവരുടെ എല്ലാ പ്രതിഷേധ ശബ്ദങ്ങളും ഇപ്രകാരമുള്ള ഒരു വൈകാരിക വിധ്വംസാത്മകതയിലാണ് കലാശിക്കുന്നത്. കലാപം നടത്തുന്ന ഈ ജനത ഒന്നുംതന്നെ മാർക്സിസത്തെയോ അതിന്റെ ഉന്നതമായ ആദർശങ്ങളേയോ തള്ളിക്കളയുന്നില്ല എന്നത് നാം പ്രത്യേകം അടിവരയിട്ട് ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് സോഷ്യലിസത്തിൻ കീഴിലെ ജനത കലാപം ചെയ്താൽ ആ സമൂഹം തന്നെ പഴയ മുതലാളിത്തത്തിൻ കീഴിലെ വികൃത ദുരന്തങ്ങളിലേക്ക് മടങ്ങിപ്പോകും എന്ന ആശങ്ക അശാസ്ത്രീയമാണ്. ഇനി, ഇത്തരം ഒരു ആശങ്കയ്ക്ക് സിദ്ധാന്ത ദുർവാശിയുടെ പരിവേഷം കൂടി നൽകുന്നുവെന്നിരിക്കട്ടെ, നിഷേധത്തിൽ അടങ്ങിയിട്ടുള്ള രചനാത്മകതയെ മുളയിലേ നുള്ളുക എന്ന മനുഷ്യത്വഹീനതയിലേക്കായിരിക്കും അത് ചെന്നെത്തുന്നത്. അതുകൊണ്ടായിരിക്കും, സ്വന്തം രാജ്യത്തെ രക്ഷിക്കാൻ സോളിഡാരിറ്റിയുടെ കഴുത്തു ഞെരിക്കുക എന്ന വീക്ഷണം പുലർത്തുന്ന ജനറൽ ജറുസേൽസ്കി ഒരു വൃത്തികെട്ട സൈനിക സ്വേച്ഛാധിപതി മാത്രമാണെന്ന നിഗമനമല്ലേ കൂടുതൽ ഉചിതം?

ഒന്നിച്ചുനിൽക്കാം എന്നതിന്റെ ദൃഢപ്രഖ്യാപനം ഒരു സൈനിക ഉടമ്പടിയിലൂടെത്തന്നെ വേണമെന്ന് നിർബ്ബന്ധം പിടിക്കുന്നേടത്ത് തത്വശാസ്ത്രത്തിന്റെ ആത്മാവ് അകാലചരമമടയുന്നു.

റഷ്യയുടെ നേതൃത്വത്തിൽ സുസംഘടിതമായി നിലനില്ക്കാൻ ശ്രമിക്കുന്ന ചേരിയിലാണ് പോളണ്ട്. സൈദ്ധാന്തികരംഗത്തെ സത്യാന്വേഷണ ശ്രമങ്ങളുടെ സമാനതയാണോ ഈ ബന്ധത്തെ ശൃംഖലാബദ്ധമാക്കുന്നകണ്ണി? തീച്ചയായും അല്ല. മാർക്സിസത്തിന്റെ പേരിലല്ല, മറിച്ച് വാഴ്സാ ഉടമ്പടിയുടെ പേരിലാണ് ഇന്ന് റഷ്യൻ നേതാക്കൾ സംസാരിക്കുന്നത് എന്നു നാം ഓർക്കണം. ഒന്നിച്ചുനിൽക്കാം എന്നതിന്റെ ദൃഢപ്രഖ്യാപനം ഒരു സൈനിക ഉടമ്പടിയിലൂടെത്തന്നെ വേണമെന്ന് നിർബ്ബന്ധം പിടിക്കുന്നേടത്ത് തത്വശാസ്ത്രത്തിന്റെ ആത്മാവ് അകാലചരമമടയുന്നു. മനുഷ്യരുടെ സർവ്വതോന്മുഖമായ വികാസം എന്ന ലക്ഷ്യത്തിന് ജരാനരബാധിക്കുകയും ചെയ്യുന്നു. റഷ്യൻ ഭരണകൂടവും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ ഇന്നത്തെ അവസ്ഥയിതാണ്. പോളീഷ് ഭരണഘടനയിൽ 'റഷ്യയുമായുള്ള പോളണ്ടിന്റെ സൗഹൃദം അനശ്വരമായിരിക്കും' എന്ന വാചകം വെട്ടിക്കളയണം എന്ന ഒററ ആവശ്യത്തിനുമേൽ ബഹുജനപ്രക്ഷോഭം നടന്ന രാജ്യമാണ് പോളണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്. പോളണ്ടിലെ അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തിന് ഒരാഴ്ച മുൻപുതന്നെ റഷ്യൻ സൈന്യാധിപൻ വാഴ്സയിൽ എത്തിച്ചേർന്നിരുന്നു എന്നത് യാദൃശ്ചികമല്ല. വാഴ്സയിൽ നടപ്പാക്കപ്പെടുന്നത് രൂപം കൊടുക്കപ്പെട്ട ഒരു പദ്ധതി മാത്രമാണ്. അത് വിടർന്നുവരുന്നത് മോസ്കോയിലെ ഏതെങ്കിലും 'റോബോട്ട്' മസ്തിഷ്കത്തിൽനിന്ന് ആയിരിക്കുകയും ചെയ്യും. 'റാഡം'വും 'ഗഡനാസ്ക്കും' ബഹുജനപ്രക്ഷോഭത്തിന്റെ ഒരു രണ്ടാം തിരിച്ചുവരവിന് അരങ്ങായത് യാദൃശ്ചികമായ കാരണങ്ങളാലല്ല. ആത്മാവു നഷ്ടപ്പെട്ട ഒരു ജനതക്ക് അള്ളിപ്പിടിച്ചു നിൽക്കാൻ ഒരു ഭൗതിക പിൻബലംകൂടി ഇല്ലാതായാലോ? പോളണ്ടിൽ അത്യാവശ്യ സാധനങ്ങളുടെ വില 70 ശതമാനത്തോളം വർദ്ധിച്ചുവെന്ന് ഗവൺമെൻറു കണക്കുകൾ തന്നെ പറയുന്നുണ്ട്. ഡിപ്പാർട്ടുമെൻറൽ സ്റ്റോറുകൾക്കു മുന്നിലെ നിരർത്ഥകമായ കാത്തിരിപ്പിലും ഭേദം പ്രക്ഷോഭണത്തിന്റെ അവ്യവസ്ഥയാണ് എന്ന് ഒരു ജനത നിരൂപിച്ചാൽ നമുക്ക് എങ്ങിനെ അവരെ കുററപ്പെടുത്താനാവും? റഷ്യയുടെ നേതൃത്വത്തിലുള്ള, പൊതുക്കമ്പോളത്തിലെ ഏററവും ദുർബ്ബലമായ കണ്ണിയാണ് ദാസ്യവൃത്തികൊണ്ട് സാമ്പത്തികമായി തളർന്നുപോയ ഇന്നത്തെ പോളണ്ട്. ദുർബ്ബലമായ കണ്ണികളാണല്ലോ ആദ്യം പൊട്ടുക.

പോളണ്ടിലെ ഈ രാഷ്ട്രീയ നവോത്ഥാനത്തെ അതിശക്തമായിതന്നെ അടിച്ചമർത്താൻ യാഥാസ്ഥിതികശക്തികൾ മുന്നോട്ടുവന്നുകഴിഞ്ഞു. റഷ്യതുടങ്ങിയ രാജ്യങ്ങൾ 'സോഷ്യലിസ'ത്തിന്റെ പേരിൽ അതുചെയ്യുമ്പോൾ പടിഞ്ഞാറൻ മുതലാളിത്തരാജ്യങ്ങൾ 'ജനാധിപത്യ'ത്തിന്റെ പേരിൽ അതുചെയ്യുന്നുവെന്നു മാത്രം. തൊഴിലാളിവർഗ്ഗം അധികാരം സ്ഥാപിച്ച, സ്വാശ്രിതമായ ഒരുപോളണ്ട്, പടിഞ്ഞാറൻ രാജ്യങ്ങളും ഇഷ്ടപ്പെടുന്നില്ല. അമേരിക്കയേയോ വെസ്ററജർമ്മനിയേയോ പോളണ്ടിലെ സൈനിക ഭരണകൂടത്തിന് അടിസ്ഥാനപരമായി എതിരല്ല. കാരണം പോളണ്ടിൽ അവർ നടത്തിയിരിക്കുന്ന മൂലധന നിക്ഷേപത്തിന് അവിടത്തെ സൈനിക സ്വേച്ഛാധിപത്യം ഗ്യാരൻറി

കൈവിലങ്ങ് അണിയുന്ന പ്രതിഷേധം

പോളണ്ടിൽ 80-81 കാലം സാമൂഹ്യവും രാഷ്ട്രീയവുമായ പ്രധാനപ്പെട്ട മാററങ്ങളുടെ കാലമായിരുന്നു. '80' ജൂലായിൽ പൊട്ടിപ്പുറപ്പെട്ട സമരം ഗസ്നാസ്ക് ഫാക്ടറി സമരസമിതിയും ഭരണാധികാരികളും തമ്മിലുള്ള ഒരു ഒത്തുതീർപ്പുവ്യവസ്ഥയിന്മേൽ പരിഹരിക്കപ്പെട്ടു. ഈ ഒത്തുതീർപ്പിൽ തൊഴിലാളികൾ മുന്നോട്ടുവെച്ചസ്വതന്ത്ര ട്രേഡ്‌യൂണിയനെ അംഗീകരിക്കുക, രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുക, സ്വതന്ത്രമായി അഭിപ്രായ പ്രകടനം നടത്തുന്നവരെ പീഡിപ്പിക്കാതിരിക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു. അങ്ങിനെ നൂററിഇരുപതു് ലക്ഷം അംഗങ്ങളുള്ള സോളിഡാരിററി യൂണിയൻ 80 നവംബർ 10 ന് ഔദ്യോഗികമായി നിലവിൽ വന്നു. ഇതിനിടെ എഡ്‌വേർഡ് ഗ്രീക്കിന്റെ സ്ഥാനത്ത് കാനിയ, പോളീഷ് യുണൈറഡ് പാർട്ടിയുടെ കേന്ദ്രക്കമ്മററിയുടെ ഒന്നാം സെക്രട്ടറിയായി സ്ഥാനമേററിരുന്നു.

ഗസ്നാസ്കിലെ ഈ ഒത്തുതീർപ്പിനു തൊട്ടുമുൻപുവരെ മുൻവർഷങ്ങളിലെപ്പോലെതന്നെ അടിച്ചമർത്തലുകൾ തുടർന്നിരുന്നു. 1976ൽ ആരംഭിച്ച അനൗദ്യോഗിക മനുഷ്യാവകാശ-പൗരാവകാശ സംഘടനയിലെ അംഗങ്ങൾക്ക് പലപ്പോഴും പോലീസ് കസ്റ്റഡിയിൽ കഴിയേണ്ടിവരികയും രാഷ്ട്രീയ പ്രേരിതമായ അറസ്റ്റു്, വിചാരണകളും ചെയ്യാത്ത കുററങ്ങൾക്കുള്ള തടവുശിക്ഷയും അനുഭവിക്കേണ്ടിവരികയും ചെയ്തു. ഈ പ്രസ്ഥാനത്തിൽ സാമൂഹ്യസ്വയംരക്ഷാകമ്മററി(KSSKOR) മനുഷ്യാവകാശ പൗരാവകാശപ്രസ്ഥാനം (Ropcio), വിദ്യാർത്ഥികളും കർഷകരും മതവിശ്വാസികളും ചേർന്ന് രൂപംനല്കിയ സ്വയംരക്ഷാസമിതികൾ അനൗദ്യോഗിക സ്വതന്ത്രട്രേഡ്‌യൂണിയനുകൾ ഇവ ഉൾപ്പെട്ടിരുന്നു. 1791ൽ രൂപംകൊണ്ട ഒന്നാം പോളീഷ് ഭരണഘടനയുടെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത 4000 പേരിൽ നല്ലൊരു വിഭാഗത്തെ പോലീസ് മർദ്ദിച്ചു. അന്നത്തെ റാലിയിൽ സംസാരിച്ച രണ്ടുപ്രവർത്തകരെ അറസ്റ്റുചെയ്യുകയും പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്കുള്ള വഴിമദ്ധ്യേ അവരെ മർദ്ദിക്കുകയും ചെയ്തു. പിന്നീ

(ശേഷം 15-ൽ)

ട്ട് കോടതി ഇവരെ മൂന്നുമാസത്തെ തടവിനു ശിക്ഷിച്ചു.

ഒരു തൊഴിലാളിയെ പോലീസ് മർദ്ദിച്ച് അവശനാക്കിയ വിവരം KSSKOR-ന്റെ ഒരു പ്രവർത്തകൻ '79 ജൂലായിൽ റിപ്പോർട്ടുചെയ്തിരുന്നു. അതേത്തുടർന്ന് അതിൽ ഉൾപ്പെട്ടിരുന്ന പോലീസുകാർ ശിക്ഷിക്കപ്പെട്ടു. പക്ഷേ പിന്നീട് സെക്യൂരിറ്റിപോലീസ് KSSKORന്റെ ആ പ്രവർത്തകനെ നിരന്തരമായ മർദ്ദനത്തിനും ചോദ്യംചെയ്യലിനും ഭീഷണിപ്പെടുത്തലിനും വിധേയനാക്കി. 'ഭീഷണിപ്പെടുത്തുന്ന സ്വഭാവം' ആരോപിച്ച് അയാളെ 19 മാസത്തെ തടവിനു ശിക്ഷിച്ചു. എന്നാൽ അയാൾ KSSKOR നു വേണ്ടി പ്രവർത്തിച്ചു എന്നതാണ് യഥാർത്ഥകാരണം എന്ന് അംനെസ്റ്റി ഇന്റർനാഷണൽ കരുതുന്നു. അറിയപ്പെടുന്ന പല പ്രവർത്തകരും അറസ്റ്റ് ചെയ്യപ്പെടുകയും അവരുടെ വീടുകളിൽ നടന്ന തെരച്ചിലിൽ അനൗദ്യോഗിക സാഹിത്യങ്ങളും രേഖകളും പിടിച്ചെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പോളണ്ടിൽ നടന്ന മനുഷ്യാവകാശധ്വംസനങ്ങളിൽ ഏറിയകൂറും ഇത്തരത്തിലുള്ളവയായിരുന്നു.

1980 ജൂലായിൽ പോളണ്ടിൽ ഒട്ടാകെ പടർന്നുപിടിച്ച സമരത്തെ തുടർന്ന് ഗവ: നടപ്പാക്കിയ പത്രമാരണത്തെ മറികടക്കുന്നതിനായി KSS KOR ലേയും മറ്റ് മനുഷ്യാവകാശ സമിതിയിലേയും പ്രവർത്തകർ സമരത്തെക്കുറിച്ചുള്ള വാർത്തകൾ പ്രചരിപ്പിക്കാൻ തുടങ്ങി. അതിനെ തുടർന്ന് നിരവധിപേർ അറസ്റ്റ്ചെയ്യപ്പെട്ടു. പല പോലീസ്സ്റ്റേഷനുകളിലായി മാറ്റി മാറ്റി പാർപ്പിച്ചു ഇവർ പീഡിപ്പിക്കപ്പെടുകയുണ്ടായി. ആഗസ്റ്റ് 31 ലെ ഒത്തുതീർപ്പിൽ എല്ലാ രാഷ്ട്രീയതടവുകാരേയും വിട്ടയക്കാമെന്ന് ഭരണാധികാരികൾ സമ്മതിച്ചിരുന്നുവെങ്കിലും അത് നടപ്പിലാക്കാതിരുന്നതിനെ തുടർന്ന് തൊഴിലാളികൾ പ്രതിഷേധസ്വരമുയർത്തി. അതെത്തുടർന്ന് 'സോളിഡാരിറ്റി'യിലെ നിരവധിപേർ അറസ്റ്റുചെയ്യപ്പെട്ടു. "പോളീഷ് യുണൈറ്റഡ് പാർട്ടിയുടെ ഏകാധിപത്യത്തിനും സോവ്യറ്റ് മേൽക്കോയ്മയ്ക്കും എതിരെ പ്രവർത്തിക്കുന്ന"KPNഎന്ന സ്വതന്ത്രപോളണ്ടിനു വേണ്ടിയുള്ള സംഘടനയുടെ നേതാവ് മൊക്സൽസ്കി സെപ്തംബറിൽ അറസ്റ്റുചെയ്യപ്പെട്ടു.

'80 നവംബറിൽ വാഴ്സയിലെ 'സോളിഡാരിറ്റി' ഓഫീസിൽ പോലീസ് തിരച്ചിൽ നടത്തി. രാജ്യത്തിന്റെ രഹസ്യങ്ങൾ ചോർത്തി എന്ന കുറ്റം ആരോപിച്ച് ജാൻ നരോസ്നൈക് എന്ന പ്രവർത്തകനെ അറസ്റ്റുചെയ്തു. വിമതന്മാരെ അറസ്റ്റുചെയ്യാനായി Procurator General's Office-ൽ നിന്ന് കീഴ്നിലവാരങ്ങൾക്കു നല്കിയ ഒരു മാർഗ്ഗനിർദ്ദേശകരേഖ 'സോളിഡാരിറ്റി' പ്രസിദ്ധം ചെയ്തിരുന്നു. നരോസ്'നൈകിനു ഈ രേഖ കൈമാറി എന്ന കുറ്റം ചുമത്തി Procurator General's Office-ലെ ഒരു തൊഴിലാളിയെ നവംബർ 25 നു പോലീസ് അറസ്റ്റുചെയ്തു. നരോസ്നൈകിനെ വിട്ടുകിട്ടണമെന്ന തൊഴിലാളികളുടെ ആവശ്യം നിരസിക്കപ്പെട്ടതിനെ തുടർന്ന് നവം. 24 നു തൊഴിലാളികൾ വാഴ്സയ്ക്കടുത്തുള്ള ഒരു ഫാക്ടറി കയ്യേറി. നരോസ്നൈകിനേയും, Procurator General's Office-ലെ തൊഴിലാളിയേയും KPN നേതാവിനേയും മറ്റും വിട്ടുകിട്ടാനായി തൊഴിലാളികൾ ഒരു പൊതു പണിമുടക്ക് ഭീഷണി ഉയർത്തി. നവംബർ 27 ന് ഗവണ്മെന്റ് നരോസ്നൈകിനെയും Procurator general's office ലെ തൊഴിലാളിയെയും വിട്ടയച്ചതോടെ തൊഴിലാളികൾ പൊതുപണിമുടക്കിനുള്ള ആഹ്വാനം പിൻവലിച്ചു. ഗ്ഡാൻസ്ക് ഒത്തുതീർപ്പിനു വിരുദ്ധമായി തങ്ങളുടെയും മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെയും അംഗങ്ങളെ തുടർച്ചയായി അറസ്റ്റു ചെയ്യുന്നതിനെതിരെ 'സോളിഡാരിറ്റി' 'മനസ്സാക്ഷി തടവുകാരുടെ സംരക്ഷണ കമ്മറ്റിക്കു" രൂപം നൽകാൻ തീരുമാനമെടുത്തു. ഡിസംബറിൽ KPN ന്റെ മറ്റു മൂന്നു പ്രധാന പ്രവർത്തകർകൂടി അറസ്റ്റു ചെയ്യപ്പെട്ടു. 81 ജനുവരിയിലും മാർച്ചിലും അറസ്റ്റു ചെയ്യപ്പെട്ട KPN അംഗങ്ങളുടെമേൽ ചുമത്തിയിരുന്നകുറ്റം പീനൽകോഡ് 123 ഉം 128 ഉം വകുപ്പുകൾ ആയിരുന്നു. അത് ഇങ്ങനെ പറയുന്നു. "പോളീഷ് റിപ്പബ്ലിക്കിനെ തകർക്കാനും അതിന്റെ പ്രതിരോധശക്തി നശിപ്പിക്കാനും അതിനെ വിഘടിപ്പിക്കാനും മറ്റുള്ളവരുമായി ചേർന്ന് ഗൂഢാലോചന നടത്തുകയോ തയ്യാറെടുപ്പുകൾ നടത്തുകയോ ചെയ്തു." KPN സംഘടനയിലെ ആരും തന്നെ അക്രമത്തിന് ആഹ്വാനം നൽകിയതായോ അക്രമം നടത്തിയതായോ അംനെസ്റ്റി ഇന്റർനാഷണലിനു ഒരു തെളിവും ലഭിച്ചിട്ടില്ല. എന്നാൽ അവർ അറസ്റ്റു ചെയ്യപ്പെട്ടത് ഔദ്യോഗികമായി അംഗീകരിക്കപ്പെടാത്ത വീക്ഷണങ്ങൾ അവതരിപ്പിച്ച എന്നതിനാണ്. നിയമപരിപാലകർക്ക് ഇന്ന് പോളീഷ് നിയമം നൽകിയിരിക്കുന്ന അമിതാധികാരത്തെക്കുറിച്ചും അറസ്റ്റ് ചെയ്യപ്പെടുന്നവർക്ക് നിയമസഹായം ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടിനെക്കുറിച്ചും അംനെസ്റ്റി ഇന്റർനാഷണൽ ആശങ്കപ്പെടുന്നു.

(അംനെസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട്—1981-ൽ നിന്ന്)

നൽകുന്നുണ്ട്. മാത്രമല്ല പോളണ്ടിലെ സംഭവങ്ങളെ മുൻനിർത്തി, അമേരിക്ക ഭക്ഷ്യധാന്യ കയറ്റുമതിയുടെ കാര്യത്തിൽ' റഷ്യക്കുമേൽ ഒരു ഉപരോധം പ്രഖ്യാപിച്ചിരുന്നു. റീഗന്റെ ആ പ്രഖ്യാപനം ഇനിയും പ്രയോഗത്തിൽ വന്നിട്ടില്ല. കാരണം വളരെ ലളിതമാണ്. ഭക്ഷ്യധാന്യ ഉല്പാദന രംഗത്തെ അമേരിക്കൻ കുത്തകകൾക്ക് നഷ്ടംവരുത്തിവെയ്ക്കുന്ന എന്തു തീരുമാനമാണ് പ്രസിഡന്റ് റീഗനു നടപ്പിലാക്കാൻ കഴിയുക? അതുകൊണ്ട് എല്ലാ അർത്ഥത്തിലുമുള്ള ചൂഷകർ സ്വന്തം താല്പര്യത്തിനു ചേരുന്ന വിധത്തിൽ മാത്രം പോളണ്ടിനെ വ്യാഖ്യാനിക്കുന്നു. അവിടെ ഇടപെടുകയും ചെയ്യുന്നു. എന്നാൽ പോളണ്ടിലെ കലാപം ഈ താൽപര്യങ്ങൾക്കെല്ലാം അപ്പുറത്താണ്. അതുകൊണ്ടാണ് പോളണ്ട് ഇന്ന് ലോകചരിത്രത്തിന്റെ ഏറ്റവും പുതിയ അദ്ധ്യായമായത്.

മാർക്സിസത്തിന്റെ ദാർശനിക ദാരിദ്ര്യമാണോ, അതോ പോളിഷ് ഭരണവൃത്തങ്ങളുടെ വീക്ഷണ വൈകല്യമാണോ എന്താണ്പോളണ്ടിന്റെ ദുർഗതിക്ക് കാരണം? മാർക്സിസ്റ്റുകളെ സംബന്ധിച്ചിടത്തോളം ഈ ചോദ്യം വളരെ പ്രസക്തമാണ്. കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തന കാലഘട്ടമായാണ് സോഷ്യലിസത്തെ മാർക്സ് നിർവചിച്ചത്. മാർക്സിനെ സംബന്ധിച്ചിടത്തോളം തൊഴിലാളി വർഗ്ഗഭരണകൂടം ഒരു ശാശ്വതമായ ഏർപ്പാടല്ല. തൊഴിലാളിവർഗ്ഗം നേതൃത്വംമേറ്റെടുത്തു മുഴുവൻ സമൂഹത്തേയും നിർവർഗ്ഗീകരണത്തിലേക്ക് നയിക്കുന്ന ഒരു കാഴ്ചപ്പാടാണ് മാർക്സ് മുന്നോട്ടുവച്ചത്. പരിവർത്തനത്തിന്റേതായ ഈ കാലഘട്ടത്തെ "കലങ്ങിമറിഞ്ഞ കലാപങ്ങളുടെ കാലഘട്ടം"എന്നാണ് ലെനിൻ വിശേഷിപ്പിച്ചത്. 'അന്തർധാനം ചെയ്യുന്ന ഒരുഭരണകൂടം' മാത്രമേ തൊഴിലാളിവർഗ്ഗത്തിന് ആവശ്യമുള്ളു എന്ന്ലെനിൻ അതു വിശദീകരിക്കുകയും ചെയ്തു. വളരെ അമൂർത്തമായ ഈ വിശകലനങ്ങൾ കഴിഞ്ഞാൽ പിന്നെ നാം കാണുന്നത് സ്റ്റാലിനിസത്തിന്റെ ഇരുണ്ടയുഗമാണ്. ഭരണ കൂടം ഭീകരമായി കേന്ദ്രീകരിക്കപ്പെട്ടതിന്റെ ഒരു ദീർഘകാല പ്രയോഗം. അതിനു ശേഷം ഇക്കാര്യത്തിൽ എന്തെങ്കിലും ഒരുരാഷ്ട്രീയപരീക്ഷണത്തിനുമുതിർന്നത് ചൈനയിൽ മാവോയാണ്; സാംസ്കാരിക വിപ്ലവത്തിലൂടെ പാർടിബ്യൂറോക്രസിക്കെതിരായി സമരംചെയ്തു കൊണ്ട് ജനാധിപത്യ കേന്ദ്രീകരണത്തിന്റെ പുത്തൻ വീക്ഷണം മാവോ മുന്നോട്ടുവച്ചു. രണ്ടുലൈൻ സമരത്തെ സംബന്ധിച്ച കാഴ്ചപ്പാടിലൂടെ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകാശിപ്പിക്കാ

(ശേഷം 26-ൽ)

റുഡോൾഫ് ബാരോ

ഒരാമുഖം*

എൻെറ പുസ്തകം എവിടെവെച്ചു വഴിപിരിയുന്നു, അതിൻെറ ലക്ഷ്യമെന്ത്—ഇവ ചർച്ച ചെയ്തുകൊണ്ട് ആരംഭിക്കാനാണെനിക്കിഷ്ടം. ഇതിൻെറ ആദ്യശീർഷകം ‹‹നിലവിലുള്ള സോഷ്യലിസത്തിൻെറ വിമർശനത്തിനൊരു സംഭാവന’’ എന്നായിരുന്നു. ഒരു പക്ഷേ ഇതൽപ്പം പഴഞ്ചനാണ്. ഇപ്പോൾ ഇതു് ഉപശീർഷകം മാത്രമാണ്. സാമൂഹ്യ രൂപീകരണങ്ങളെക്കുറിച്ചുള്ള മാർക്സിൻെറ പ്രശസ്തമായ അപഗ്രഥനത്തെ, വിശേഷിച്ചും ‹‹രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിൻെറ വിമർശനത്തിനൊരു സംഭാവന’’ എന്നപേരിലദ്ദേഹം 1859-ൽ നടത്തിയ ‘മൂലധന’ത്തിൻെറ പ്രാഥമികപഠനത്തെ, കരുതിക്കൂട്ടിത്തന്നെ അനുസ്മരിപ്പിക്കുന്നതാണീശീർഷകം. കഴിഞ്ഞ പത്തുകൊല്ലക്കാലം ഈ പ്രയുക്ത സോഷ്യലിസത്തെ തനതായ തരത്തിൽപ്പെട്ട ഒരു സാമൂഹ്യരൂപമെന്ന നിലയിൽ അപഗ്രഥിക്കുന്നതിനാണ് ഞാനെൻെറ ഒഴിവുവേളകൾ ഏതാണ്ട് മുഴുവനുംതന്നെ ചിലവിട്ടിട്ടുള്ളതു്. മാർക്സിനു് ബൂർഷ്വാസമൂഹത്തെക്കുറിച്ചുള്ള തൻെറ വിമർശനത്തിൽ നേടാൻകഴിഞ്ഞ അതേ പൂർണ്ണത എനിക്കു നേടാനായിട്ടില്ലെന്നു വരാം. എങ്കിലും പുസ്തകം ജനങ്ങളിലെത്തിക്കാൻ നേരമായി. സ്വാഭാവികമായും,—കിഴക്കൻ യൂറോപ്പിനു പുറത്തെവിടെയെങ്കിലും മാത്രമല്ല, ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കിൽതന്നെ—ഇവിടെ ഇതു വിതരണം ചെയ്യാൻ പ്രയാസമാണെങ്കിലും. തന്നെയുമല്ല, ഇതു് എൻെറ സ്വന്തം പേരിൽതന്നെ പ്രത്യക്ഷപ്പെടണമെന്നു് ഞാൻ ആദ്യമേതന്നെ തീർച്ചപ്പെടുത്തിയിരുന്നു. നേരിട്ടുള്ള ഒരു വെല്ലുവിളി—അതാണെൻെറ പുസ്തകത്തിൻെറ ഉന്നം—ഭീരുത്വവുമായി ഒത്തുപോവുകയില്ല, ധാർമ്മികമായി മാത്രമല്ല, രാഷ്ട്രീയമായും.

വിപ്ലവകരമായ ഒരു കമ്മ്യൂണിസ്ററ് പോംവഴി

1917 മുതലുള്ള വിപ്ലവപ്രക്രിയ, അതിൻെറ വഴികാട്ടികൾ ഉദ്ദേശിച്ചിരുന്നതിൽനിന്നു തീർത്തും വിഭിന്നമായ ഒരു സാമൂഹ്യക്രമത്തിനു പിറവി നൽകിയിരിക്കുന്നു. ഈ പുതിയ വ്യവസ്ഥിതിക്കുകീഴിൽ ജീവിക്കുന്ന എല്ലാവർക്കും ഇതു സുപരിചിതമാണ്—സാമ്പ്രദായിക മാർക്സിസ്റ്റ് വിധിമുറപ്രകാരം ഔപചാരികമായി നമ്മുടെ അവസ്ഥ ആവിഷ്കരിക്കുകയാണെങ്കിൽ, വളരെക്കാലമായി ഇതു് ബോധപൂർവ്വമുള്ള കപടനാട്യമായിരുന്നെന്നു പറയാം—കൽപിച്ചുകൂട്ടിയുള്ള കപടബോധത്തിൻെറ സൃഷ്ടി. ഇപ്പോഴുള്ള സോഷ്യലിസത്തെക്കുറിച്ചുള്ള എൻെറ വിമർശനം വിപ്ലവകരമായ ഒരു കമ്മ്യൂണിസ്റ്റ് പോംവഴി (alternative) സ്ഥാപിച്ചെടുക്കുവാനുദ്ദേശിക്കപ്പെട്ടതാണ്—അതായതു്, അതിൻെറ സാമ്പത്തികമായ വേരുകളിലേയ്ക്കും, നമ്മുടെ സമൂഹത്തിൻെറ അദ്ധ്വാനത്തിൻെറ കാവൽക്കാരായ ‹‹പോളിററ് ബ്യൂറോക്രാററിക്’’ സ്വേച്ഛാധിപത്യത്തിലേയ്ക്കും, അതിൻെറ ചങ്ങലയിൽ തളച്ചിടപ്പെട്ട മുഴുവൻ സാമൂഹ്യജീവിതത്തിലേക്കും ചുഴിഞ്ഞിറങ്ങുന്ന ഒന്ന്. നിലവിലുള്ള സോഷ്യലിസത്തിൽനിന്ന് യഥാർത്ഥമായ സോഷ്യലിസത്തിലേക്കുള്ള മുന്നേററത്തിന്നൊരുങ്ങാനും അതിനെ നയിക്കാനുമായി എല്ലാ മുന്നണികളിലും കെട്ടിപ്പടുക്കണമെന്നെനിക്കുറപ്പുള്ള പുതിയ കമ്മ്യൂണിസ്റ്റ് ലീഗിൻെറ പരിപാടികൾക്കായുള്ള നിർദ്ദേശങ്ങളാണ് ഞാൻ മുന്നോട്ടുവെക്കുന്നതു്. സോഷ്യലിസ്റ്റോ കമ്മ്യൂണിസ്ററോ ആയ വീക്ഷണമല്ലാതെ മറെറാരു വീക്ഷണവും എനിക്കു മുന്നിൽ കാണാനാകുന്നില്ല. ഇത്തരം പോംവഴി ചില വിശദാംശങ്ങളെ മാത്രം ബാധിക്കുന്നതല്ല, മുഴുവൻ സാമൂഹ്യചട്ടക്കൂടിൻെറയും വിപ്ലവവത്കരണം ഉൾക്കൊള്ളുന്ന ഒന്നാണ്—സാമൂഹ്യരൂപീകരണത്തിൻെറ മുഴുവൻ വിലയനമെന്നു പറയാം. അതിനാൽ അതിൻെറ സൂക്ഷ്മാംശങ്ങൾ ഇനിയും പൂർണ്ണമായും വിശദീ

എവിടെ

കരിക്കാനാവില്ലെങ്കിലും അതിൻെറ രൂപരേഖ മുഴുവൻ സങ്കീർണ്ണതയോടെതന്നെ നൽകിയേ മതിയാകൂ.

മാർക്സും ഏംഗൽസും പ്രവചിച്ചതും, ലെനിനും സഖാക്കളും റഷ്യയിൽ നിസ്സംശയമായി ആഗ്രഹിച്ചതുമായ സോഷ്യലിസം വന്നുചേരുകതന്നെ ചെയ്യും. നമ്മുടെ സമരത്തിൻെറ ലക്ഷ്യം അതായിരിക്കണം. എന്നത്തേക്കാളുമേറെ ഇന്നു്സംസ്കാരത്തിൻെറ ഒരാഗോളദുരന്തത്തിനുള്ള ഒരേയൊരു പോംവഴിയും അതാണ്. പക്ഷേ ലോകത്തെങ്ങും ഈ ദിശയിൽ ചില പ്രാഥമിക പരിശ്രമങ്ങളിലേറെ ഒന്നും നടന്നിട്ടില്ല, ഉദാഹരണത്തിനു് യുഗോസ്ലാവിയായിൽ. മററു കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലാകട്ടെ ഇത്രപോലുമില്ല. സോഷ്യലിസവും കമ്മ്യൂണിസവുംകൊണ്ട് മാർക്സ് എന്താണ് മനസ്സിലാക്കിയതെന്നു് ഇന്നത്തെ കമ്മ്യൂണിസ്റ്റുകാർക്ക് അറിയില്ല—ശരിക്കും കമ്മ്യൂണിസ്റ്റായവർക്കുപോലും. എന്നാൽ, സോവിയററ്-പൂർവ്വയൂറോപ്യൻ സമൂഹങ്ങൾ മാർക്സിസത്തിൻെറ ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുകയില്ലെന്നതു് വേണ്ടത്ര വ്യക്തമാണ്. നിലവിലുള്ള സോഷ്യലിസം, അതിൻെറ പല നേട്ടങ്ങളും പരിഗണിച്ചാൽതന്നെയും, ഈ ലക്ഷണങ്ങൾ

സോഷ്യലിസ്ററ് രാജ്യങ്ങളിലെ ജനജീവിതം എങ്ങിനെയാണ്? കടുത്ത സെൻസറിങ്ങിന് വിധേയമായി പുറത്തേക്കു വരുന്ന പ്രസിദ്ധീകരണങ്ങളിൽ നിന്നും സിനിമകളിൽ നിന്നും മററും ആ രാജ്യങ്ങളിലെ ജനജീവിതം പുറം ലോകത്തിന് മനസ്സിലാക്കാൻ കഴിയാതായിരിക്കുന്നു. ഭിന്നാഭിപ്രായങ്ങളുടെ നേരെ അങ്ങേയററം അസഹിഷ്ണുതാപരമായ സമീപനം കൈക്കൊള്ളുകവഴി അവിടത്തെ ഭരണകൂടം ജനമർദ്ദക സ്വഭാവം കൈക്കൊണ്ടിരിക്കുന്നു.

റുഡോൾഫ്ബാരോ കിഴക്കൻ ജർമ്മനിയിലെ കമ്മ്യൂണിസ്ററു പാർട്ടിയിലും ഗവണ്മെൻറിലും ഉന്നതസ്ഥാനങ്ങൾ

വഹിച്ചിരുന്നയാളാണ്. കിഴക്കൻ ജർമ്മനിയിൽ വളർന്നുവരുന്ന ഉദ്യോഗസ്ഥ മേധാവിത്ത ഭരണകൂടത്തിന്റെ യഥാർത്ഥനിറം നേരിൽ കണ്ടറിഞ്ഞ ആളുമാണ്. വളരെ നിശബ്ദമായി 'എങ്ങനെയായിരിക്കണം സോഷ്യലിസം' എന്ന തന്റെ കാഴ്ചപ്പാടുകൾക്ക് ബാരോ രൂപം നൽകി. അത് തുറന്നു പ്രകാശിപ്പിക്കുക സാദ്ധ്യമല്ലാത്തതിനാൽ അദ്ദേഹം രഹസ്യമായത് പടിഞ്ഞാറൻ ജർമ്മനിയിലേക്കു അയച്ചു. അവിടെനിന്ന് ബാരോയുടെ കൃതി പ്രസിദ്ധീകരിക്കപ്പെട്ടു. അറസ്റ്റ് ഭയന്ന് ബാരോ എങ്ങോട്ടും ഒളിച്ചോടാൻ പോയില്ല. ബാരോയിപ്പോൾ തടവിലാണ്.

കാണിക്കുന്നു. കൂലിവേലയുടെയും ചരക്കുല്പാദനത്തിന്റെയും പണത്തിന്റെയും നിലനില്പ്; പാരമ്പര്യപ്രകാരമുള്ള ജോലിവിഭജനത്തിന്റെ യുക്തിവൽക്കരണം; സാമ്പത്തികവരുമാനങ്ങളുടെ പരിധിക്കും വളരെയപ്പുറത്തേക്ക് വ്യാപിച്ചുകിടക്കുന്ന സാമൂഹ്യാസമത്വങ്ങളുടെ പരിരക്ഷ, ജനങ്ങളെ ആജ്ഞാപിക്കാനും പരിശീലിപ്പിക്കാനുമായുള്ള ഔദ്യോഗിക സംഘടനകൾ; ബൂർഷ്വായുഗത്തിൽ ജനങ്ങൾനേടിയെടുത്ത സ്വാതന്ത്ര്യങ്ങളെ നിലനിർത്തുകയും സാക്ഷാൽക്കരിക്കുകയും ചെയ്യേണ്ടതിനുപകരം അവയുടെ

ലീലയിലെന്നതിനെക്കാളേറെ സാമൂഹികാധികാരത്തിന്റെ സമ്പൂർണ്ണമായ കേന്ദ്രീകരണമുള്ള ഈ വ്യവസ്ഥയിൽ, വ്യക്തിയുടെ നിസ്സാരത കൂടുതൽ ദർശനീയവും സാർവ്വത്രികവുമായി മുന്നോട്ടുവരുന്നു.

പൂർവ്വസംസ്കാരങ്ങളിൽ ഭരണകൂടം സമൂഹത്തെ “പ്രതിനിധാനം” ചെയ്തിരുന്നപോലെ തന്നെയാണ്, സോഷ്യലിസത്തിന്റെ ആചാര്യന്മാർ ആഗ്രഹിച്ചിരുന്ന സ്വാതന്ത്ര്യമായ ബന്ധത്തെ “പാർട്ടിയും ഗവണ്മെന്റു”മെന്ന പേരിലറിയപ്പെടുന്ന ട്രേഡ്‌യൂണിയനുകളും മറ്റുമുൾപ്പെട

വാഗ്ദത്തഭൂമി

നിമ്മാജ്ജനം (“സോഷ്യലിസ്റ്റ് ജനാധിപത്യ”മെന്നു വിളിക്കപ്പെടുന്ന വ്യവസ്ഥയുടെ യഥാർത്ഥമായ പൊള്ളത്തരവും വ്യക്തമായ ഔപചാരികതയും സർവ്വാശ്ലേഷിയായ സെൻസർഷിപ്പും മാത്രം പരിഗണിക്കുക.) കൂടാതെ, അതിനു് ഈ ലക്ഷണങ്ങളുമുണ്ട്: ഒരു ഉദ്യോഗസ്ഥവൃന്ദം, ഒരു സ്ഥിരം സൈന്യവും പോലീസും, (ഇവർക്ക് മുകളിലുള്ളവരോടേ ഉത്തരവാദിത്വമുള്ളു) എടുത്താൽ പൊന്താത്ത ഭരണയന്ത്രത്തെ ഭരണകൂടമെന്നും പാർട്ടിയെന്നും രണ്ടു പകരണങ്ങളായി വേർതിരിക്കൽ; ദേശീയാതിർത്തിക്കകത്തുള്ള അതിന്റെ ഒറ്റപ്പെടൽ. നമുക്കു തൽക്കാലം ഈ പട്ടികയിലൊതുങ്ങിനിൽക്കുക. ഇതിന്റെ ഘടകങ്ങൾ സുപരിചിതമാണ്. പരിചിതമല്ലാത്തതു്, അവയുടെ ആന്തരികമായ, ചരിത്രപരമായി നിർണ്ണയിക്കപ്പെട്ട, പരസ്പരബന്ധമാണ്. ഇതിനെക്കുറിച്ച് കൂടുതൽ പിന്നീട്.

ഇത്തരം സ്വഭാവങ്ങളുള്ള ഒരു വ്യവസ്ഥിതി, വികസിതരാജ്യങ്ങളിൽ വിശേഷിച്ചും, ജനങ്ങൾക്ക് സ്വാതന്ത്ര്യത്തിലേക്കുള്ള യഥാർത്ഥപുരോഗതി തീരെ കൊണ്ടുവരുന്നില്ലെന്നു പറയാം. മൂലധനത്തിന്മേലുള്ള പഴയ ആശ്രിതത്വത്തിനു പകരം പുതിയ ഒരാശ്രിതത്വം നല്കുകയാണ് അതു് മുഖ്യമായും ചെയ്യുന്നതു്. അന്യവത്കരണത്തിന്റെയും കീഴാളത്തത്തിന്റെ (Subalternity)യുമായ ബന്ധങ്ങൾക്ക് ഒരു പുതിയ അടരുകൂടി ലഭിച്ചിരിക്കുന്നുവെന്നു മാത്രം. അവ ഒരു പുതിയ തലത്തിൽ നിലനില്ക്കുന്നു. മുൻകാലഘട്ടങ്ങളിലെ ഗുണാത്മകമായ നേട്ടങ്ങൾ വഴിയിൽ നഷ്ടപ്പെട്ടിരിക്കയാൽ ഈ പുതിയ ആശ്രിതത്വം പഴയതിനെക്കാൾ പല വിധത്തിലും കൂടുതൽ പീഡിപ്പിക്കുന്നതാണ്. ഈ സാമൂഹ്യക്രമത്തിനു് അതിന്റെ ഇന്നത്തെ രാഷ്ട്രീയഘടനയിൽ ജനങ്ങളെ അതിലേക്കാകർഷിക്കുന്നതിനുള്ള യാതൊരു സാദ്ധ്യതയുമില്ല. മുതലാളിത്ത പുനരുല്പാദനപ്രക്രിയയുടെ ബഹുവർണ്ണോപരിതലത്തിലുള്ള യാദൃച്ഛികതകളുടെയും സാദ്ധ്യതകളുടെയും

ന്ന, ഭീമൻ “പ്രതിനിധാനം” ചെയ്യുന്നതു്. മാർക്സും ഏംഗൽസും തൊഴിലാളിവർഗ്ഗവിപ്ലവത്തിലൂടെ തകർക്കാനാഗ്രഹിച്ചതും, ഒരു നാടൃത്തിലും ഒരു രൂപത്തിലും പിന്നീടൊരിക്കലും പ്രത്യക്ഷപ്പെടരുതെന്നു നിർബ്ബന്ധിച്ചതുമായ അതേതരം ഭരണകൂടയന്ത്രം ഇവിടെ നിലനില്ക്കുന്നു. അവരാഗ്രഹിച്ചിരുന്നതെന്തെന്ന് (വിശേഷിച്ചും പാരീസ്കമ്മ്യൂണിനെക്കുറിച്ചുള്ള) അവരുടെ തന്നെ രചനകളിൽ അനിഷേദ്ധ്യമായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവരുടെ കണ്ണുകളിൽ ഭരണകൂടം, മൂലപദങ്ങൾ തന്നെയുപയോഗിച്ചു പറഞ്ഞാൽ, ഒരു ചോരകുടിയൻ മുഴയാണ്—ഒരസുരൻ, ജീവിക്കുന്ന സമൂഹത്തെ വരിഞ്ഞുമുറുക്കുന്ന ഒരു പെരുമ്പാമ്പ്, പ്രകൃത്യാതീതമായ ഒരു അകാലജന്മം, വർഗ്ഗാധീശത്വത്തിന്റെ ഒരു ഭീകരയന്ത്രം. ഇതും കൂടതലും. 1845-46കാലത്തെ “ജർമ്മൻ പ്രത്യയശാസ്ത്ര”ത്തിൽതന്നെ മാർക്സെഴുതി: “തൊഴിലാളികൾക്ക്, വ്യക്തികളെന്ന നിലയിൽ സ്വയം അവകാശം സ്ഥാപിക്കണമെങ്കിൽ... ഭരണകൂടത്തെ മറിച്ചിട്ടേ തീരൂ.” (സമാഹൃതകൃതികൾ, 5-ാം ഭാഗം, പേജ് 80) കമ്മ്യൂണിനെക്കുറിച്ചുള്ള കൃതികളിൽ നമുക്കു ചുറ്റും ഇന്നും കാണാവുന്ന മറ്റു ചില സംഗതികൾ മാർക്സ് മുൻകൂട്ടിക്കണ്ടു. “സാമൂഹ്യസംഘങ്ങളുടെ ബന്ധങ്ങളിൽ നിന്നുതടവിക്കുന്ന ഓരോ ചെറിയ ഒറ്റപ്പെട്ട താല്പര്യവും സമൂഹത്തിൽ നിന്നുതന്നെ തെറ്റിപ്പിരിയുകയും... കൃത്യമായി നിർണ്ണയിക്കപ്പെട്ട ക്രമാനുഷ്ഠാനങ്ങളുള്ള ഭരണകൂടപുരോഹിതന്മാർ നടപ്പിലാക്കുന്ന ഭരണകൂട താല്പര്യമെന്ന രൂപത്തിൽ അതിന്നെതിർനില്ക്കുകയും ചെയ്യുന്നു.” (‘ഫ്രാൻസിലെ ആഭ്യന്തരയുദ്ധം’, പേജ് 247) മാർക്സും ഏംഗൽസും ഇതേരൂപത്തിലുള്ളൊരു സോഷ്യലിസം സങ്കല്പിച്ചിരുന്നില്ലെന്നു തീർച്ച. കമ്മ്യൂണിസ്റ്റ്‌ലീഗ് ഈ പ്രതിഭാസത്തോടിനിയും സന്ധിചെയ്തിട്ടില്ലാത്ത യൂഗോസ്ലാവിയയിൽ വിശേഷിച്ചും, “ഭരണകൂടത്വം” (etatism) എന്ന വാക്ക് കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേ

ധാവിത്തപരവുമായ സ്വേച്ഛാധിപത്യതത്വത്തിനുള്ള ഒരു ചുരുക്കവാക്കായി ഉപയോഗിച്ചവരുണ്ട്.

മുതലാളിത്താനന്തരസമൂഹങ്ങളുടെ നിർവചനം

ഇപ്പോൾ നിലനില്ക്കുന്ന സാമൂഹ്യബന്ധങ്ങളെ ശരിക്കുമൊരു പേർ വിളിക്കാൻ ശ്രമിക്കുന്ന എനിക്ക് 'സോഷ്യലിസ'മെന്ന സങ്കല്പം ഉപയോഗിക്കാനായില്ല. മറിച്ച്, "ഭരണക്കൂടത്ത"മെന്ന സങ്കല്പം, ഒരു പ്രത്യേകവശത്തിലേക്ക് ശരിയായി ചൂണ്ടുന്നുണ്ടെങ്കിലും, വളരെ സങ്കുചിതമായെന്നും തോന്നി. കുറെക്കാലം ഞാൻ ഈ ലേബലിനെക്കുറിച്ചാലോചിച്ചു മടിച്ചുനിന്നു. ഈ വ്യവസ്ഥി

...ഏതെങ്കിലും തരം പരിപാവനതത്വങ്ങളിൽ നിന്ന് വിട്ടുമാറുന്നതിനെച്ചൊല്ലിയുള്ള ഒരാരോപണമല്ല ഇത്. ഇവിടത്തെ വിവാദത്തിന്റെ ഒരേയൊരു ലക്ഷ്യം, കപടമായ പ്രത്യക്ഷരൂപങ്ങളെ തുറന്നു കാട്ടുക മാത്രമാണ് വിപ്ലവകാരികളായ മാർക്സിസ്റ്റുകൾക്ക് എല്ലാത്തരം വികൃതതത്വങ്ങളെല്ലാം നിരാകരിക്കാനും സോഷ്യലിസത്തിന്റെ വ്യതിയാനത്തെയും "വഞ്ചന"യെയും കുറിച്ചുള്ള പഴയരോഷ പ്രകടനംനിർത്തിവെയ്ക്കാനാഹ്വാനം ചെയ്യുവാനും സമയം വൈകിപ്പോയിരിക്കുന്നു എന്നു ഞാനുറച്ചു വിശ്വസിക്കുന്നു– ഒരു കാലത്ത് അത് മനസ്സിലാക്കാമായിരുന്നെങ്കിലും.

തി സ്വയം വിവരിക്കുന്നത് "പ്രയുക്ത സോഷ്യലിസം" എന്നുപറഞ്ഞാണ്. അതാണ് അർദ്ധമനസ്സോടെ ഞാനിവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇന്നും പ്രത്യക്ഷത്തിൽ സമ്മതിക്കപ്പെടുന്ന സോഷ്യലിസ്റ്റുപാരമ്പര്യവും, പുതിയ സമൂഹത്തിന്റെ യാഥാർത്ഥ്യവും തമ്മിലുള്ള വ്യത്യാസം പരോക്ഷമായെങ്കിലും ഈ പദം സൂചിപ്പിക്കുന്നുണ്ട്. അതിനാൽ ഒടുവിൽ ഞാനീ തത്വം അംഗീകരിച്ചു. ഈ വ്യത്യാസം കൂടുതൽ കണിശമായി വിശദീകരിക്കുകയെന്ന ഉദ്ദേശ്യത്തോടെ, ഉദ്ധരണചിഹ്നങ്ങൾ പോലും വേണ്ടെന്നും വെച്ചു.

ഏതെങ്കിലും തരം പരിപാവനതത്വങ്ങളിൽനിന്ന് വിട്ടുമാറുന്നതിനെച്ചൊല്ലിയുള്ള ഒരാരോപണമല്ല ഇത്. ഇവിടത്തെ വിവാദത്തിന്റെ ഒരേയൊരു ലക്ഷ്യം, കപടമായ പ്രത്യക്ഷരൂപങ്ങളെ തുറന്നുകാട്ടുകമാത്രമാണ്. വിപ്ലവകാരികളായ മാർക്സിസ്റ്റുകൾക്ക് എല്ലാത്തരം വികൃതതത്വങ്ങളെയും നിരാകരിക്കാനും സോഷ്യലിസത്തിന്റെ വ്യതിയാനത്തെയും "വഞ്ചന"യെയും കുറിച്ചുള്ള പഴയരോഷപ്രകടനം നിർത്തിവെയ്ക്കാനാഹ്വാനം ചെയ്യുവാനും സമയം വൈകിപ്പോയിരിക്കുന്നു എന്ന് ഞാനുറച്ചു വിശ്വസിക്കുന്നു—ഒരു കാലത്ത് അതു മനസ്സിലാക്കാമായിരുന്നെങ്കിലും. ചരിത്രമെന്ന നാടകത്തെ അവതരണത്തിലുള്ള അപാകത മാത്രമായി വെട്ടിച്ചുരുക്കിയാൽ നാം അയഥാർത്ഥ ധാരണകളിൽ നിന്നാരംഭിക്കുകയാവും ചെയ്യുന്നത്. അതു സിദ്ധാന്തത്തെ വഴി തെററിക്കും. ഇപ്പോൾ നിലവിലുള്ള സോഷ്യലിസ്റ്റ് പ്രയോഗത്തെ ക്ലാസിക്കൽ സിദ്ധാന്തംകൊണ്ട് നമുക്കു നേരിടാൻ കഴിയുമെന്നതു ശരിതന്നെ, നാമതു ചെയ്യുകയും വേണം. ഈ പ്രയോഗത്തിന്റെ മുമ്പിലും സോഷ്യലിസ്റ്റാശയത്തിന്റെ സത്ത കാത്തുസൂക്ഷിക്കാൻ അതാവശ്യമാണ്... എന്നാൽ ഈ പ്രയോഗത്തെ അതിന്റെ തന്നെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കേണ്ടതുണ്ട്. അതു് അകാരണമായി ഉല്പാദിപ്പിക്കപ്പെട്ടതോ, ഏതെങ്കിലും ദൗർബ്ബല്യംമൂലം "അനുവദിക്കപ്പെട്ട"തോ അല്ല. മൂലസങ്കല്പത്തിൽ നിന്ന് തീർത്തും വിഭിന്നമായ അടിസ്ഥാനങ്ങൾ അതിനുണ്ട്.

ക്ഷമാപണമോ വ
അതുകൊണ്ട് അതു് നീതീകരണമോ സത്യസന്ധമായ
ല്ലുന്നതോ അല്ല ആവശ്യപ്പെടുന്നത്,
വിവരണവും വിശകലനവുമാണ്.
ഈ പ്രശ്നത്തിൽ എന്നെ നയിച്ച മൗലിക നിലപാട്
ഞാൻ ചുരുക്കി വിവരിക്കാം. വിപ്ലവം പൊതുവെ അതിൽ
ലുൾപ്പെട്ട ജനങ്ങൾക്ക് ഭൗതികമായും സാംസ്കാരികമായും
ഗണ്യമായ പുരോഗതി കൊണ്ടുവന്നിട്ടുണ്ടെന്ന കാര്യ
ത്തിൽ തർക്കമില്ല. പലപ്പോഴും അതു് മുതലാളിത്ത വ്യാ
വസായികതയുടെ വിനാശകരവും വിശ്ലഥവുമായ സ്വാ
ധീനത്തിനെതിരായി അവരുടെ ദേശീയാസ്തിത്വവും
സ്വഭാവവും സംരക്ഷിക്കുകയോ പുനഃസ്ഥാപി
ക്കുകയോ / ചെയ്തിട്ടുണ്ട്. ഏഷ്യയി
ലും ആഫ്രിക്കയിലും കൂടുതൽ പ്രസക്തമായ രീതിയിൽ
ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന തരത്തിലുള്ള ഈ പ്ര
ക്രിയ മൗലികമായ, ചരിത്രപരമായ, ഒരനിവാര്യതയുമാ
യി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അവിടെ അവർ പ
ങ്കാളിത്തം വഹിക്കുന്ന ഈ പ്രക്രിയയ്ക്കു് സോഷ്യലിസ്റ്റോ
കമ്മ്യൂണിസ്റ്റോ ആയ വീക്ഷണമില്ലെന്ന് കമ്മ്യൂണിസ്റ്റു
കാർ മനസ്സിലാക്കണം. പൊതുവായ വിമോചനത്തി
ന്റെ കാഴ്ചപ്പാട് അതിനില്ല. പുതിയ വ്യവസ്ഥ സ്വയം
പ്രാഗ്സോഷ്യലിസ്റ്റ് (Proto socialist) എന്നു വിശേ
ഷിപ്പിച്ചേക്കാം—ഭ്രൂണരൂപത്തിലുള്ള സോഷ്യലിസം,
സോഷ്യലിസത്തിനുള്ള ഒരുക്കം എന്നെല്ലാമുള്ള അർത്ഥ
ത്തിൽ. എന്നാൽ അതേ അർത്ഥത്തിൽ പില്ക്കാലമുതലാ
ളിത്തവും പ്രാഗ്സോഷ്യലിസ്റ്റായി, ഭ്രൂണരൂപത്തിലുള്ള
സോഷ്യലിസമായി, സോഷ്യലിസത്തിനുള്ള ഒരുക്കമാ
യി, വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അത്തരം
സമൂഹങ്ങളിലെ കമ്മ്യൂണിസ്റ്റുകാർ നിലനില്ക്കുന്ന അധീ
ശശക്തിക്കനുഗുണമായി സ്വാധീനം ചെലുത്തുകയും
ആ അവസ്ഥകളെ മറികടക്കാനായി സമരത്തിലേർപ്പെ
ടാതിരിക്കുകയും ചെയ്യുമ്പോൾ, മനുഷ്യനെ മനുഷ്യൻ
ഭരിക്കുന്ന, മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയുമായ—
അതെ ചൂഷണത്തിന്റെതന്നെ-മറെറാരു വ്യവസ്ഥയിൽ
അവർ പങ്കെടുക്കുകയാണെന്നോർമ്മിക്കണം. ഈ പ്രയു
ക്ത സോഷ്യലിസത്തിന്റെ നടത്തിപ്പുകാരൻ, മേധാവി,
—പോളിററ്ബ്യൂറോക്രസിയുടെ പ്രതിനിധിയെന്ന രൂപ
ത്തിൽ മാത്രമല്ല, സാധാരണപാർട്ടിയുടെയും ഭരണകൂട
ത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും നടത്തിപ്പുകാര
നെന്ന നിലയിൽപോലും—പലപ്പോഴും സ്വന്തം ഇച്ഛ
യ്ക്കെതിരായി ഈ മാന്യന്റെ ഏററവും പുതിയ മാതൃക
യാണ് കാഴ്ചവെക്കുന്നത്. ഞാൻ തന്നെ വേണ്ടത്രകാ
ലം ഈ പങ്ക് വഹിക്കുകയും അനുഭവിക്കുകയും ചെയ്തി
ട്ടുണ്ട്.

(തുടരും)

* Introductory Lecture to the Alternative: Rudolf Bahro.



സ്വതന്ത്രമായ വാക്കുകളെ ഭയപ്പെടരുത്

പി. സി. ജോസി

വർത്തമാനത്തിന്റെ മൂന്നാംകണ്ണാണ് പത്രലോകം. സ്ഥാപിത താത്പര്യത്തിന്റെ എല്ലാ പ്രണേതാക്കളും സത്യത്തിന്റെ ഈ കണ്ണ് മൂടിക്കെട്ടുന്നു. പത്രങ്ങൾ ഗസററുകളായി തരംതാഴുന്നു... അത്തരമൊരു പത്രസമിതിയിൽ ഞെരിഞ്ഞ ഭൂതകാലാനുഭവം ലേഖകനുണ്ട്.

പത്രലോകം സമൂഹത്തിന്റെ ഒരു മൂന്നാം കണ്ണാണ്. ചരിത്രാതീത അഭ്യൂഹങ്ങൾതൊട്ട് ഏററവും ആനുകാലിക സംഭവങ്ങൾവരെ കൈകാര്യം ചെയ്യപ്പെടുന്ന പത്രപ്രസിദ്ധീകരണങ്ങൾ ഇന്ന് നമുക്ക് ഒഴിച്ചുനിർത്താൻ കഴിയാത്ത ഒരാവശ്യമായിത്തീർന്നിരിക്കുന്നു. എന്നാൽ സമൂഹത്തിൽ ദൈനംദിനമുണ്ടാകുന്ന പുതുമകളും സംഭവങ്ങളും അതേപടി അവതരിപ്പിക്കുന്ന കൃത്യക്കാരനായ ഒരു റിപ്പോർട്ടറല്ല പത്രം. അത് ഒരിക്കലും അങ്ങനെ മാത്രം ആയിരുന്നിട്ടുമില്ല. സംഭവങ്ങളെ അത് വിശദീകരിക്കുകയും തങ്ങളുടെ വീക്ഷണങ്ങൾക്കൊത്ത് വിശകലനം ചെയ്യുകയും ചെയ്യുന്നു. പത്രപ്രവത്തനരംഗത്തിന്റെ ഈ വശം അതിനെ മററു കലാസാഹിത്യരംഗങ്ങളെപോലെ സർഗാത്മകമാക്കുന്നു.

അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിലാണ് പത്രപ്രവത്തനത്തിന്റെ അടിവേരുകൾ കിടക്കുന്നത്. ഒരുത്തനു് ശരിയെന്നു തോന്നുന്ന കാര്യങ്ങൾ വിശ്വസിക്കുവാനും ആ വിശ്വാസം വിപുലമായ ജനവിഭാഗങ്ങൾക്കിടയിൽ പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം ഏതൊരു പൗരനുമുള്ള അവകാശമായി നാം കണക്കാക്കിപ്പോരുന്നു. അങ്ങേയററം പിന്തിരിപ്പനായ ഭരണവർഗ്ഗങ്ങൾപോലും തത്വത്തിൽ ഇതംഗീകരിക്കുകയും ചെയ്യുന്ന ഒരവസ്ഥ ഇന്ന് നിലനില്ക്കുകയും ചെയ്യുന്നുണ്ട്. പ്രധാനമായും പത്രപ്രസിദ്ധീകരണങ്ങൾവഴി സമൂഹമധ്യത്തിൽ പ്രകാശിക്കപ്പെടുന്ന ജനങ്ങളുടെ ആശയപ്രചരണങ്ങൾക്ക് പത്രപ്രവർത്തന സ്വാതന്ത്ര്യവുമായുള്ള നിർവചനാതീതമായ ബന്ധം അവഗണിക്കുക സാധ്യമല്ല. അതുകൊണ്ടുതന്നെ സ്വതന്ത്രമായ ഒരു സമൂഹത്തിന്റെ മുഖമുദ്രയായി പത്രപ്രവർത്തന സ്വാതന്ത്ര്യം ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു.

അഭിപ്രായപ്രകടനസ്വാതന്ത്ര്യം, ആശയപ്രചരണ സ്വാതന്ത്ര്യം, പത്രപ്രവത്തനസ്വാതന്ത്ര്യം തുടങ്ങിയവ ബൂർഷ്വാനവോത്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന പുത്തൻ മൂല്യങ്ങളാണ്. എന്നാൽ ബൂർഷ്വാജനാധിപത്യത്തിന്റെ അന്തസത്തയായ ഈ വീക്ഷണങ്ങൾ ഒരിടത്തും അതിന്റെ പൂർണഅർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിട്ടില്ല എന്ന യാഥാർത്ഥ്യം നാം കാണുന്നുണ്ട്. പത്രലോകം അതിനെ കയ്യടക്കിയ സ്ഥാപിതതാല്പര്യക്കാരുടെയും സാമൂഹ്യാധിപത്യം നേടിയെടുത്ത മുതലാളിത്ത കുത്തകകളുടെയും സങ്കുചിതവീക്ഷണങ്ങൾക്കൊപ്പം പരിപാലിച്ചുപോരുകപ്പെട്ടു. വാർത്തകളോടുള്ള സമീപന-വിശകലന ശൈലികളിലൂടെ ഉപരിവർഗതാല്പര്യങ്ങൾ മാത്രം സംരക്ഷിക്കപ്പെടുന്നു എന്നതാണ് മുതലാളിത്തസമൂഹത്തിലെ പത്രപ്രവത്തനത്തിന്റെ മൗലികസ്വഭാവം. ഉല്പാദന, വിപണന രംഗങ്ങളിലെ സ്വതന്ത്രമൽസരവും അതുമൂലം മുതലാളിത്ത കുത്തകകൾക്കു് തടസ്സമില്ലാതെ വളരാൻ ലഭിക്കുന്ന അവസരവും ഇത്തരമൊരു സ്വഭാവം പത്രപ്രവത്തനരംഗത്തിനു നൽകിയതിൽ അസ്വാഭാവികമായി യാതൊന്നുമില്ല. മുതലാളിത്തത്തിന്റെ ചീഞ്ഞളിഞ്ഞ അവശിഷ്ടങ്ങൾ പലപ്പോഴും പുറത്തേക്കു കൊണ്ടുവരപ്പെട്ടിട്ടുണ്ടെങ്കിൽക്കൂടിയും ഈ പത്രപ്രവത്തനസമ്പ്രദായവും അതു് ജനങ്ങളിൽ സംവേദിപ്പിച്ച വീക്ഷണങ്ങളും പുത്തൻ ആശയങ്ങൾക്കു് എന്നും തടസമായിരുന്നിട്ടുണ്ട് എന്നും കാണാതിരുന്നുകൂടാ.

മനുഷ്യസമൂഹത്തിനും മനുഷ്യനും സംഭവിച്ച മാരകമായ ദുരവസ്ഥയിൽനിന്നും അവയെ മോചിപ്പിക്കുവാനായി ഇറങ്ങിത്തിരിച്ച സോഷ്യലിസ്റ്റ് പ്രണേതാക്കൾ പത്രപ്രവത്തനത്തിനു സംഭവിച്ച ജീർണതയിൽനിന്നും അതിനെ സംരക്ഷിക്കുവാൻ എന്താണ് ചെയ്യുന്നതു് എന്നുനോക്കാം. മുതലാളിത്തസമൂഹത്തിലെ സ്വതന്ത്രമൽസരത്തിന്റെ സ്ഥാനത്തു് കേന്ദ്രീകരിക്കപ്പെട്ട സോഷ്യലിസ്റ്റ് സാമൂഹ്യഘടന വന്നതോടെ പത്രപ്രവത്തനരംഗവും അത്തരമൊരു കേന്ദ്രീകരണത്തിനു വിധേയമായി. ചരിത്രപരമായി വളർന്നുകൊണ്ടിരിക്കുന്ന സ്വതന്ത്രചിന്തയിലേക്കും അതുവഴി രൂപപ്പെട്ടുവരേണ്ടുന്ന പരിശുദ്ധവും സമ്പന്നവും ആയ പുതിയ സാമൂഹ്യവ്യവസ്ഥയിലേക്കുമുള്ള ഒരു കുതിച്ചുചാട്ടത്തിന്റെ കാലഘട്ടമായിട്ടാണ് സോഷ്യലിസ്റ്റ്സമുദായത്തെ നാം കണക്കാക്കിപ്പോന്നിരുന്നതു് എന്നോർക്കണം. ജനങ്ങളുടെ സർഗാത്മകമായ കഴിവുകൾ വളരെയേറെ വികസിക്കുകയും സ്വയംഭരണത്തിനു് അവർ പ്രാപ്തരാകുകയും ചെയ്യേണ്ട സമയമാണ് സോഷ്യലിസ്റ്റ് കാലഘട്ടം. കാരണം, എല്ലാ അധികാരകേന്ദ്രങ്ങളും ഇല്ലാതായി അധികാരം പൂർണ്ണമായും മുഴുവൻ ജനങ്ങളിലും അർപ്പിതമാകുന്ന ഒരു ചിരകാല സ്വപ്നത്തിന്റെ സാക്ഷാൽക്കാരമാണല്ലോ കമ്മ്യൂണിസം. അതുകൊണ്ടു് ബൂർഷ്വാജനാധിപത്യത്തിന്റെ തന്നെ അടിസ്ഥാനശിലകളായ അഭിപ്രായപ്രകടനസ്വാതന്ത്ര്യം, ആശയപ്രചരണസ്വാതന്ത്ര്യം, പത്രപ്രവത്തനസ്വാതന്ത്ര്യം മുതലായവ സോഷ്യലിസത്തിൻകീഴിൽ പൂർണമായും പരിഹരിക്കപ്പെട്ടുകഴിഞ്ഞ വിഷയങ്ങളായിരിക്കണം. ഇത്തരം മൗലികവകാശങ്ങളെ കുറിച്ച് ഒരൊററ മനുഷ്യൻ പോലും ആശങ്കാകുലനാകുന്ന അവസ്ഥ അവിടെ ഉണ്ടായിരിക്കരുതു്. എന്നാൽ നമ്മുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും മങ്ങൽ പരത്തിക്കൊണ്ടു്, സാമൂഹ്യവിമർശനത്തിന്റെ പുത്തൻമാനങ്ങൾ തേടുന്ന ഈ പുതിയ മൂല്യബോധം സോഷ്യലിസത്തിൻ കീഴിൽ വളർന്നു വികസിച്ചില്ല എന്നാണു കാണുവാൻ കഴിയുക. മാത്രവുമല്ല അതു് അതിന്റെ വിപരീതസ്വഭാവത്തിൽ അരങ്ങേറുകയും ചെയ്തു! ഭരണകൂടവുമായി തുറന്നു പോരടിക്കുന്ന മാധ്യമങ്ങൾ മാത്രമല്ല നിശബ്ദമായി പ്രതിഷേധിക്കുന്ന നാവുകളെപോലും കശക്കിയെറിഞ്ഞ ഭീകരാനുഭവങ്ങളാണ് നമ്മുടെ 'വാഗ്ദത്തഭൂമി'കൾക്കുള്ളതു്. സർക്കാരിന്റെ കാടൻ ചെയ്തികളെ വിമർശിക്കുന്ന പത്രപ്രസിദ്ധീകരണങ്ങളും ചുവർ പോസ്ററുകളും അവിടെ കശാപ്പുചെയ്യ

പ്പെട്ടു. വളരെ ലളിതമായ രീതിയിൽ ആരംഭഘട്ടത്തിൽ തുടക്കം കുറിച്ച 'സോഷ്യലിസ്റ്റ്' നാടുകളിലെ ഈ പരിണാമം ഭീമമായ അഭിപ്രായപ്രകടന നിഷേധത്തിലേക്കും മനുഷ്യാവകാശധ്വംസനങ്ങളിലേക്കും അതുവഴി മുതലാളിത്ത പുനസ്ഥാപനത്തിലേക്കും വഴുതിമാറി പോകുന്നതിന് ഏറെക്കാലം ആരും കാത്തിരിക്കേണ്ടിയും വന്നില്ല. ആ നാടുകളിൽനിന്നും ഇന്ന് വന്നെത്തുന്ന വാർത്തകൾ കേട്ടിട്ട് 'നല്ലത്' എന്ന് വ്യക്തിപരമായ ആത്മാർത്ഥതയോടെ പ്രതികരിക്കുന്ന ഒരൊററയാൾപോലും എൻെറ നാട്ടിലുണ്ടാവില്ല എന്ന കാര്യത്തിൽ എനിക്കുറപ്പുണ്ട്. കാര്യങ്ങൾ ഈ രീതിയിൽ ദുസഹമായി നീങ്ങുവാൻ നാമാരും ആഗ്രഹിക്കുന്നില്ല. നിസംഗതയുടെ ചിതൽ പുററിൽ കാലം കഴിക്കാൻ തയ്യാറില്ലാത്ത നമ്മൾക്ക് ഇന്ന് പരസ്പരം ചോദിക്കാം: എന്താണിതിനൊരു നിവത്തി മാഗ്ഗം? ചുററുപാടുകളുമായി പ്രതികരിച്ച് അതിനെ അതിജീവിക്കേണ്ടതായൊരു കടമ ഏതൊരു മനുഷ്യനുമുണ്ടല്ലോ. ആ കടമ നിർവഹിക്കുവാൻ നമ്മൾ തയ്യാറില്ലാത്തൊരു ഘട്ടത്തിൽ യഥാർത്ഥ്യത്തിൽ നമ്മുടെ മനുഷ്യാവസ്ഥതന്നെയാണ് ചോദ്യം ചെയ്യപ്പെടുക. നാം ഇന്നേവരെ കണ്ടിട്ടുള്ള ഭരണക്രമങ്ങളൊക്കെ തന്നെ മനുഷ്യത്വമില്ലായ്മയുടെ കച്ചവടകമ്പോളങ്ങളായി നിലനിന്നതിൽ ഒട്ടും അപ്രധാനമല്ലാത്തൊരു പങ്ക് പത്രലോകത്തിനുണ്ട്. മനുഷ്യരെ മാനസികാടിമത്വത്തിൻകീഴിൽ കുടിയിരുത്തുന്നതിൽ പ്രചരണമാധ്യമങ്ങൾക്കുള്ള നിണ്ണായകസ്വാധീനം ഒന്നുകൊണ്ടുതന്നെയാണ് പത്രപ്രവത്തനസ്വാതന്ത്ര്യമെന്ന വിഷയം അതീവശ്രദ്ധാർഹമായി നമ്മുടെ മുന്നിൽ വരുന്നത്.

ഒരടിയന്തിരാവസ്ഥയുടെ തിക്താനുഭവങ്ങളിലൂടെ കടന്നുവന്നവരാണ് നമ്മൾ. ഒരേകാധിപതിയുടെ 'ചരമഗീത'ങ്ങൾ പ്രാധാന്യം നൽകി പ്രസിദ്ധപ്പെടുത്താത്തതിന് നിശബ്ദമാക്കപ്പെടുകയോ നിർത്തലാക്കപ്പെടുകയോ ചെയ്ത നിരവധി പത്രസ്ഥാപനങ്ങളെ പററി എണ്ണി എണ്ണി നമുക്ക് പറയുവാൻ കഴിയും. വെറുമൊരു ഏഴാംകൂലിയായ പോലീസ് മേധാവി 'പത്രാധിപരാ'യി ഇനിയും വാഴരുതെന്ന കാര്യത്തിൽ ഏകാഭിപ്രായമുള്ളവരാണ് നിങ്ങളും ഞാനും എങ്കിൽ പത്രസ്വാതന്ത്ര്യത്തിൻെറ പ്രശ്നത്തിൽ നമ്മൾ സമാനമായി ചിന്തിച്ചുതുടങ്ങുന്നുണ്ട്. ഓരോ രാഷ്ട്രീയകക്ഷികൾക്കും ഇവിടെ ഒന്നിലേറെ പ്രസിദ്ധീകരണങ്ങളുണ്ട്. ഭരണകൂടത്തിൻെറ പക്ഷംപിടിക്കാൻ അസംഖ്യം വാറോലകൾ തമ്മിൽ മത്സരപ്പെടുകയും ചെയ്യുന്ന നമ്മുടെ നാട്ടിൽ കമ്യൂണിസ്ററ് പ്രസിദ്ധീകരണങ്ങളായി അവകാശ



പ്പെടുന്ന നിരവധി പ്രസിദ്ധീകരണങ്ങൾ വേറെയുമുണ്ട്. പക്ഷെ, അവയൊക്കെ തന്നെ ഇന്ന് വെറും പാർടി ഗസററുകളായി അധ:പതിച്ചിരിക്കുന്നു. അതാത് പാർടികളുടെ സങ്കുചിതവീക്ഷണങ്ങൾക്കനുസരണമായി വസ്തുതകൾ വളച്ചൊടിക്കപ്പെടുന്നു. വസ്തുയാഥാർത്ഥ്യങ്ങൾ മനസിലാക്കുന്നതിനു ഇന്നും ജനങ്ങൾക്ക് 'മാതൃഭൂമി' പോലുള്ള മുതലാളിത്തപത്രങ്ങളെആശ്രയിക്കേണ്ടിവരുന്നു. നേരിൽ കണ്ടെത്തിയ സത്യങ്ങൾപോലും തുറന്നെഴുതാൻ വയ്യാത്ത ഗതികേട് ഇവിടെ കമ്യൂണിസ്ററ് പത്രപ്രവത്തകർക്കുണ്ടായിട്ടുണ്ട്. മാത്രവുമല്ല, സ്വന്തം ധാരണകൾക്കു വിരുദ്ധമായി, ഉയർന്ന കമ്മിററിയിൽനിന്നും സന്ദർശനത്തിനെത്തുന്ന നേതാവിൻെറ നിർദ്ദേശാനുസരണം എഴുതേണ്ട അവസ്ഥ വന്നുപിണയുന്ന പത്രാധിപസമിതിയും നമ്മുടെ കൺമുന്നിലുണ്ട്. ഡെമോക്ലീസിൻെറ വാൾമുന പോലെ, പാർടി അച്ചടക്കം തലക്കുമുകളിൽ തൂങ്ങപ്പെട്ടുകൊണ്ട് നിർദ്ദേശപ്രകാരം കാര്യങ്ങൾ ഭംഗിയായി നിർവഹിക്കുന്ന അംഗങ്ങളാണ് ഏറിയകൂറും.

ഇത്തരമൊരവസ്ഥയിൽ നമ്മുടെ കണ്ണുകളിൽ നിഴലിക്കുന്ന ദൈന്യത പത്രം പാർടിയുടേതോ ജനങ്ങളുടേതോ എന്നതിനെച്ചൊല്ലിയാകുന്നു. ഒരു പാർടി പ്രസിദ്ധീകരണം എന്നു പറയുമ്പോൾ അതു്, അതിൻെറ കൈവശാവകാശം മാത്രമായിരിക്കണം. പാർടി പ്രവത്തകരുടെ നേതൃത്വത്തിൽപത്രം പ്രസിദ്ധീകരിക്കുന്നു എന്നതു് മാത്രമാണ് കാര്യം. യഥാത്ഥത്തിൽ നാം ആരംഭിക്കേണ്ടതു്പത്രത്തിൻെറ സ്വീകാര്യക്ഷമതയിൽനിന്നുമായിരിക്കണം. ജനങ്ങൾ വായിക്കുന്നു. അവർ അതു് സ്വീകരിക്കുന്നു. അല്ലെങ്കിൽ അങ്ങനെ ആയിത്തീരണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. അതിനാൽതന്നെ അടിസ്ഥാനപരമായും പത്രം ജനങ്ങൾക്കു വേണ്ടിയാണ്, ജനങ്ങളുടേതാണ്.

ജനങ്ങളുടെ സ്വീകാര്യക്ഷമതയെക്കുറിച്ചു പറയുമ്പോൾ ഒരു കാര്യം പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. എണ്ണം വിററു കാശാക്കുന്ന കച്ചവട പ്രസിദ്ധീകരണങ്ങൾ ഏറെയുള്ള നമ്മുടെ നാട്ടിൽ ജനങ്ങളുടെ സ്വീകാര്യക്ഷമത വളരെ താഴ്ന്ന നിലവാരമേ പുലത്തുന്നുള്ളു. സെക്സും വിപ്ലവവും ഒരേപോലെ വിളമ്പുന്ന പ്രസിദ്ധീകരണങ്ങളുടെ ആധിക്യം ജനങ്ങളുടെ പ്രതികരണശേഷിയെപോലും താറുമാറാക്കിയ ഒരു നാടാണല്ലോ നമ്മുടേതു്. അതുകൊണ്ട് ജനങ്ങളുടെ ഇന്നത്തെ സ്വീകാര്യക്ഷമതമാത്രം കണക്കിലെടുത്തു് നീങ്ങുകയെന്നാൽ അതു് നമ്മുടെ പ്രതീക്ഷകൾക്കു വിരുദ്ധമായി മറെറാരു കച്ചവടപ്രസിദ്ധീകരണംകൂടി സൃഷ്ടിക്കുകയാവും ചെയ്യുക. ഒരു കമ്യൂണിസ്ററ്പത്രം പുതിയ പ്രബുദ്ധതയെ ലക്ഷ്യമാക്കുകയാണ് വേണ്ടതു്. എങ്കിൽ മാത്രമേ ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും അവരുടെ തന്നെ സർഗാത്മകമായ കഴിവുകൾ വികസിപ്പിച്ചെടുക്കുവാനും കഴിയൂ. ഇവിടെ, ആദ്യമായും പത്രപ്രവർത്തകരുടെ സർഗാത്മകത വളരെയേറെ വികസിക്കേണ്ടിയിരിക്കുന്നു. അതിനു്, അവരുടെ കഴിവുകൾക്ക് കൂച്ചുവിലങ്ങ് അണിയിക്കുന്ന 'പാർടിയുടെ പത്രം' എന്ന സങ്കുചിതവീക്ഷണം കൈയൊഴിക്കപ്പെടണം. കാരണം, അതു് പ്രവർത്തകരുടെ സൃഷ്ട്യോന്മുഖത കെടുത്തുന്നു. പ്രവർത്തകരെ വെറും ഉദ്യോഗസ്ഥന്മാരായി തരംതാഴ്ത്തുന്നു. നേതൃത്വത്തിൻെറ ഇഛക്കനുസരിച്ച് എഴുതേണ്ട യന്ത്രങ്ങളായി പ്രവർത്തകർ മാറുന്നു. മറെറാരു പാർടി കമ്മിററി എന്ന നിലയിൽ പത്രസ്ഥാപനത്തെ നോക്കിക്കാണുമ്പോഴാണ് ഇത്തരമൊരവസ്ഥ സംജാതമാകുക. ഒരിക്കലും, പത്രാധിപസമിതി ഒരു പാർടി കമ്മിററിയായി കണക്കാക്കപ്പെടരുതു്. ഒരു പ്രസിദ്ധീകരണ സ്ഥാപനമെന്ന നിലയിൽ അതിനുള്ള അവകാശങ്ങളും കടമകളും വളരെ ഉയർന്നതാണ്. അതു് അംഗീകരിച്ചേ പററൂ. എങ്കിൽ മാത്രമേ പത്രലോകത്തിലെ സവിശേഷമണ്ഡലത്തിൽ കേന്ദ്രീകരിച്ച് ആ രംഗത്തെ ധ്രുവീകരണം ത്വരിതപ്പെടുത്താനും ജനങ്ങളുടെ ജീവധാരയിലെ പ്രക്ഷോഭകനും സംഘാടകനുമാകാനും പത്രത്തിനു കഴിയൂ.

ഇനിയെങ്കിലും ഇക്കാര്യത്തിൽ ചരിത്രം അതിൻെറ വികലമായ തിരിച്ചുവരൽ നടത്താതിരിക്കണമെങ്കിൽ, പാർടിയുടെ കാര്യങ്ങൾ ഉൾപ്പെടെ മുഴുവൻ സംഭവങ്ങളെയും വിമർശനാത്മകമായി കാണുവാൻ പത്രാധിപസമിതിക്കു കഴിയണം. അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരിക്കണം. പാർടിയെ നിഷേധാത്മകമായി അല്ല, രചനാത്മകമായി വിമർശിക്കുവാൻ

(ശേഷം 22-ൽ)

യവ വർദ്ധിപ്പിക്കുക, 1973-74 ൽ പരോക്ഷ നികുതി വരുമാനത്തിൽ 55 ശതമാനം ലഭിച്ചതു് ആരിൽനിന്നെന്നു് അറിയുമോ? ഒരുമാസം നൂറു രൂപയിൽ താഴെമാത്രം ചിലവു ചെയ്യാൻ കഴിയുന്ന കുടുംബങ്ങളിൽനിന്നു് ('ത്സാ' കമ്മററി റിപ്പോർട്ടു്) അപ്പോൾ ഇനിയും വർദ്ധിക്കുവാൻ പോകുന്ന പരോക്ഷനികുതി സമൂഹത്തിലെ ഏതു വർഗ്ഗത്തിനെയാണു് ബാധിക്കുക എന്നു് എടുത്തു പറയേണ്ടതില്ലല്ലോ.

അടുത്തതു് വേതനം മരവിപ്പിക്കലാണു്. കൂടുതൽ പണം വിപണിയിൽ ഇറങ്ങാതിരിക്കുക എന്നതാണു് അതിനു പറയുന്ന കാരണം. ഇറക്കുമതി നയം വളരെ സ്വതന്ത്രമാക്കുക മൂലം ആഭ്യന്തര ഉത്പാദനം മന്ദീഭവിക്കുന്നു. ഫലം തൊഴിലില്ലായ്മ—പണം വിപണിയിലിറക്കാതിരിക്കുക എന്നതുകൊണ്ടു് ഉണ്ടാവുന്നതും ഇതു തന്നെ. ബാങ്ക് വായ്പകൾ നില

രാജ്യം പണയത്തിൻമേൽ പണം കടംകൊടുക്കപ്പെടും

ഗോപാൽ

നിങ്ങൾ ആർക്കെങ്കിലും കടക്കാരനാണോ? നേരിട്ടു കടം വാങ്ങണമെന്നില്ല. ഇന്ത്യാഗവണ്മെൻറ് നിങ്ങൾക്കുവേണ്ടി വായ്പ വാങ്ങിക്കൊള്ളും. ഓരോ ഇന്ത്യാക്കാരനും ഇന്നു് വിദേശീയ രാജ്യങ്ങളോടു് 250 രൂപ കടക്കാരനാണു്. ഐ. എം. എഫിൽ നിന്നും 5000 കോടി രൂപാകൂടി കടം വാങ്ങിക്കഴിയുമ്പോൾ ഒരു ഭാരതീയന്റെ ബാദ്ധ്യത 330 രൂപയായി വർദ്ധിക്കും.

ഇതാദ്യമായാണു് ഏതെങ്കിലും ഒരു രാജ്യം ഇത്രവലിയ ഒരു തുക ഐ. എം. എഫിൽനിന്നു് വാങ്ങുന്നതു്. പടിഞ്ഞാറൻ മുതലാളിത്ത രാജ്യങ്ങളുടെ ബാങ്ക് എന്നു വിശേഷിപ്പിക്കാവുന്ന ഐ. എം. എഫ് പുത്തൻ കൊളോണിയലിസം എങ്ങിനെ നടപ്പാക്കുന്നുവെന്നു നോക്കാം.

അഞ്ചു് പ്രധാന വ്യവസ്ഥകളാണു് ഐ. എം. എഫ് മുന്നോട്ടു വെക്കുന്നതു്. (1) ബാങ്ക് വായ്പകൾക്കുമേൽ കർശനമായ നിയന്ത്രണം. (2) മററു വിദേശരാജ്യങ്ങളിൽനിന്നും സാമ്പത്തിക സഹായം നേടുന്നതു് ഐ. എം. എഫ് ന്റെ അനുവാദത്തോടുകൂടി മാത്രം. (3) ഇറക്കുമതികളിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്താൻ പാടില്ല. (4) റഷ്യയും മററു കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുമായും യാതൊരു വ്യാപാരഉടമ്പടിയും ഒപ്പുവെക്കാൻ പാടില്ല. (5) ഐ. എം. എഫ് ന്റെ അനുവാദമില്ലാതെ യാതൊരുവിധ സബ്സിഡിയും അനുവദിച്ചുകൂടാ.

ഈ വ്യവസ്ഥ പാലിക്കാൻ നിർബ്ബന്ധിതമാകുന്ന ഒരു രാജ്യം അതിന്റെ സാമ്പത്തിക സ്വാതന്ത്ര്യവും പരോക്ഷമായി രാഷ്ട്രീയ സ്വാതന്ത്ര്യവും ഐ. എം. എഫ് നു് അതായതു് അമേരിക്കൻ ഐക്യനാടുകളാൽ നയിക്കപ്പെടുന്ന മുതലാളിത്ത രാജ്യങ്ങൾക്കു് അടിയറവെക്കുകയാണു്.

വായ്പാതുക മടക്കിക്കൊടുക്കാനുള്ള വരുമാനം ഇൻഡ്യാഗവണ്മെൻറിനു് ഉണ്ടാക്കിക്കൊടുക്കാൻവേണ്ടിയുള്ളതാണത്രേ ഈ വ്യവസ്ഥകൾ. ഈ വായ്പാവ്യവസ്ഥകളുടെ വിശദാംശങ്ങളിലേക്കു് കടന്നാൽ ഞെട്ടിപ്പിക്കുന്ന സത്യങ്ങളാണു് പുറത്തു വരുന്നതു്. പ്രത്യക്ഷനികുതികൾ (ആദായനികുതി, ധനനികുതി...) വെട്ടിക്കുറയ്ക്കുക, പരോക്ഷനികുതികൾ അതായതു്, നിത്യോപയോഗ സാധനങ്ങളുടെമേലുള്ള നികുതികൾ, യാത്രാക്കൂലി, വിദ്യുച്ഛക്തി നിരക്കു് മുതലായ്ക്കുന്നു. അതു് നേരിട്ടു ബാധിക്കുന്നതു് ചെറുകിട ഇടത്തരം സ്ഥാപനങ്ങളേയാണു്. അവർ അടച്ചുപൂട്ടാൻ നിർബ്ബന്ധിതരാവുന്നു. തൊഴിലില്ലായ്മ തന്നെ അവിടെയും. മറെറാരു തരത്തിൽ ബാങ്ക്‌വായ്പാ നിയന്ത്രണം ചെറുകിടക്കാരെ ബാധിക്കുന്നു. വൻകിട സ്ഥാപനങ്ങൾ ചെറുകിടക്കാരിൽ നിന്നും നിർബന്ധ വായ്പകൾ വാങ്ങുന്നു—അവർ നൽകുന്ന സാധനങ്ങൾക്കുള്ള വില കൊടുക്കുന്നതു് താമസിക്കുന്നതു് വഴി (74-75 ലെ വായ്പ നിയന്ത്രണകാലത്തു് ഉണ്ടായതു് ഇതാണു്) അതുപോലെ വായ്പകളിൽ നിയന്ത്രണങ്ങൾ വരുമ്പോൾ വേതനം താമസിപ്പിക്കപ്പെടുന്നു. ബോണസ് നിഷേധിക്കപ്പെടുന്നു. വേതനവർദ്ധനവു് ഉണ്ടാകുന്നതേയില്ല എന്നു മാത്രമല്ല നിലവിലുള്ളവേതനത്തിൽ കുറവുകളും വരുത്തുന്നു. എല്ലാത്തിനും ഒരേ കാരണം—പണമില്ല!

പൊതുഖജനാവിൽ നിന്നുമുള്ള ചിലവുകളിൽ നിയന്ത്രണം ഉണ്ടാവണം. വികസന പരിപാടികളിൽ ചെലവുചുരുക്കാൻ പാടില്ലല്ലോ. പിന്നെയുള്ളതു് വേതനം കൂട്ടാതിരിക്കുക, ഉള്ളതുതന്നെ കുറയ്ക്കുക എന്നുള്ളതാണു് അതോടൊപ്പം ഭക്ഷണധാന്യങ്ങളിന്മേലുള്ള സബ്സിഡികൾ നിർത്ത

ലാക്കുന്നു. (അതായത് റേഷനിംഗ് നിർത്തലാക്കുക— ബംഗ്ലാദേശിനു് ഐ. എം. എഫ് വായ്പയുടെ രണ്ടാംഗഡു നൽകാത്തതിന്റെ കാരണം അവിടത്തെ റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാൻ ബംഗ്ലാദേശ് സർക്കാർ വിമുഖത കാട്ടി എന്നുള്ളതാണ്.)

ഐ. എം. എഫ് വായ്പയുടെ ഒരുവശം മാത്രമേ ആയുള്ളൂ. ഇവ വിദേശ കുത്തകകളുടെയും വൻകിടക്കാരുടെയും ഉയർച്ചയും, സ്വത്തിന്റെയും ആദായത്തിന്റെയും വിഭജനത്തിലുണ്ടാവുന്ന വർദ്ധിച്ച അസന്തുലിതാവസ്ഥയുമാണ്. മറ്റൊന്ന് ലൈസൻസ് കൊടുക്കുന്നതിലും ഇറക്കുമതിയിലുമുള്ള നിയന്ത്രണങ്ങൾ മാറ്റുന്നതും. വിദേശ കുത്തക മൂലധനവും വിദേശ നിർമ്മിത വസ്തുക്കളും ഇൻഡ്യയിലേയ്ക്കു പ്രവഹിക്കാൻ ഇതു് ഇടയാക്കും. കുത്തകയുടെ വളർച്ചയും, പ്രാദേശിക വ്യവസായ തകർച്ചയുംആണ് ഇതുമൂലമുണ്ടാവുക. കാർഷിക മേഖലയിൽ പ്രാദേശികമായി ലഭ്യമായ വിത്തും വളവും മറ്റും ഉപയോഗിക്കുന്നതിനുപകരം ഇറക്കുമതി ചെയ്യപ്പെട്ട വളങ്ങളും കീടനാശിനികളും യന്ത്രോപകരണങ്ങളും ഉപയോഗിക്കേണ്ടിവരും. അതേ സമയം നേരത്തേ സൂചിപ്പിച്ച മറ്റൊരു വ്യവസ്ഥ പ്രകാരം വളത്തിനുമേലുള്ള സബ്സിഡി നിർത്തലാക്കുന്നതുമൂലം ആവശ്യമായ വളവും വിത്തും കീടനാശിനികളും സ്വരൂപിക്കാൻ ചെറുകിടക്കാരനു് കഴിയുകയില്ല. അവിടെയും വ്യാവസായിക മേഖലയിലെന്നപോലെ വൻകിടക്കാരനാണ് വളർച്ച.

വൻകിടക്കാരൻ തന്റെ ഉല്പന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയക്കാനാവും താല്പര്യം കാണിക്കുക— കാരണം ഭക്ഷണസാധനങ്ങളുടെ അന്തർദേശീയ വിലആഭ്യന്തരവിലകളേക്കാൾ കൂടുതലാണ്. അതോടൊപ്പം തന്നെ ആ പ്രവണത നിർത്തലാക്കാൻ വേണ്ടി ആഭ്യന്തര വിലകളും ഉയരുന്നു. അപ്പോൾ യന്ത്രവല്ക്കരണവും പ്രാദേശികമായി സുലഭമായ മനുഷ്യസമ്പത്ത് ഉപയോഗിക്കായ്കമൂലവുമുള്ള തൊഴിലില്ലായ്മ, ഭക്ഷണസാധനങ്ങളുടെഉയർന്ന വിലനിലവാരം. ഭക്ഷ്യധാന്യങ്ങളുടെ റേഷനിംഗ് ഇല്ലായ്മ, വർദ്ധിക്കുന്ന പരോക്ഷനികുതി ഇവയെല്ലാം മൂലം യഥാർത്ഥ വേതനത്തിൽ അത്ഭുതപൂർവമായ കുറവ് അനുഭവപ്പെടും.

ദുരിതംപിടിച്ച ഈ ഇടപാട് എന്തിന്റെ പേരാലാണ്? നമുക്ക് വേണ്ടത്ര വിദേശനാണ്യ ശേഖരമില്ലത്രെ-തന്മൂലമുണ്ടാവുന്ന വില്പന കുടിശിക അടച്ചുതീർക്കാൻ വിദേശനാണ്യമില്ലത്രെ— (ഐ. എം. എഫ് വായ്പാതുക ഇറക്കുമതിക്കുവേണ്ടി മാത്രം ഉപയോഗിക്കാനുള്ളതാണ്) എങ്ങിനെയാണ് ഈ അവസ്ഥാ വിശേഷം ഉണ്ടായതു് എന്നുള്ളതു് മറ്റൊരു ലേഖനത്തിനു വിഷയമാണ്. ഒരു കാര്യത്തെപ്പറ്റി മാത്രം സൂചിപ്പിക്കാം. എണ്ണയുടെ വിലക്കയറ്റമാണ് ഭാരതത്തെ ഏറ്റവും വിപരീതമായി ബാധിച്ച ഒരു ലോക സാമ്പത്തിക പ്രതിഭാസം. ആകെയുള്ള ഇറക്കുമതിയുടെ പകുതിയിലേറെ എണ്ണക്കുവേണ്ടിയാണ്. ഇൻഡ്യയിൽ ഉപയോഗിക്കുന്ന എണ്ണയിൽ കേവലം പത്തുശതമാനം കുറവു വരുത്തുകയാണെങ്കിൽ ഉണ്ടാവുന്ന ലാഭം കുറഞ്ഞതു് 1000 കോടി രൂപയാണ്. ഐ. എം. എഫിൽ നിന്നു് ആദ്യഗഡുവായി ഇൻഡ്യക്കു ലഭിക്കുന്നതു് ഇതിലും കുറവായ ഒരു തുക മാത്രമാണെന്നിരിക്കെ, ഇൻഡ്യൻ ഭരണാധികാരികളുടെ ഉദ്ദേശശുദ്ധിയെപ്പറ്റി സംശയിക്കാതിരിക്കുക അസാദ്ധ്യമാണ്.

ഐ. എം. എഫ്. ന്റെ ഈ വായ്പക്കു് ഒരു വർഷത്തേക്കുള്ള പലിശ അഞ്ഞൂറുകോടിരൂപയിൽ കവിയും. വായ്പ തിരിച്ചടയ്ക്കാൻ തുടങ്ങുമ്പോൾ മൊത്തം ആയിരംകോടി രൂപയിൽ കൂടുതൽ വേണ്ടിവരും ഒരു വർഷം. ഈ പണം (വിദേശനാണ്യം)എവിടെ നിന്നുണ്ടാവും? ഐ. എം. എഫ് അതിനും മാർഗ്ഗം കണ്ടിട്ടുണ്ട്. അവർ വീണ്ടും വായ്പ തരും! ഒരു കടം തീർക്കാൻ മറ്റൊരു കടം. എല്ലാ അർത്ഥത്തിലും ഒരു ഉരാക്കുടുക്കായിരിക്കും ഐ. എം. എഫ് വായ്പ. 0

സ്വതന്ത്രമായ......

ള്ള സ്വാതന്ത്ര്യം സമിതിയുടെ അവകാശമാണെന്നു് അംഗീകരിക്കപ്പെടണം. അത്തരത്തിൽ സംഘടനയെ വിമർശിക്കുന്നതിൽ ആരും ആശങ്കാകുലരാകരുതു്. ഇക്കാര്യത്തിൽ ഓരോ അംഗവും ധൈര്യം കാണിക്കേണ്ടതുണ്ട്. ഭാവിയിൽ ഒരു പത്രപ്രസിദ്ധീകരണവും വെറും പാർടി ഗസറ്റായി കാലം കഴിക്കാതിരിക്കുവാൻ പാർടിയും പത്രപ്രസിദ്ധീകരണവും തമ്മിലുള്ള ബന്ധം ശരിയായ രീതിയിൽ വിലയിരുത്തപ്പെടണം. പാർടിയുടെ നേതൃത്വത്തിലുള്ള പത്രം എന്നു പറയുമ്പോൾ അതിന്റെ രാഷ്ട്രീയനേതൃത്വം മാത്രമായിരിക്കണം. സംഘടനാപരമായ നേതൃത്വത്തിന് ഊന്നൽ നൽകുന്നതു് പത്രത്തിന്റെ സർഗാത്മകതയും ജനകീയതയും ആഘാതമേല്പിക്കും എന്നതന്നെയാണ് നമ്മുടെ അനുഭവം കാണിക്കുന്നതു്. ഇത്തരമൊരു വീക്ഷണകോണിൽ നിന്നായിരിക്കണം പത്രപ്രവർത്തന സ്വാതന്ത്ര്യത്തിനായി ഇനി നാം പോരാടേണ്ടതു്. ഇക്കാര്യത്തിൽ „ദൈവം തെറ്റുചെയ്താലും ഞാനതു് റിപ്പോർട്ടു ചെയ്യും" എന്നു പ്രഖ്യാപിച്ച സ്വദേശാഭിമാനിയിൽ നിന്നുതന്നെ നമുക്കു തുടങ്ങാം. 0

(25-ൽ നിന്നു് തുടർച്ച)

കോടതിവിധിക്കപ്പുറം ജനവികാരങ്ങളെ മാനിക്കുന്ന ഒരു സർക്കാരിനു് കുറഞ്ഞപക്ഷം ഈ ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ തിരിച്ചെടുക്കാതിരിക്കാൻ ശ്രമിക്കാമായിരുന്നു. ജുഡീഷ്യറിയെക്കാളേറെ ജനവികാരത്തിന്റെ യഥാർത്ഥപ്രതിനിധികൾ തങ്ങളാണെന്നു് എല്ലായ്പോഴും ഇവർ അവകാശപ്പെടാറുള്ളതാണല്ലോ. മാത്രമല്ല സാമൂഹ്യവിരുദ്ധത ആരോപിച്ച് ആനുചിതമായി എത്രയെത്ര ഉദ്യോഗസ്ഥന്മാരെ പ്രത്യേകാധികാരത്തിന്റെ പിൻബലത്തിൽ ഇവർ പുറത്താക്കിയിട്ടില്ല! അതിനുള്ള നിയമങ്ങളന്വേഷിച്ചും എങ്ങും പോകേണ്ട കാര്യമില്ല. ഇന്ത്യൻപ്രസിഡൻറിൽ തന്റെ പ്രത്യേകാധികാരങ്ങൾ നിക്ഷിപ്തമാണ്. അപ്പോൾ പ്രശ്നമതല്ല എന്നു കാണാൻ വലിയ ബുദ്ധിവൈഭവമൊന്നും ആവശ്യമില്ല. ഐ. പി. എസ് പരീക്ഷയ്ക്കുശേഷമുള്ള പാസിംഗ്-ഔട്ട്-പരേഡിൽ ഉന്നതന്മാർ നല്കിയ നിർദ്ദേശങ്ങൾക്കുപരി മറ്റൊന്നും തന്നെ ഇവിടെ പോലീസ് മേധാവികൾ ചെയ്തിട്ടില്ല. എന്താണീതെല്ലാം കാട്ടുന്നതു്. എന്തിനീ അന്തർനാടകം!

ആരേയുംകബളിപ്പിക്കാനാകാത്ത വിധം ഇന്ത്യൻ ഭരണയന്ത്രത്തിന്റെ യഥാർത്ഥനിറം അസന്നിഗ്ദ്ധമായി വിളിച്ചോതുന്ന ഒന്നാണ് കോടതിവിധികളും തുടർന്നുള്ള സംഭവങ്ങളും എന്നു് ഞങ്ങൾ കാണുന്നു. ശിക്ഷിക്കാനും രക്ഷിക്കാനുമുള്ള ഉത്തരവാദിത്തം ജനതാല്പര്യം സംരക്ഷിക്കാത്ത ഒരു ഏജൻസിയെ ഏല്പിച്ച്, കാഴ്ചകാണാൻ നിന്ന ഒരു ജനതക്കേറ്റ, ഏറ്റവും വലിയ ഒരു പ്രഹരവും കൂടിയാണിതു്. യാഥാർത്ഥ്യത്തിലേക്കുണരാൻ ഒരു പക്ഷേ മാരകമായ പ്രഹരങ്ങൾപോലും ഒരു ജനതയെ സഹായിച്ചേക്കും.

മനുഷ്യത്വം തന്നെ പ്രത്യേകിച്ചൊരുലേബലുമില്ലാതെ നഗ്നമായി കമ്പോളത്തിൽ വില്പനക്കെത്തുമ്പോഴാണ് ഒരു ജനവിരുദ്ധഭരണകൂടത്തിന്റെ യഥാർത്ഥ തകർച്ച ആരംഭിക്കുന്നതു്. അതുവരെ സംഘടനാപരമായി അതിനു നിലനില്ക്കാൻ കഴിഞ്ഞുവെന്നു വരാം. ഇവിടെ അനിവാര്യമായ തകർച്ചയ്ക്കുള്ള ഭൗതിക ഘടകങ്ങൾ സുലഭമാണ് എന്നാൽ തലപ്പത്തിനിൽക്കുന്ന സന്നിദ്ധതകൾക്കോ, എന്തെങ്കിലും കാട്ടിക്കൂട്ടി കണ്ണടച്ചിരുട്ടാക്കുന്ന വിഭാഗീയ കാപട്യങ്ങൾക്കോ വൈകാരിക അഭിലാഷങ്ങൾക്ക് തീകൊളുത്താൻ കഴിയുന്ന ഒരു സാമൂഹ്യമനസാക്ഷിയല്ല ഇവിടെ നിലനില്ക്കുന്നതെന്നു് ആത്മാർത്ഥതയുള്ളവർ മനസ്സിലാക്കട്ടെ.

ഇവിടെ ജനങ്ങൾ പരാജയപ്പെട്ടു; എന്നാൽ അതു് എല്ലാത്തിന്റെയും അവസാനമല്ല...

പിടിക്കപ്പെട്ട 'സംപൂജ്യരും' ശേഷം 'ബുജി'കളും

വിജയകുമാർ

കഴിഞ്ഞ കുറെ ആഴ്ചകളായി കേരളത്തിലെ എല്ലാ പത്രങ്ങളിലും പ്രമുഖസ്ഥാനം പിടിച്ചെടുത്ത മാർക്ക് ലിസ്റ്റ് മറിമായ വാർത്തകൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഇപ്പോഴത്തെ അവസ്ഥവെച്ചു നോക്കിയാൽ ഈ വാർത്തകൾക്ക് അവസാനമുണ്ടാവില്ല എന്ന് തോന്നിപ്പോകുന്നു. രജിസ്ട്രാർമാർ മുതൽ വിദ്യാർത്ഥികൾ വരെ ഡോക്ടർമാർ മുതൽ കോൺട്രാക്ടർമാർ വരെ സമൂഹത്തിലെ ഉന്നതരായ ധാരാളം വ്യക്തികൾ കോമാളിത്തൊപ്പികളും ധരിച്ച് എന്നും രാവിലെ നമ്മുടെ മുന്നിൽ പരേ നടത്തുന്നു. അഴിമതി വെളിവാക്കപ്പെടുന്നതിലുള്ള ആശ്വാസം, അഴിമതിയുടെ ധാരാളിത്തം ഉളവാക്കുന്ന അമ്പരപ്പും കൂടിച്ചേർന്ന് സമ്മിശ്രവികാരങ്ങൾ രൂപംകൊള്ളുന്നു. ശുഭാപ്തിവിശ്വാസവും അതിനെ മറികടക്കുന്ന അശുഭചിന്തകളും ഒരേസമയം വീർപ്പുമുട്ടിക്കുന്നു. പക്ഷേ, നമ്മുടെ നാട്ട് നന്മ നിറഞ്ഞവരുടെ സങ്കേതമാണെന്നോ അനീതിയുടെ ഗന്ധം നമുക്ക് അന്യമാണെന്നോ നാമാരും സങ്കല്പിച്ചുകൂടിയില്ലല്ലോ.

കേരളത്തിനു പുറത്തുള്ള മറ്റു പല സർവകലാശാലകളുടേതിൽനിന്നും ഭിന്നമായ ഒരു മുഖം കാത്തുസൂക്ഷിക്കാൻ ഇതേവരെ കേരളത്തിലെ സർവകലാശാലകൾക്ക് കഴിഞ്ഞിരുന്നു. അതിൽ നല്ലൊരളവുവരെ നാം അഭിമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അടുത്തകാലത്തെ സംഭവങ്ങൾ തെളിയിക്കുന്നതുപോലെ നാം ഇതേവരെ കണ്ടത് ഒരു കള്ളമാർക്ക്ലിസ്റ്റ് മാത്രമായിരുന്നു. ഉള്ളുകള്ളികളെക്കുറിച്ചുള്ള ഒരു ജനതയുടെ അജ്ഞതയിൽ മെനഞ്ഞെടുത്ത ഒരു മുഖം. തകരുന്ന അജ്ഞതയ്ക്കും തകരുന്ന കപടമുഖങ്ങൾക്കും അപ്പുറം നമ്മുടെ ഉള്ളിന്റെ ഉള്ളിൽ മറ്റെന്തോ കൂടിയൊക്കെ തകരുന്നില്ലേ? നാം ആശ്വാസം കണ്ടെത്തിയിരുന്ന വിശ്വാസങ്ങളുടേയും കാത്തുസൂക്ഷിച്ചിരുന്ന മൂല്യസങ്കല്പങ്ങളുടേയും ലോകം?

നമ്മുടെവിദ്യാഭ്യാസരംഗത്തെ അഴിമതികളെക്കുറിച്ച് പറയുമ്പോൾ ഏറ്റവും ആദ്യം സൂചിപ്പിക്കപ്പെടേണ്ടത് ഇവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റിത്തന്നെയാണ്. നിരന്തരമായ വഞ്ചനയുടെ ഒരുവിഷമവൃത്തമാണത്. ജീവിതഗന്ധിയല്ലാത്ത ഏതൊരു വിദ്യാഭ്യാസക്രമവും അധാർമ്മികമാണ്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ യഥാർത്ഥ ജീവിതത്തിൽ നിന്നും എത്രയോ അന്യമാണ്. ഈ വിദ്യാഭ്യാസ പ്രക്രിയയിലൂടെ കടന്നുവരുന്ന ഒരു യുവാവ് പച്ചയായ ജീവിതത്തിന്റെ മുന്നിലെത്തുമ്പോൾ മാത്രമാണ് താൻ ഉരുവിട്ടുപഠിച്ച ഒരു പെരുക്കപ്പട്ടികയും ഒരു സമവാക്യവും തന്റെ സഹായത്തിനില്ല എന്ന പരമാർത്ഥം മനസ്സിലാക്കുന്നത്. പിന്നിട്ട പതിനഞ്ചോ ഇരുപതോ വർഷങ്ങൾ സമ്മാനിച്ച അന്തസ്സാരശൂന്യതയുടെ മുഴക്കങ്ങളുമായി ഒരു സ്വപ്നാടനത്തിലെന്നോണം ചുറ്റിത്തിരിയുന്ന ഒരു തലമുറയിലെ ന്യൂനപക്ഷമെങ്കിലും ഇതു മനസ്സിലാക്കുന്നത് ഇത്ര വൈകിയാണ് എന്നതിലാണ് ഈ വിദ്യഭ്യാസസമ്പ്രദായം നിലനില്ക്കുന്നതുതന്നെ. അഥവാ, ഇക്കാലമത്രയും ഇതു മനസ്സിലാക്കാനുള്ള സാമാന്യബോധമെങ്കിലും അവർക്കു നൽകുന്നില്ലെന്നിടത്തോളം വിദ്യാഭ്യാസസമ്പ്രദായം ജീവിതത്തിൽനിന്ന് അകന്നു നില്ക്കുന്നു. അറിയാത്ത തെറ്റിന്റെ പാപഭാരവും പേറി വിദ്യയുടെ പ്രായോഗികതലങ്ങൾ തേടി അലയുന്ന വിദ്യാർത്ഥികളുടെ കഥ ഇതാണെങ്കിൽ ആ തലങ്ങൾ തേടിപ്പിടിച്ചവർ എന്തുചെയ്യുന്നു? തങ്ങൾ ചൊല്ലിക്കേട്ടത് അടുത്ത തലമുറയെ ചൊല്ലിക്കേൾപ്പിക്കുക എന്ന വിദ്യയുടെ 'പ്രയോഗ'ത്തിൽ ഏർപ്പെട്ടിരിക്കുന്നവർ. കലാശാലകളിലൂടെയും ട്യൂഷൻകേന്ദ്രങ്ങളിലൂടെയും അദ്ധ്യാപകർ അഴുകിയ നോട്ടുപുസ്തകങ്ങളുടെ ആവർത്തനങ്ങളാൽ മുൻപറഞ്ഞ വിഷമവൃത്തം പൂർത്തീകരിക്കുക എന്ന കടമ നിറവേറ്റുന്നു. ഇന്ന് അവർ തങ്ങളേക്കാൾ പഴകിയ വീക്ഷണങ്ങളുടെ ശവവണ്ടികളോ എന്തിനെന്നറിയാത്ത സമസ്യകളുടെ പൂരകങ്ങളോ ആണ്.

ജ്ഞാനസമ്പാദനത്തിലെ തനിയാവർത്തനത്തിന്റെ ഈ താളംതെറ്റിക്കുവാനോ വിദ്യാഭ്യാസസമ്പ്രദായവും യഥാർത്ഥ ജീവിതവും തമ്മിലുള്ള അന്തരത്തെക്കുറിച്ചുള്ള ദാർശനികവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനോ എന്തോ, വിദ്യാഭ്യാസരംഗത്തും അഴിമതി എന്ന പൊതുഘടകം കൂടുതൽ ഊർജ്ജസ്വലമായി. വിദ്യാഭ്യാസം ബിസിനസ്സാക്കി മാറ്റുന്ന അദ്ധ്യാപകർ. പുലരുന്നതിനുമുൻപ് അലാറം വെച്ചുണർന്ന് ട്യൂഷനെടുക്കുന്ന ഇവർ കോളേജിലെത്തി തുറന്ന കണ്ണുകളുമായി അലാറംവെച്ച് ഇരുന്നുറങ്ങുന്നു.

സ്കൂളുകളിൽനിന്നും അത്ഭുതംകൂറുന്ന കണ്ണുകളുമായി കോളേജിലെത്തുന്ന കുട്ടികളെ നാലോ അഞ്ചോ വർഷങ്ങൾ കൊണ്ട് ചേതനയറ്റവരാക്കിത്തീർക്കുന്നതിന് ഇത്തരം ബുദ്ധിജീവികൾ ചെയ്യുന്നത് കുറഞ്ഞ ശ്രമമൊന്നുമല്ല. കോളേജ് അഡ്മിഷൻതൊട്ട് ഉത്തരക്കടലാസ്സിന്റെ പുനഃപരിശോധനവരെയുള്ള എല്ലാ ഘട്ടങ്ങളിലും നിരന്തരം വഞ്ചിക്കപ്പെടുന്ന ഒരു തലമുറയെ ഇങ്ങനെ ചേതനയറ്റവരാക്കിത്തീർക്കേണ്ടത് വിദ്യാഭ്യാസക്രമത്തിന്റെ ഒരു ആവശ്യംതന്നെയാണ്!

മാർക്ക്ലിസ്റ്റ് വെട്ടിപ്പുകൾ വിദ്യാഭ്യാസരംഗത്തെ അഴിമതികളുടെ എണ്ണിയാലൊടുങ്ങാത്ത വഴിപ്പിരിവുകളിൽ പുതിയതൊന്നുംകൂടി കൂട്ടിച്ചേർക്കുക മാത്രമാണ് ചെയ്തത്. എങ്കിലും, അഴിമതിയുടെ പുതിയ മാനങ്ങളിലേക്കുള്ള ഒരു യാത്രതന്നെയായിരുന്നത്. കേരളാ ഹൈക്കോടതി രണ്ടു മാർക്ക്ലിസ്റ്റുകൾ നിരത്തിക്കൊണ്ട് പറഞ്ഞുതുടങ്ങിയ കഥയിൽ ചോദ്യങ്ങൾ ചോദിക്കാൻ ഇടം നൽകാതെ, കഥയുടെ ഈടും പൊലിമയും വർദ്ധിപ്പിച്ചുകൊണ്ട് കഥാപാത്രങ്ങൾ നിരവധി രംഗത്തു വന്നു. എന്തിനായിരുന്നു ഇവരെല്ലാം ഈ സാഹസകൃത്യങ്ങൾക്കു തുനിഞ്ഞത്? ജോലി കിട്ടാതെ അലയേണ്ടിവരുന്ന ഒരു യുവാവിൽ തോന്നിയ അനുകമ്പകൊണ്ട്? തന്നോടൊപ്പം വൈദ്യശാസ്ത്രം ചരമമാകരു

തന്നെ ഒരു പിതാവിന്റെ സേവനതല്പരതകൊണ്ടു്? പരീക്ഷയിൽ തോററ് ബഹുമാന്യനായ പിതാവിന്റെ അന്തസ്സു നശിപ്പിക്കരുതെന്ന ഒരു മകന്റെ ആഭിജാത്യം കൊണ്ടു്? എന്തിനായാലും ഇവരുടെ പാപഫലങ്ങൾ ഏററുവാങ്ങുവാൻ വിധിക്കപ്പെട്ടവരാണല്ലോ ഈ നാട്ടിലെ നിഷ്കളങ്കരായ സാധാരണക്കാർ.

സമൂഹത്തിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്ന ബുദ്ധിജീവി വിഭാഗങ്ങളിൽ പെട്ടവരാണു് ഈ കേസുകളുമായി ബന്ധപ്പെട്ടു് അറസ്റ്റുചെയ്യപ്പെട്ടവരിൽ ഒട്ടുമിക്കപേരും. യാതനകൾ നിറഞ്ഞ ഒരു സമൂഹത്തിനുനേരെയോ അതിന്റെ താഴ്ന്ന ധൈഷണികതയുടെ നേരേയോ തിരിഞ്ഞിരിക്കുന്ന പുച്ഛംനിറഞ്ഞ മുഖം ഈ വിഭാഗക്കാരുടെ ഒരു സവിശേഷതയാണു്. തങ്ങളുടെ സ്വകാര്യജീവിതത്തിനു പുറത്തുള്ള മറെറാന്നിലും താല്പര്യം കാണിക്കാത്ത ഇവർ തങ്ങളുടെ ധൈഷണികവാല്മീകങ്ങൾക്കുള്ളിലിരുന്നുകൊണ്ടു് എന്തുചെയ്യുകയായിരുന്നു? ഒരു ജനതയെ കുടുക്കിലാക്കാൻ പൂജ്യങ്ങൾ തുന്നിച്ചേർത്തു വലകൾ നെയ്യുകയായിരുന്നുവോ? പൊതുവിൽ 'നിരുപദ്രവികൾ' എന്നറിയപ്പെട്ടിരുന്ന ഇവർ ഭാവിയുടെ സാവധാന ദുരന്തത്തിനുള്ള വഴിയൊരുക്കുകയായിരുന്നുവോ? 'ബൗദ്ധികത'യുടെ പ്രഭാവലയത്തിൽ അശോകന്മാർ മറച്ചുവെച്ച അധാർമ്മികതയും സത്യദാസന്മാർ മറച്ചുവെച്ച സത്യവും നാമിന്നു കാണുന്നു. രജിസ്ട്രാർ എന്നോ പ്രിൻസിപ്പാളെന്നോ ഡോക്ടറെന്നോ അദ്ധ്യാപകനെന്നോ ധാമ്മികത ആവശ്യപ്പെടുന്ന ഒരു സ്ഥാനത്തും ഇവർ ഇനി അവരോധിക്കപ്പെടരുതു്. നൈതികത ആവശ്യമില്ലാത്ത കച്ചവടങ്ങളിലോ കോൺട്രാക്ടുകളിലോ ഇവർ തങ്ങളുടെ മേച്ചിൽസ്ഥലങ്ങൾ തെരഞ്ഞുകൊള്ളട്ടെ.

ഇതു് വെളിവാക്കപ്പെട്ടവരുടെ മാത്രം കഥയാണു്. ഇനിയും കള്ളമാർക്ക്‌ലിസ്റ്റുകൾക്കു പിറകിൽ ഞെളിഞ്ഞിരിക്കുന്നവരും അന്വേഷണത്തിന്റെ പകുതിയിൽവെച്ചു് കപടമുഖങ്ങൾ രക്ഷിക്കാൻ കഴിഞ്ഞവരും നമുക്കു ചുററുംതന്നെയുണ്ടു്. 'പണം മുടക്കിയാണു് ഞാൻ ഡോക്ടറായതു്' എന്ന അവകാശവാദത്തോടെ ആതുരശുശ്രൂഷയുടെ ബലിക്കല്ലിനുമുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളവരുടെ മാർക്ക്‌ലിസ്റ്റുകൾ ആരു് പരിശോധിക്കും? സത്യസന്ധനായ ഒരു ജഡ്ജിയുടെ പുനരാഗമനം എന്ന യാദൃച്ഛികതയിൽ വിശ്വാസമർപ്പിച്ചു് ഇനിയും നാം കാത്തിരിക്കണമോ?

അഴിമതിയുടെ ഓരോ പുതിയ വൃത്താന്തങ്ങളും നമ്മളിൽ ഉണ്ടാക്കുന്ന ചെറിയ ഞെട്ടൽ മാത്രമാണു് നാമിന്നും ജീവിക്കുന്നു എന്നതിനു് തെളിവുപോലും. എങ്കിലും കൂടിക്കൂടി വരുന്ന അഴിമതികളും കുറഞ്ഞുകുറഞ്ഞുവരുന്ന ജനകീയ പ്രതികരണങ്ങളും ശുഭാപ്തിവിശ്വാസിയിൽ അമ്പരപ്പുളവാക്കുന്നു. കേരളത്തിനു പുറത്തുള്ള പല സർവകലാശാലകളിലും കാശെറിഞ്ഞാൽ ക്ലാസും റാങ്കുമൊക്കെ കിട്ടും എന്നതു് എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. ഈ വാർത്ത ആദ്യമറിഞ്ഞപ്പോൾ അവിടുത്തെ ജനത അതിൽ ദുഃഖിച്ചിട്ടുണ്ടാവാം; പ്രതിഷേധിച്ചിട്ടുമുണ്ടാവാം. പിന്നെപ്പിന്നെ അതൊരു സാധാരണ സംഭവമായി മാറുകയായി. അനീതികൾക്കെതിരെയുള്ള പ്രതിഷേധം നിലയ്ക്കുമ്പോൾ അനീതി ഒരു ജനതയുടെ സ്വഭാവമായി മാറുന്നു. പിന്നീടു് അതു് അവരുടെ മുഖമുദ്രയായി മാറുന്നതിനു് വലിയ കാലതാമസം ഉണ്ടാവില്ല. ഇവിടെ കള്ളമാർക്ക്‌ലിസ്റ്റുകളുടെ ബാഹുല്യംതന്നെ നമ്മെ നിഷ്ക്രിയത്വത്തിലേക്കു് നയിക്കുന്നതിനുള്ള ഒരു കാരണമായി മാറാവുന്നതാണു്.

'പണം മുടക്കിയാണു് ഞാൻ ഡോക്ടറായതു്' എന്ന അവകാശവാദത്തോടെ ആതുരശുശ്രൂഷയുടെ ബലിക്കല്ലിനു മുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളവരുടെ മാർക്ക്‌ലിസ്റ്റുകൾ ആരു് പരിശോധിക്കും? സത്യസന്ധനായ ഒരു ജഡ്ജിയുടെ പുനരാഗമനം എന്ന യാദൃച്ഛികതയിൽ വിശ്വാസമർപ്പിച്ചു് ഇനിയും നാം കാത്തിരിക്കണമോ?

എല്ലാം വേഗം 'ക്ലീഷേ' ആയി തോന്നുന്നവർക്കു് നിരാശയുടെ നുകത്തിനു കീഴിൽ മാത്രമേ സ്ഥാനമുണ്ടാവൂ. പെററുപെരുകുന്ന ആന്തലെമാരുടെ ലോകത്തിലെ നോക്കുകുത്തികളുടെ സ്ഥാനം ○

(10-ൽ നിന്നും തുടർച്ച)

വോ? ചരിത്രം അതിന്റെ രണ്ടാം തിരിച്ചുവരൽ, അതേ, ആ അപഹാസ്യമായ തിരിച്ചുവരൽ, നടത്തിയിരിക്കുന്നു എന്ന നിഗമനത്തിനാണ് കൂടുതൽ സാംഗത്യം.

കോടതിമുറികളിൽനിന്ന് കോടതിമുറികളിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. ആദ്യത്തെ വിചാരണക്കോടതി പോലീസ് ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചു. എല്ലാവരേയുമല്ല. മൂന്നുപേരേ മാത്രം. കാരണം ആരോപിക്കപ്പെട്ട കുററങ്ങൾ സംശയലേശമെന്യേ തെളിയിക്കപ്പെട്ടിട്ടില്ല എന്നതായിരുന്നു. രാജൻ അന്യായമായി കസ്റ്റഡിയിൽ എടുക്കപ്പെട്ടതുമാത്രം കീഴ്ക്കോടതിയിൽ അംഗീകരിക്കപ്പെട്ടു. പീഡിപ്പിക്കുന്നതും കൊലചെയ്യപ്പെടുന്നതും ജഡം രായ്ക്കുരാമാനം ഉരക്കുഴിയിൽ വലിച്ചെറിയപ്പെടുന്നതും—ഇതൊന്നും കണ്ടതായി വിശ്വസിക്കാൻ പററുന്നവർ സാക്ഷികളായിരുന്നില്ല. കാരണം പോലീസ് ക്യാമ്പിൽനിന്നും പോലീസുകാർ മാത്രമാണല്ലോ സാക്ഷികളാക്കപ്പെടാൻ കഴിയുന്നത്. അവരെല്ലാവരുംതന്നെ കൂറുമാറിക്കളഞ്ഞു. ആരും ഒന്നും കണ്ടിട്ടില്ല. കൊലക്കുററത്തിന് ദൃക്സാക്ഷികളില്ല, ഇനി ശവശരീരമെങ്കിലുമുണ്ടോ? നമ്മുടെ വിശ്വാസവും കുട്ടികളുടെ നിഷ്കളങ്കതയും നമുക്കുറപ്പുതന്നു. രാജന്റെ ശവശരീരം അതാ, അവിടെ ആ ഉരക്കുഴിയിലുണ്ട്. അത് അവിടെത്തന്നെയുണ്ട് എന്ന ഉറച്ച വിശ്വാസത്തിൽ നാം നിലകൊണ്ടപ്പോഴാണ് ഒരു മന്ത്രവടി അന്തരീക്ഷത്തിൽ ചുഴററിക്കൊണ്ട് എന്നപോലെ കോടതി വിധിച്ചത്—ശവശരീരമില്ല. ഒരു അപ്രതീക്ഷിത നഷ്ടം സംഭവിച്ച അങ്കലാപ്പോടെ നാമെല്ലാം സൂക്ഷിച്ചുനോക്കി. അതവിടെയില്ല എന്ന് ഉറപ്പുവരുത്താൻമാത്രം. ശവം തിരയാൻ നാം കുനിഞ്ഞപ്പോൾ നമ്മുടെ ചുമലിനു മുകളിലൂടെ ആരൊക്കെയോ പരസ്പരം നോക്കി കണ്ണിറുക്കിയില്ലേ എന്ന സംശയം ബാക്കിനിൽക്കുന്നു.

ഞാനിവിടെത്തന്നെയുണ്ട് എന്ന ആത്മാലാപം എങ്കിലും നടത്താൻകഴിയാത്തതിനാൽ നമുടെ പ്രതീക്ഷകൾപോലെ വിളറിവെളുത്ത ഒരുഅസ്ഥിപഞ്ജരം അതിന്റെ ആഴങ്ങളിൽ കിടക്കുന്നുണ്ടോ എന്ന സംശയംബാക്കിനില്ക്കുന്നു. അന്യായത്തടങ്കലിന്റെ കാര്യമെങ്കിലും തെളിയിക്കപ്പെട്ടല്ലോ എന്ന അതിലോലമായ അത്താണിയിൽ നമുടെ നഷ്ടസ്വപ്നങ്ങളുടെവലിയ അസ്വസ്ഥത ഇറക്കിവെക്കാനാണ് നാം അന്ന് ശ്രമിച്ചതെന്നു തോന്നുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്ന വേദാന്തത്തിന്റെ ഊന്നുവടിയിൽ ഒരുചെറിയ ശിക്ഷയെങ്കിലുമായല്ലോ എന്ന് സമാധാനിച്ചവരുമുണ്ട്. പിന്നെപ്പിന്നെ നമുടെ തന്നെ അസ്വസ്ഥതകൾക്ക് നാം സ്വയം ന്യായീകരണങ്ങൾ തേടി. ശരിയല്ലേ. ദൃക്സാക്ഷികളില്ലാതെ, ശവശരീരമില്ലാതെ കൊലക്കുററം എങ്ങിനെതെളിയിക്കാൻ കഴിയും? എന്നാൽ ഉള്ളതുകൊണ്ട് ഓണമുണ്ണാൻ നടന്ന അന്നത്തെ കപടമായ ആത്മസംതൃപ്തി എത്രമാത്രം ക്ഷണികവും നിരർത്ഥകവുമായിരുന്നുവെന്ന് ഇന്ന് തോന്നുന്നില്ലേ? നമ്മുടെവലിയ മോഹഭംഗങ്ങൾ താങ്ങാൻ മാത്രം കരുത്ത് ഒരു ചെറിയ ശിക്ഷയുടെ അത്താണിക്ക് ഇല്ലായിരുന്നുവെന്നതാണ് സത്യം. ആദ്യത്തെ കാററിൽ തന്നെ അത് നിരർത്ഥകതയിൽ മുഖം പൊത്തി വീണു. ഏററവും പുതിയ വിധിന്യായം പറയുന്നു, രാജനെ അറസ്റ്റ്ചെയ്തതിന് മതിയായ തെളിവില്ലാ എന്ന്. ദൃഢമായി കണ്ണിചേക്കപ്പെട്ട ശൃംഖലാബദ്ധമായ തെളിവുകളുടെ അഭാവത്തിൽ സംശയത്തിന്റെ ആനുകൂല്യം പ്രതികളെത്തേടിപ്പോയി. പത്രക്കടലാസിലെ കറുത്ത

രാജൻകേസ് വെറുമൊരു നിയമപ്രശ്നമല്ല ഒരു മാനുഷിക പ്രശ്നമാണ്

അക്ഷരങ്ങൾക്കുപിന്നിൽ നിന്നും തടങ്കൽപാളയങ്ങളിലെ മനുഷ്യത്വഹീനത തിരനോട്ടം നടത്തുന്നുണ്ടോ എന്ന ആപൽശങ്ക നമ്മുടെ ഇന്നത്തെ ചിന്താവിഷമായിരിക്കുന്നു.

എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽനിന്നും ഉരക്കുഴിയുടെ ദുരൂഹതയിലേക്കാണ് നാം ആദ്യംപോയത്. എന്നിട്ടിപ്പോൾ ഉരക്കുഴിയിൽനിന്ന് അപമാനിതമായ വികാരങ്ങളോടെനാംഎഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽതന്നെ തരിച്ചെത്തിയിരിക്കുന്നു. അങ്ങോട്ടുള്ള യാത്രയിൽ പ്രതീക്ഷിതമായ പരിസമാപ്തി എല്ലാഘട്ടങ്ങളിലും നമുക്കൊപ്പമുണ്ടായിരുന്നു. അറച്ചറച്ചു നടത്തിയ മടക്കയാത്രയിലാകട്ടെ ഒരു വിലക്ഷണനാടകത്തിലെന്നപോലെ പരിണാമഗുപ്തിയുടെ എല്ലാ മുഹൂർത്തങ്ങളും വ്യർത്ഥതയിലേക്കാണ് പാളി വീണത്. കോടതി വിധികളുടെ വ്യത്യസ്തതകളെപ്പററിയുള്ള ഒരു പുനരവലോകനം അനുചിതമാണ്. കാരണം തെളിവിന്റെ സാങ്കേതികത്വം അവിടെ വിധിതീർപ്പുകല്പിക്കുന്നതിൽ നിർണ്ണായകപങ്കുവഹിക്കുന്നു. അതുകൊണ്ട് കേരളാഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നതുപോലെ രാജൻകേസ് ഒരു സാങ്കേതികപ്രശ്നമല്ല മാനുഷികപ്രശ്നമാണ് എന്ന സമീപനം സ്വീകരിക്കുകയാണ് കരണീയം. ഇത് ഏതെങ്കിലും ഒരു കോടതിയുടെ തകരാറല്ലാതായിരിക്കുന്നതുപോലെതന്നെ ഇനിയും ഒരപ്പീൽകോടതിയിൽനിന്ന് നീതി ലഭിക്കില്ല എന്ന നമ്മുടെ വിശ്വാസത്തിന്റെയും തകരാറല്ല.

ജുഡീഷ്യറിയിൽ നിന്നോ എക്സിക്യൂട്ടീവിൽ നിന്നോ നെറികെട്ട രാഷ്ട്രീയപാർടികളുടെ അനുഷ്ഠാനപരതയിൽനിന്നോ യഥാർത്ഥനീതി ഉറപ്പുചെയ്യപ്പെടുന്നില്ല എന്നതിന്റെ ഏററവും ഉന്നതമായ ദൃഷ്ടാന്തമാണ് രാജൻകേസ്. അപ്പോൾ പിന്നെ നീതി നടക്കണമെന്ന് ആഗ്രഹിക്കുന്ന സാധാരണക്കാർക്ക് സംഘം ചേരുക എന്നത് മാത്രമണ് പോംവഴി. ഈശ്വരവാര്യർ പറഞ്ഞതുപോലെ ഹീനവും ദുഷ്ടവും ആയ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനെങ്കിലും ഇന്നുപുറത്തുവന്നിരിക്കുന്ന വിധി സഹായിക്കുന്നില്ല. അതുകൊണ്ടു പരസ്പരം ഒളിച്ചുകളിക്കുന്ന എക്സിക്യൂട്ടീവിന്റെയും ജുഡീഷ്യറിയുടെയും രാഷ്ട്രീയപാർടികളുടെയും കോലാഹലങ്ങൾക്കുമീതെ നീതി ആഗ്രഹിക്കുന്നവരുടെ ദൃഢപ്രഖ്യാപനങ്ങൾ ഉയരണം. ചരിത്രത്തിൽ വിരളമായെങ്കിലും സംഭവിക്കുന്ന ബഹുജനങ്ങളുടെ ഒത്തു ചേരലാണ് ഇവിടെ ആവശ്യം. പ്രോസിക്യൂട്ട് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ ആരോപിക്കപ്പെട്ട കുററകൃത്യങ്ങൾ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നതല്ല കോടതി പരിശോധിച്ചത്. മറിച്ച് ആരോപിക്കപ്പെട്ട കുററം അവർ ചെയ്തിട്ടുണ്ടെന്നു തെളിയിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ല എന്നുമാത്രമാണ് കോടതി പറഞ്ഞത്. സംശയത്തിന്റെ ആനുകൂല്യംപ്രതികൾക്ക് ലഭിച്ചിരിക്കുന്നു എന്നത് സത്യമാണെങ്കിൽ കൂടി ബഹുജനങ്ങളുടെ ഭാഗത്ത് ഇവർ അപരാധികൾതന്നെയല്ലെ എന്ന സംശയം ശക്തമായി നിലനിൽക്കുന്നുണ്ട്. അപ്പോൾ സംശയത്തിന്റെ ആനുകൂല്യത്തേക്കാൾപരിഗണനാർഹമായിതീരേണ്ടത് സംശയത്തിന്റെ പീഢനത്തിനാണ്. ഒരുഅഗ്നിപരീക്ഷക്കും ആരോപണവിധേയമാക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ കറുത്തപ്രതിച്ഛായക്ക് വെളുപ്പുനിറംപകരാൻആകില്ല. എന്നാൽ അതുകൊണ്ട് ബഹുജനരോഷത്തിന്റെഉമിത്തീയിൽ നിന്ന് രക്ഷപ്പെടാൻ കഴിയാത്ത വിധത്തിൽ പാപക്കറപുരണ്ട ഈ ഉദ്യോഗസ്ഥൻമാർവീണ്ടും അവരുടെ പഴയ ഔദ്യോഗിക നിലവാരങ്ങളിൽ അവരോധിക്കപ്പെട്ടിരിക്കുന്നു.

(ശേഷം 22-ൽ)

ആത്മാവു തേടുന്നവരുടെ... (തുടർച്ച)

നുള്ള ഭൗതികസാഹചര്യം ഒരുക്കാനും അങ്ങിനെ ബൂർഷ്വാ ജനാധിപത്യത്തിന്റെ നല്ലവശങ്ങൾ പരിരക്ഷിക്കാനും മാവോ തുനിഞ്ഞിട്ടുണ്ട്. ഭൗതിക പ്രചോദനത്തെ സംബന്ധിച്ച കേവല സാമ്പത്തിക വാദത്തിനെതിരായി ആത്മീയ ഉത്തേജനത്തിന്റെ കാര്യം മാവോ ഊന്നിപറഞ്ഞു. സോഷ്യലിസ്റ്റ് ധാർമ്മികതയുടെ അടിസ്ഥാനത്തിൽ വർഗ്ഗങ്ങളെ സംബന്ധിച്ച വീക്ഷണത്തിൽ സാംസ്കാരിക വിപ്ലവം അഴിച്ചുപണി നടത്തി രാഷ്ട്രീയം അഗ്രിമസ്ഥാനത്ത് എന്ന വീക്ഷണം പ്രചാരം നേടുകയും സംഘടനാപരമായ ആജ്ഞാശക്തിക്കുമുമ്പിൽ കീഴ്‌വഴങ്ങിപ്പോകുന്ന നിസ്സഹായതയിൽ നിന്ന്, ഒരു വലിയ പരിധിയോളം, ജനങ്ങൾ മോചിതരാവുകയും ചെയ്തു. സാംസ്കാരികവിപ്ലവം എല്ലാ അർത്ഥത്തിലും കലങ്ങിമറിഞ്ഞ കലാപം തന്നെയായിരുന്നു. അതിന്റെ സജീവമായ അന്തരീക്ഷത്തിലാണ് ഈ പുതിയ കാഴ്ചപ്പാടുകൾ വളർന്നു വികസിച്ചത്. എന്നാൽ തേടുന്ന പരിഹാരത്തിന്റെ മർമ്മസ്പർശിയായ വശങ്ങൾ ഇനിയും മുന്നോട്ടുവന്നില്ല. മൗലികവും സമഗ്രവുമായ ഒരു പുന:പരിശോധനയിലൂടെ മാർക്സിസ്റ്റ് ദർശനത്തിനുതന്നെ ഒരു സമകാലീനവ്യാഖ്യാനം നൽകാൻ മാവോക്ക് കഴിഞ്ഞില്ല. മനുഷ്യന്റെ ആന്തരികസത്തയെ ഒരു സജീവ ദാർശനിക പ്രശ്നമായി ഉയർത്തിക്കൊണ്ടു വരുന്നതിന് പ്രയോഗിക്കപ്പെട്ട മാർക്സിസത്തിന്റെ പാരമ്പര്യം ഒരു വലിയ വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. ജീവിക്കുന്ന യാഥാർത്ഥ്യങ്ങൾക്കുമേൽ 'സോഷ്യലിസ്റ്റ് പാരമ്പര്യം' കെട്ടിയേൽപ്പിച്ച ദുസ്സഹമായ ഭാരം തട്ടിത്തെറിപ്പിക്കാൻ മാവോക്ക് കഴിഞ്ഞില്ല എന്നതാണ് വസ്തുത. അതിന്റെ ഒരു സ്വാഭാവിക ഫലമാണ് ഇന്നത്തെ ചൈന.

പോളിഷ് തൊഴിലാളിവർഗ്ഗത്തിന്റെ കലാപം ഭാവിവികാസത്തെപ്പറ്റിയുള്ള ചിത്രം കൂടുതൽ സജീവമാക്കുന്നുണ്ട്. സാംസ്കാരികവിപ്ലവം എല്ലാം പരിഹരിച്ചു എന്ന ആത്മസംതൃപ്തി അലങ്കോലപ്പെടുന്നിടത്താണ് ഇന്ന് പോളണ്ട് ആരംഭിക്കുന്നത്. സംഘടിതവും സാമൂഹ്യവുമായ പുത്തൻ മൂല്യങ്ങളിലേക്ക് ഉയരാനുള്ള ഒരു ജനതയുടെ അഭിലാഷത്തിന് തടയിടാൻ ഒരു കപട സോഷ്യലിസ്റ്റ് വ്യവസ്ഥക്ക് കഴിയില്ല എന്ന് പോളണ്ട് കാണിക്കുന്നു. സാമൂഹ്യപീഡനം ധ്വന്യാത്മകമായ ബൗദ്ധിക പ്രതിഷേധമായി വികസിച്ച് തൊഴിലാളികളുടേയും മറ്റ് ആത്മശൈഥില്യം അനുഭവിക്കുന്ന വിഭാഗങ്ങളുടേയും കലാപമായി പരിണമിക്കുന്നതിന്റെ ഏറ്റവും പുതിയ രാഷ്ട്രീയചലനമാണ് പോളണ്ടിൽ നാം കാണുന്നത്. അവിടെ പാർട്ടിയിൽ ഒരു വിഭാഗത്തിന്റെ നേതൃത്വം ഈ ജനകീയ പ്രക്ഷോഭത്തെ സന്നിദ്ധമാക്കുന്നില്ല. സോളിഡാരിറ്റി വർഗ്ഗബോധത്തിന്റെ ഏറ്റവും ഉന്നതമായ മൂല്യമാണ് വിളംബരം ചെയ്യുന്നത്. ട്രേഡ്‌യൂണിയൻ അവകാശം ഉൾപ്പെടെയുള്ള "സംഘം ചേരാനുള്ള സ്വാതന്ത്ര്യം" എന്ന കാഴ്ചപ്പാടിലാണ് സോളിഡാരിറ്റി കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത്. ഇത് കേവലം അപ്പത്തിനുവേണ്ടിയുള്ള സമരമല്ല. സ്വാതന്ത്ര്യസങ്കല്പത്തെ സംബന്ധിച്ച മൂല്യങ്ങളുടെ അന്വേഷണമാണ്.

സാമ്പത്തികപുന:സംവിധാനത്തിന്റെ ചെപ്പടിവിദ്യകളോ, ഞുണുക്കുവിദ്യകളോ കൊണ്ട് കേവലമായ സാമൂഹ്യപരിഹാരം തെരയുന്ന രീതി മാർക്സിസമല്ല. അതുകൊണ്ട് അത്തരക്കാർക്ക് ഇവിടെ കാര്യമായി ഒന്നും ചെയ്യാനുമില്ല. പോളണ്ടിന്റെ കാഷികോല്പാദനരംഗം സംവിധാനം ചെയ്യപ്പെട്ടതിന്റെ അശാസ്ത്രീയതയാണ് ഇന്നത്തെ 'കുഴപ്പ'ങ്ങൾക്കു കാരണം എന്ന വാദമുഖം ഉന്നയിക്കുന്നവരുണ്ട്, ഏറിയാൽ അതൊരു കാരണമായേക്കാം. എന്നാൽ പ്രശ്നങ്ങളുടെ അടിസ്ഥാനകാര്യം അതല്ല. ഇക്കൂട്ടക്ക് വലേസാ ഒരു മതഭക്തനാണ് എന്നത് അങ്ങേയറ്റത്തെ അറപ്പുളവാക്കുന്നു. ആത്മശോഷണം ഏർപ്പെട്ട ഒരു ജനത എത്തിപ്പിടിച്ച ഒരു ഊന്നുവടിയാണ് അവിടെ മതം. ദുരൂഹമായ ഒരു ആത്മീയസ്വാന്തനം അത് അവക്കു നല്കുന്നു എന്നതുതന്നെ സോഷ്യലിസത്തിന്റെ അപചയത്തെയാണ് കാണിക്കുന്നത്. 'ആത്മാവു നഷ്ടപ്പെട്ടവന്റെ ആത്മാവാണ് മതം' എന്നാണ് മാർക്സ് പറഞ്ഞിരിക്കുന്നത്. നഷ്ടപ്പെട്ടത് നേടിയെടുക്കാൻ സോഷ്യലിസത്തിനു കഴിഞ്ഞില്ലെങ്കിൽ അതിന് ബഹുജനങ്ങളെ കുറ്റപ്പെടുത്തരുത്. "ദൈവമേ നിന്നിൽ വിശ്വാസമില്ലായിരുന്നെങ്കിൽ, ഞാൻ എന്താകുമായിരുന്നേനെ." എന്ന് കേഴുന്ന വലേസായുടെ ആത്മാവിൽ ഒരു ഭൂഖണ്ഡത്തിലെ മുഴുവൻ കുഞ്ഞുങ്ങളും അലമുറയിടുന്നു. ഇത് ഒരുപക്ഷേ അഭിലഷണീയമായ കാര്യമായിരിക്കില്ല. എന്നാൽ വസ്തുത അതാണ്.

'സോഷ്യലിസ'ത്തിനു കീഴിൽ ബഹുജനപ്രക്ഷോഭം എന്തു രൂപമായിരിക്കും കൈക്കൊള്ളുക എന്നതിന്റെ പരീക്ഷണവും പോളണ്ടിൽതന്നെ നടക്കുന്നു. അടിയന്തിരമായി അധികാരം പിടിച്ചെടുക്കലിന്റെ കാഴ്ചപ്പാടൊന്നും സോളിഡാരിറ്റിയെ നയിക്കുന്നില്ല. മറിച്ച് 'സോഷ്യലിസ്റ്റ് ചേരിയിൽ' ഇന്ന് മറ്റേതൊരു രാജ്യത്തേക്കാളുമുപരി ബഹുജനപങ്കാളിത്തത്തോടുകൂടിയ പ്രക്ഷോഭം സംഘടിപ്പിക്കാൻ സോളിഡാരിറ്റിക്കു കഴിഞ്ഞിട്ടുണ്ട്. സോളിഡാരിറ്റിക്കുള്ളിലെ വിവിധ ധാരണകളെ വിലയിരുത്തി ഏതെങ്കിലുമൊന്നിനെ പിന്തുണക്കാൻ ധൃതിപിടിക്കുന്നവരുണ്ട്. വലേസയെ മിതവാദിയെന്നധിക്ഷേപിക്കുന്നവർ. എന്നാൽ വിധ്വംസാത്മകമായ ഒരു എടുത്തുചാട്ടത്തിന് പോളണ്ടിൽ എന്തു പ്രസക്തിയാണ് ഉള്ളതെന്ന കാര്യം രണ്ടു തവണ ചിന്തിക്കേണ്ടിയിരിക്കുന്നു. അടിമുടി സായുധമായ ഒരു സൈനീക സ്വേച്ഛാധിപത്യത്തിനെതിരായുള്ള അത്തരം സംരംഭങ്ങൾ ചോരയിൽ മുങ്ങിമരിക്കുകയേയുള്ളുവെന്ന് ഹംഗറിയും ചെക്കോസ്ലോവാക്യയും കാട്ടുന്നു. നീതിക്കുവേണ്ടി മുട്ടുകുത്തി നില്ക്കുന്ന ഒരു ജനതയിൽ നിന്നായിരിക്കാം മഹാവിപ്ലവത്തിന്റെ കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുന്നതെന്നും കരുതുന്നതിൽ പിന്തിരിപ്പനായൊന്നുമില്ല.

പോളണ്ട് ഇത്രയേ പറയുന്നുള്ളു: മനുഷ്യൻ പരാജയപ്പെടുന്നില്ല; അതുകൊണ്ടുതന്നെ കാറൽമാർക്സ് (1818-1883) എന്ന ജമ്മൻ ദാർശനികന്റെ സമഗ്രമനുഷ്യനെപ്പറ്റിയുള്ള കാഴ്ചപ്പാടും... 0

> മനുഷ്യന്റെ ആന്തരിക സത്തയെ ഒരു സജീവ ദാർശനിക പ്രശ്നമായി ഉയർത്തിക്കൊണ്ടു വരുന്നതിന് പ്രയോഗിക്കപ്പെട്ട മാർക്സിസത്തിന്റെ പാരമ്പര്യം ഒരു വലിയ വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. ജീവിക്കുന്ന യാഥാർത്ഥ്യങ്ങൾക്കുമേൽ 'സോഷ്യലിസ്റ്റ് പാരമ്പര്യം' കെട്ടിയേൽപ്പിച്ച ദുസ്സഹമായ ഭാരം തട്ടിത്തെറിപ്പിക്കാൻ മാവോക്ക് കഴിഞ്ഞില്ല എന്നതാണ് വസ്തുത. അതിന്റെ സ്വാഭാവിക ഫലമാണ് ഇന്നത്തെ ചൈന.

അഹല്യ

ഗ്രീഷ്മാന്തരങ്ങളിൽ സ്തുതിഗീതങ്ങളുമായി
ആയിരങ്ങൾ നിലവിളിക്കുകയാണിപ്പോൾ
ചുടലക്കണ്ണീരിൽ ചെറുമക്കൾ കൈകാലുകൾ
കഴുകുകയും

കാലത്തിന്റെ മരവിപ്പിൽ ഉണ്ണികൾ
ആത്മഹത്യകൊരുങ്ങുകയും ചെയ്യുന്നു.
പണിമുടക്കുകൾ ലേവലേസയുടെ നാടിനെ
പൊള്ളിച്ചപ്പോൾ

സൂര്യന്റെ കറുത്ത രശ്മികൾ ഉണങ്ങി ദ്രവിക്കയും
വാഴ്സയിൽ ചേതന ഊറ്റിക്കുടിക്കപ്പെട്ട
ജഡക്കമ്പോളങ്ങളുടെ

ആണ്ടുബലികളും, എരിഞ്ഞടങ്ങിയ
കർപ്പൂരക്കട്ടകളും കുന്നുകൂടുകയും ചെയ്യുന്നു.
മരിച്ചവർജന്മാന്തരങ്ങളിൽ പഴിപറയുകയും
മരിക്കാത്തവർ മരണത്തിന്റെ രൂപവും നിറവും
കണ്ട് വ്യാകുലപ്പെടുകയും ചെയ്യുന്നു

ഇവിടെ ഞങ്ങൾ ആയിരം അഹല്യമാർ മോക്ഷം
കാത്തിരിക്കുന്നു.

പോളണ്ട്, നീ ജയിലറകളുടെ പാതിരാ-
നിശ്വാസങ്ങളായതും
ഖനിത്തുരവുകളിൽ പൊന്തിയ കോടക്കാറിൽ
ഞാന്നുലായ് വലിഞ്ഞിഴഞ്ഞതും
ഇന്നലെകളുടെ മാളങ്ങളിൽ നിന്റെ മക്കൾ
ഒളിയമ്പേറ്റുവീണതും
സോഷ്യലിസത്തിന്റെ വേദാന്തങ്ങൾ നിന്റെ
മുമ്പിൽ കരിഞ്ഞുതീർന്നതും
ആയിരം കാതം അകലെ നിന്ന്
ഒച്ചപ്പാടുകളും ആക്രന്ദനങ്ങളും ഉള്ള എന്റെ
നാട്ടിൽ നിന്ന്

ഞാൻ തിരിച്ചറിയുന്നു.
ഹോ! പോളണ്ട്
നിന്റെ തലച്ചോറിൽ ഭ്രാന്തിന്റെ
ബീജങ്ങളും
നിന്റെ സോഷ്യലിസത്തിൽ മരണ
വീട്ടിലെ മുറവിളിയുമാണ്.
രക്തസാക്ഷികൾ നിന്റെ മീമാംസകളുടെ
ആദിപാഠങ്ങൾ കേട്ട്
നിന്റെ പനിനീരിൽ വിഷം
കലർന്നിരിക്കുന്നുവെന്നും
കാലം നിന്നെ കറുത്തുണി ഉടുപ്പിച്ചിരി
ക്കുന്നുവെന്നും പറഞ്ഞു.

ഹോ! പോളണ്ട്
ഇന്നു നീ, ആത്മസ്പന്ദനങ്ങളുടെവേലിയേറ്റത്തിൽ
കണ്ണുകളിൽ ചുടുബാഷ്പത്തിന്റെ നീറലായി
കാതുകളിൽ കരുതിക്കരവയായി
മരണം കാർന്നു തിന്നുന്ന തലച്ചോറായി
കറുത്ത പുകക്കുഴലുകളുടെ കാട്ടിൽ കിടന്ന്
പടയണി തുള്ളുകയാണ്.

സുരേഷ്

ജനങ്ങൾ
തെററു
പററാത്തവരാണോ

എന്റെ അദ്ധ്യാപകൻ വെടിവെച്ചു
കൊല്ലപ്പെട്ടിരിക്കുന്നു.
അദ്ദേഹത്തിനു് ഉയരവും കരുണയുമുണ്ടായിരുന്നു
ജനകീയകോടതി അദ്ദേഹത്തെ ചാരനെന്നു
വിധിച്ചു.
അദ്ദേഹത്തിന്റെ പേരിപ്പോൾഅഭിശപ്ത
മായിരിക്കുന്നു
അദ്ദേഹത്തിന്റെ പുസ്തകങ്ങൾ നശിപ്പിക്കപ്പെട്ടു
അദ്ദേഹത്തെപ്പററിയുള്ള സംസാരം
സംശയത്തോടെ അടിച്ചമർത്തപ്പെടുന്നു.
അദ്ദേഹം നിരപരാധിയാണെങ്കിലോ?

2

ലോകത്തിലെഏററവുംമഹത്തായസ്ഥാപനങ്ങൾ,
അദ്ദേഹത്തെ കുററവാളിയെന്നു വിധിച്ചു.
ലോകത്തിലെ ഏററവുംമഹത്തായസ്ഥാപനങ്ങളും
തൊഴിലാളികളുടെ വ്യവസായശാലകളും
കൂട്ടുകൃഷിക്കളങ്ങളും,
അദ്ദേഹത്തെ ശത്രുവായി മുദ്രകുത്തിയിരിക്കുന്നു.

ബെർതോൾട്ട്ബ്രെഹ്റ്റ്

അദ്ദേഹത്തിനുവേണ്ടി ഒരു ശബ്ദവുമുയർന്നില്ല
അദ്ദേഹം നിരപരാധിയാണെങ്കിലോ?

3

ജനങ്ങൾക്കൊട്ടേറെ ശത്രുക്കളുണ്ടു്
ഏററവുമുയർന്നസ്ഥാനങ്ങളിൽ ശത്രുക്കളിരിക്കുന്നു.
ഏററവും ഉപയോഗമുള്ള പരീക്ഷണശാലകളിൽ
ശത്രുക്കളിരിക്കുന്നു.
അവർ ഭൂഖണ്ഡങ്ങളുടെ മുഴുവൻ നന്മക്കായി
അണകളും തോടുകളും നിർമ്മിക്കുന്നു.
തോടുകൾ വരണ്ടുപോകുന്നു, അണകൾ
തകർന്നു വീഴുന്നു.
അതിന്റെ ചുമതലക്കാരനെ വെടിവച്ചുകൊല്ലുന്നു.
അയാൾ നിരപരാധിയാണെങ്കിലോ?

4

ശത്രു, വേഷംമാറി നടക്കുന്നു
അയാൾ തൊഴിലാളികളുടെ തൊപ്പിവലിച്ചിട്ടു്
കണ്ണുമൂടുന്നു.
അയാളുടെ സുഹൃത്തുക്കൾ അയാളെ അറിയുന്നതു്
ആത്മാർത്ഥതയുള്ള തൊഴിലാളിയായിട്ടാണു്
അയാളുടെ ഭാര്യ, ജനങ്ങളെ സേവിച്ചു് തേഞ്ഞു
തുളവീണ അയാളുടെ ഷൂസുകൾ കാണിച്ചുതരുന്നു
എന്നാലും അയാളൊരു ശത്രുവാണു്.
എന്റെ അദ്ധ്യാപകനുമവരിലൊരാളായിരുന്നോ?
അയാൾ നിരപരാധിയാണെങ്കിലോ?

5

ജനകീയകോടതിയിൽത്തന്നെ കയറിപ്പററി
യിരിക്കാവുന്ന
ശത്രുക്കളെക്കുറിച്ചു് പറയുന്നതേ അപകടമാണു്.
കാരണം, കോടതിക്കു അതിന്റെ മാന്യത
സൂക്ഷിക്കേണ്ടതുണ്ടു്
തെററ്, കറുപ്പും വെളുപ്പുമായിത്തെളിയിക്കുന്ന
രേഖകളാവശ്യപ്പെടുന്നതു് അസംബന്ധമാണു്.
കാരണം, അത്തരം രേഖകളാവശ്യമില്ല
കുററവാളികൾക്കു് അവരുടെ നിരപരാധിത്വ
ത്തിനു് തെളിവുകൾ തരാൻ കാണും.
നിരപരാധികൾക്കു് പലപ്പോഴും തെളിവുകൾ
തരാനാവില്ല
അപ്പോൾ മൗനംപാലിക്കയാണോ നല്ലതു്?
അയാൾ നിരപരാധിയാണെങ്കിലോ?

6

അയ്യായിരംപേർ കെട്ടിപ്പൊക്കിയതു്
ഒരാൾക്കു് തകർക്കാൻ കഴിയും
വിധിക്കപ്പെട്ട അമ്പതുപേരിൽ ഒരാൾ
തെററുചെയ്യാത്തവനായിരിക്കും.
അയാൾ നിരപരാധിയാണെങ്കിലോ?

7

അയാൾ നിരപരാധിയാണെങ്കിൽ
അയാളെങ്ങിനെ മരണം വരിക്കും?

(വിവ: സച്ചിദാനന്ദൻ)

മാർക്ക്ലിസ്ററ് അഴിമതികളെ കുറിച്ച് 'ഫ്രീഡംഫോറം' സംഘടിപ്പിച്ച ചർച്ചയിൽ അംഗീകരിക്കപ്പെട്ട പ്രമേയം

മററെല്ലാ സാമൂഹ്യമണ്ഡലങ്ങളിലുമെന്നപോലെ ഇന്ന് വിദ്യാഭ്യാസരംഗത്ത് അഴിമതിയുടെ അതിപ്രസരം സൃഷ്ടിച്ച വാർത്തകൾ ഞങ്ങളെ ആശങ്കാകുലരാക്കുന്നു. മാർക്ക്ലിസ്റ്റ് അഴിമതികൾ വരുന്ന തലമുറകളെപോലും ബാധിക്കുന്ന രൂക്ഷമായ ഒരു അവസ്ഥ സൃഷ്ടിക്കുന്നു. വിദ്യാഭ്യാസരംഗത്തിന്റെ ചുക്കാൻ പിടിക്കുന്നവരും മററ് ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവരും ഉൾപ്പെട്ട ഈ അഴിമതികൾ വിദ്യാഭ്യാസനിലവാരത്തിന്റെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുന്നു. ഉന്നതമായ ധാർമ്മികനിലവാരം ആവശ്യപ്പെടുന്ന ഒരു കർമ്മരംഗമാണ് അധ്യാപകവൃത്തി. എന്നാൽ വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കി മാററുന്നവരുടെ ഒരു മഹാഭൂരിപക്ഷമാണ് ഇന്ന് വിദ്യാഭ്യാസരംഗം. ഭാരതത്തിലെ പുരാതനസങ്കല്പങ്ങൾ മുതൽതന്നെ നാം പുലർത്തിപ്പോന്ന ഗുരു-ശിഷ്യബന്ധത്തിന്റെ ഉന്നതങ്ങളായ മൂല്യങ്ങൾക്ക് ഇവർ ആഘാതമേല്പിക്കുന്നു. വരുന്ന തലമുറകളുടെ വിധാതാക്കളായി വർത്തിക്കേണ്ടവരിൽ ഒരു ജനത അർപ്പിച്ചിരുന്ന വിശ്വാസത്തോടുള്ള വഞ്ചനയായി ഞങ്ങൾ ഈ അഴിമതികളെ കാണുന്നു. ഈ ഉന്നതസ്ഥാനീയരുടെ പൊയ്മുഖങ്ങൾ അഴിഞ്ഞുവീഴുന്ന ഘട്ടത്തിൽ പോലും ഭാവിയെക്കുറിച്ച് ആശങ്കപ്പെടുന്ന ഞങ്ങൾ താഴെപറയുന്ന ആവശ്യങ്ങളും അഭ്യർത്ഥനകളും മുന്നോട്ടുവെക്കുന്നു.

□ വിദ്യാഭ്യാസരംഗത്ത് നടന്ന അഴിമതികളിൽ വെളിവാക്കപ്പെട്ട ആക്കം തന്നെ, കൂടുതൽ തെളിവുകളുടെ അഭാവത്തിൽപോലും, ആ മണ്ഡലം ആവശ്യപ്പെടുന്ന ധാർമ്മികത ഇല്ലെന്ന് വെളിവാക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇവരാരുംതന്നെ സർവീസിൽ തിരികെ പ്രവേശിപ്പിക്കപ്പെട്ടുകൂടാ.

□ അധ്യാപകരുടെ കച്ചവടാടിസ്ഥാനത്തിലുള്ള പ്രൈവററ് ട്യൂഷൻ സമ്പ്രദായം കാര്യങ്ങൾ ഇങ്ങനെയൊരു പതനത്തിലെത്തിക്കുന്നതിൽ നല്ല പങ്കുവഹിച്ചിട്ടുണ്ട്. അതിനാൽ പ്രൈവററ് ട്യൂഷൻ സമ്പ്രദായത്തിനെതിരെ നടപടികളെടുക്കുക.

□ ധാർമ്മികബോധം നഷ്ടപ്പെട്ടിട്ടില്ലാത്ത സെനററ്മെമ്പർമാർ സെനററിൽനിന്നും രാജിവെയ്ക്കുക.

□ വ്യത്യസ്തരാഷ്ട്രീയ കക്ഷികളും സാംസ്കാരികസംഘടനകളും അധ്യാപകവിദ്യാർത്ഥി സംഘടനകളും ഈ അഴിമതികളോടെടുക്കുന്ന നിസ്സംഗതാഭാവത്തിൽ ഞങ്ങൾ ആശങ്കപ്പെടുകയും അവരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

കത്തുകളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു

○

എഡിററർ
സംവാദം
ആലപ്പുഴ-6

സംവാദം അടുത്തതിൽ

ഗറില്ലായിസത്തിൽ മുഖംപൊത്തിവീണ വിമോചനചിന്തകൾ

എവിടെയാണ് തെററുപററിയത്?

—അജിത

ജനകീയവിചാരണയും നക്സലൈററ് വിചാരണയും

നമ്മുടെ യുവാക്കൾ എങ്ങിനെ ചിന്തിക്കുന്നു?

—ഫീച്ചർ

എവിടെ വാഗ്ദത്തഭൂമി

(തുടർച്ച)

Printed and Published by P. N. Lenin at Lipee Press, Arpookara for Private Circulation only.